2014 ഒക്ടോബർ 22 മുതൽ നവംബർ 21 വരെ

വില 10 രൂപ

# നക്ഷത്രരാജ്യം

**The National, State, District, Village, Sports, Arts & Literature.**
**Cinema star news Malayalam Magazine**

**Cinema,**
**Sports,**
**Arts &**
**Literature**





ഈ ലക്കത്തിൽ
സിനിമ -നാടക കലാകരനും
ബാലുശ്ശേരി എം. എൽ.യുമായ
ശ്രീ പുരുഷൻ കടലുണ്ടിയെക്കുറിച്ച്
നക്ഷത്രരാജ്യം ലേഖകൻ എഴുതുന്നു.


യു.എ. ഖാദർ (ചെറുനോവൽ )
പി.ആർ നാഥൻ (വിചാരം)
എം.എസ്.കുമാർ (കഥ)
സുകുമാർ കുർക്കഞ്ചേരി (ലേഖനം)
മേലൂർ വാസുദേവൻ ( കവിത)
മനോജ് (ലേഖനം)
സി. കെ. രാഘവൻ (സയന്റിഫിക് സ്റ്റോറി
നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ (ലേഖനം)




മുഖചിത്രം
**സമീറ റെഡ്ഡി**
(ഫിലിംസ്റ്റാർ)

Since : 2008
Nakshathra Rajyam
(Monthly Magazine)
2014 October 22
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 53 Volume 6
Managing Editor, Publisher &
Owned by
**Nakshathrarajyam** E. Radhakrishnan
Edoli House, Kommeri P.O.
Kozhikode - 673007
Address
Managing Editor
NAKSHATHRA RAJYAM
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
Mob: 9744233997
9847649567
email: nakshathrarajyam@gmail.com
Layout:
BHAVANA GRAPHICS, Tali
Inside Art:
GIREESH MOOZHIPADAM
Cover
Amina Creations, Palazhi, Clt.
Price 10.00

## എഡിറ്റോറിയൽ



### ജനങ്ങൾക്ക് ചിരിക്കാൻ കെ. എസ്. ആർ. ടി. കോർപ്പറേഷൻ വകയും തമാശകൾ

കുറ്റം പറയരുതല്ലോ! രണ്ടാനചിഹ്നം നെഞ്ചത്തിലേറ്റി കേരളത്തിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും സഞ്ചരിക്കുന്ന കെ. എസ്. ആർ. ടി. സി കോഴിക്കോട് നഗരത്തിലുള്ള ജനങ്ങൾക്ക് പകൽ സമയം യാത്രാസൗകര്യം ഒരുക്കാൻ "പാവങ്ങാട്" ബോർഡും വെച്ച് നിത്യേന സർവ്വീസ് നടത്തി കോഴിക്കോട്ടുകാരെ ഹർഷപുളകിതാരാക്കുന്നുണ്ട്.

"കെ. എസ്. ആർ. ടി. സി വർക്ക് ഷോപ്പുകളിൽ ബോഡി നിർമ്മാണം നിലച്ചിട്ട് ഒന്നര വർഷം. അറ്റകുറ്റ പണികൾ തീർത്ത് ബ്രേക്ക് എടുക്കാൻ പോലും സാധിക്കാത്ത സാഹചര്യമാണ് കെ എസ്. ആർ. ടി. സിക്ക്. കോഴിക്കോട് മേഖല വർക്ക്ഷോപ്പിൽ വിവിധ ഡിപ്പോകളിലുള്ള 25 എൻജിനുകളും ഗിയർ ബോക്സുകളും റിപ്പയർ ചെയ്യാനാവാതെ കെട്ടികിടക്കുകയാണ്. ബോഡി നിർമ്മാണം നിലച്ചതോടെ വർക്കു ഷോപ്പുകളിലെ ദിവസകൂലികാർക്ക് മിക്ക ദിവസവും പണിയില്ലാതായി. കെ. എസ്. ആർ. ടി. സി. യിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുന്നു. താൽക്കാലിക ജീവനക്കാരുടെ ശമ്പളവും വിരമിച്ചവരുടെ പെൻഷനും ജീവനക്കാരുടെ ശമ്പളവും നൽകാൻ കെ. എസ്. ആർ. ടി. സി വീണ്ടും കോടികൾ വായ്പയെടുക്കുന്നു". കെ. എസ്. ആർ. ടി. സി യെ കുറിച്ചുള്ള പത്രവാർത്തകളും ചാനൽ റിപ്പോർട്ടുകളും പെരുകികൊണ്ടിരിക്കുകയാണ്. ഇതെല്ലാം കണ്ടും കേട്ടും കൊണ്ടിരിക്കുകയാണ് മലയാളികൾ. ഇത്തരത്തിലുള്ള അതി രൂക്ഷമായ ദാരിദ്ര്യത്തിനിടയിലാണ് സാധാരണ യാത്രക്കാരെ സേവിക്കാൻ കെ. എസ്. ആർ. ടി. സി "പാവങ്ങാട്ടേക്ക്" ട്രിപ്പ് തുടർന്നുകൊണ്ടിരിക്കുന്നത്. "പാവങ്ങാട്ട്"കാർക്ക് യാത്രചെയ്യാൻ പ്രൈവറ്റു ബസുകൾ കുറച്ചൊന്നുമല്ല സർവ്വീസ് നടത്തികൊണ്ടിരിക്കുന്നത്. അത്തോളി ഭാഗത്തേക്കും കണ്ണൂരിലേക്കും വടകര, തലശ്ശേരി, കുറ്റ്യാടി, എലത്തൂർ(സിറ്റി സർവ്വീസ്), കുണ്ടുപറമ്പ്(സിറ്റി സർവ്വീസ്) ഇങ്ങനെപോകുന്നു "പാവങ്ങാട്ട് " യാത്രാക്കാരുടെ യാത്രാസുഖസൗകര്യങ്ങൾ. ഇതിനിടയിലാണ് "പാവങ്ങാട്ടേക്കും കിടക്കട്ടെ കെ. എസ്. ആർ. ടി. സി ബസ്സ് ഒന്ന്" എന്നമട്ടിൽ കെ. എസ്. ആർ. ടി. സി കോർപ്പറേഷന്റെ പൊതുസേവനം. ജനങ്ങൾക്ക് ഊറിചിരിക്കാൻ വകയുള്ള തമാശകളിൽ മികച്ച ഒന്ന്. വെറുതെയാണോ ഉപ്പുതേച്ച കലംപോലെയാകുന്നതെന്ന് അതിൽ സുഖിച്ചു യാത്രചെയ്യുന്ന യാത്രക്കാരൻ പോലും ചോദിച്ചു പോകുന്ന മേൽത്തരം ജനസേവനം. സാമ്പത്തിക നഷ്ടം സഹിക്കുന്ന പൊതുജന സമൂഹത്തിന് ആരെകുറ്റപ്പെടുത്തണമെന്നറിയില്ലപോലും പ്രതികരിക്കാൻ. പ്രതികരണം കെ. എസ് ആർ. ടി. സി മാനേജ്മെന്റിനോട് വേണോ–? അതോ അതിൽ ജോലി ചെയ്യുന്ന ജീവനക്കാരോട് വേണോ–? യാത്രാക്കാരും മലയാളികളും നട്ടം തിരിയുകയാണെന്നാണ് പറഞ്ഞു വരുന്നത്. ഫാക്ടറിയായാലും വ്യവസായസംരംഭശാലയായാലും മോഡറൈസേഷനിലൂടെ ആ സംരംഭത്തെ വളർത്തി വലുതാക്കിയതായി കേട്ടറിവും നാട്ടറിവും നാട്ടുകാർക്കുണ്ട്. എന്നാൽ കെ. എസ്. ആർ. ടി.സി യെകുറിച്ച് ഇത്രയും കാലം അങ്ങനെയൊരു കേട്ടറിവോ നാട്ടറിവോ മലയാളിജനങ്ങൾക്കില്ലാതായിരിക്കുന്നു.

കെ.എസ്. ആർ. ടി. സി യെ രക്ഷപ്പെടുത്താനുള്ള മാർഗ്ഗം അങ്ങ് ആകാശത്തിലിരിക്കുന്ന ഈശ്വരസന്നിദ്ധിയിൽനിന്ന്

**(ശേഷം പേജ് 32ൽ)**

ചെറുനോവൽ

# പൂമരം പൂക്കില്ലത്ത് മാളിക



യു.എ. ഖാദർ

(രണ്ടാം ഭാഗം)

(കഴിഞ്ഞലക്കം തുടർച്ച)

ഇക്കാലത്ത് ഈ തറവാട്ടിൽ ജാനകിയമ്മ മാത്രമേ താമസമുള്ളു. ഒറ്റയ്ക്ക് എന്നു പറഞ്ഞുകൂടാ. വിളിക്കാനും പറയുവാനും വിളികേൾക്കുവാനും അനുസരിയ്ക്കുവാനും വാലിയക്കാരത്തികൾ എന്നു പറയാവുന്ന നാലഞ്ചുപേർ ഉണ്ട്. എട്ടുക്കെട്ടു പടിപ്പുര മാളികയിൽ എല്ലാമുറികളും തൂത്തുവാരി പെരുമാറിയില്ലെങ്കിലും, ഉമ്മറമുറ്റവും പൂമുഖവും നടുത്തളവും അടുക്കളയും ആൾപ്പെരുമാറ്റം ഉള്ളതായിരിക്കുമല്ലോ. അവിടെയൊക്കെ നേരാംവിധം അടിച്ചു തളിച്ച് മനുഷ്യർക്ക് പാർക്കാൻ പറ്റും വിധം വൃത്തിയാക്കിവെയ്ക്കണമെങ്കിൽ അതിനു പറ്റിയ തരം പണിക്കാരിത്തികൾ ഉണ്ടാവണം. അതിനേർപ്പാടുകൾ ഏതൊക്കെ, എന്തൊക്കെ, എങ്ങനെയൊക്കെയെന്നു നോക്കികണ്ടു ചെയ്യാനായുള്ള മനോഭാവമുള്ള സ്ത്രീകളെയാണ് ജാനകിയമ്മയ്ക്ക് സഹായികളായി വെച്ചിട്ടുള്ളത്. അവർ വരുന്നു. ജോലി ചെയ്യുന്നു. വിളിച്ചാലും പറഞ്ഞാലും കേൾക്കുന്നു. അനുസരിക്കുന്നു. ജാനകിയമ്മയ്ക്ക് ഈശ്വര കൃപയാൽ ഇപ്പോൾ യാതാൽലൊരുവിധ അസൗകര്യങ്ങളും ഇല്ല. തറവാട്ടിലെ മറ്റേയംഗങ്ങളെല്ലാം എങ്ങോട്ട് പോയി എന്നത് പറയണമെങ്കിൽ ഇത്രമാത്രമെ അതേപ്പറ്റി പറയുവാനൊള്ളു. തറവാട് ഭാഗം വയ്ക്കണം എന്ന നിലവന്നപ്പോൾ അങ്ങനെവേണം എന്ന് എല്ലാവരും ചേർന്ന് ശഠിച്ചപ്പോൾ അന്നത്തെ കാരണവർ പറഞ്ഞു: ശരി അങ്ങനെയാവാം. ഓഹരി വയ്ക്കാം. വസ്തു വഹകൾ പങ്കുവയ്ക്കുന്നതിൽ എതിർപ്പശേഷവും ഇല്ല. എന്നാൽ ഈതറവാടും അതിലെ ജംഗമങ്ങളും–? പിന്നെ തറവാട്ടു വീടിന്റെ വടക്കെ ദിശയിലെ പാമ്പിൻ കാവും സർപ്പദൈവങ്ങളും! അതാണു പ്രശ്നം. തറവാട്ട് കെട്ട് പൊളിച്ച് കല്ലും മണ്ണും മറ്റുരുപ്പടികളും വാങ്ങികൊണ്ടു പോകുന്ന മാപ്പിളമാർ നൽകുന്ന പണം നമുക്ക് ഓഹരി വയ്ക്കാം. എന്നാൽ പൂർവികരുറങ്ങുന്ന മണ്ണും പാമ്പിൻകാവും



കൈവിടുകയെന്നുപറഞ്ഞാൽ–

തറവാട്ടുകാരണവർ അത്രയും പറഞ്ഞ് നിർത്തിയപ്പോൾ അന്ന് ആ സദസ്സിൽ വച്ച് ജാനകിയമ്മയുടെ ഭർത്താവായ പ്രഭാകരവർമ്മ തമ്പുരാൻ ഇവ്വിധം ഉറക്കെ പറഞ്ഞുവത്രെ. ഒന്നും വിറ്റുമാറേണ്ട. വില നിശ്ചയിക്കാം. തറവാട് അതിലെ ഒരംഗമായ ജാനകിയുടെ പേരിലേക്ക് എല്ലാവരും തീറെഴുതിക്കോളു.

നീ പറഞ്ഞത് പൊന്നിന്റെ പകിട്ടുള്ള

ന്യായം എന്ന് തറവാട്ടു കാരണവർ സമ്മതിച്ചുവത്രെ. അങ്ങനെയാണ് ഭാഗപത്രം തയ്യാറാക്കിയതും എല്ലാ അവകാശങ്ങളും ജാനകിയമ്മയുടെ പേർക്ക് എഴുതിക്കൊടുക്കുന്ന തീരാധാരം രജിസ്റ്റർ ചെയ്തതും. പറഞ്ഞ പണം ഒരുറുപ്പിക പോലും കുറയ്ക്കാതെ എണ്ണിയൊപ്പിച്ചു അവകാശികൾക്ക് ഓരോരുത്തർക്കും നൽകി രജിസ്ട്രാർ മുഖാന്തിരം മുദ്ര കടലാസിൽ ഒപ്പു വച്ചു. അന്നു മുതൽ അംഗങ്ങൾ ഓരോരുത്തരായി തറവാട്ടിൽ നിന്നും വേറെ വേറെ വീടുകൾ വച്ച് ഇറങ്ങി പോയി. അന്ന് അങ്ങിനെപ്രഭാകരവർമ്മ തമ്പുരാൻ ഇടപ്പെട്ടതുകൊണ്ട് തറവാട് അന്യാധീനപ്പെടാതെ നിന്നു. നാഗങ്ങളും പൂർവ്വീകരും രക്ഷപ്പെടുകയുമുണ്ടായി. ഇങ്ങനെയുള്ള ഉത്തമനായ ഒരു പുരുഷൻ പൂമഠം പൂക്കില്ലത്ത് മാളിക പുരയ്ക്കൽ വലിയകണ്ടിത്തറവാട്ടിൽ വന്നുകയറാൻ ഹേതുവാരായിരുന്നു-?

പ്രഭാകരവർമ്മ തമ്പുരാൻ ആ പേര് പ്രകാരം സാക്ഷാൽ വലിയ കോയിത്തമ്പുരാൻ തന്നെയായിരുന്നു. തറവാട്ടു കാരണവർ കൃഷ്ണൻ നായർ പറയാറുള്ളത് തമ്പുരാനവർകൾ വെറും തമ്പുരാൻ മാത്രമല്ല ജന്റിൽമാൻ തമ്പുരാൻ എന്നാണ്. ഒരുനാൾ തറവാട്ടുസംബന്ധമായ ഏതോകേസ്സിന് കൃഷ്ണൻനായർ ഹൈക്കോടതിയിൽ പോയിരുന്നു. അന്നവിടെവെച്ചാണ് കണ്ടതും പരിചയപ്പെട്ടതും. ജഡ്ജി കേൾക്കേ അദ്ദേഹത്തെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്ന പ്രഭാകരവർമ്മയുടെ വാക്ചാരുതി, ചോദ്യങ്ങൾ ശരംപോലെ തൊടുത്തുവിട്ട് എതിർ ചേരിയിലുള്ള പ്രതിഭാഗത്തേയോ വാദിഭാഗത്തേയോ തരം പോലെ വിരട്ടുന്ന രീതി, എല്ലാം കൃഷ്ണൻനായർക്ക് രസിച്ചു. എന്തിനേറെപ്പറയുന്നു; ആചെറുപ്പക്കാരന്റെ പ്രസരിപ്പുനിറഞ്ഞ മട്ടും മാതിരിയുമെല്ലാം കാരണവർക്കു നന്നായി ബോധിച്ചു. മരുമകൾ ജാനകിയ്ക്ക് വേണ്ടി ആലോചിച്ചാലോ എന്ന് പെട്ടെന്ന് മനസ്സിലൊരു മിന്നൽ വീശിയത്രേ "ശുഭസ്യ ശീഘ്രം" എന്നാണല്ലോ പ്രമാണം എന്നാരോ ഉള്ളിൽ നിന്നു പറയുന്നതും കേട്ടത്രേ. ഹൈകോടതിയിൽ പ്രാക്ടീസ് നടത്തുന്ന ആ യുവാവിനെപറ്റി അന്നുതന്നെ അറിയേണ്ടതെല്ലാം അറിഞ്ഞു. തൃപ്പൂണിത്തുറക്കാരനാണ്. ഇപ്പോൾ ക്ഷയിച്ചു തുടങ്ങിയ കോവിലകങ്ങളിലൊന്നിലെ അംഗമാണ്. ധാരാളം കേസുകൾ കിട്ടുന്നുണ്ട്. ഹൈകോടതി വക്കീലമാരുടെയിടയിൽ നല്ല പേരും പെരുമയുമെല്ലാം ഉണ്ട്. ഒരു സ്വഭാവ ദൂഷ്യം എന്ന് എടുത്ത് കാണിക്കുവാനായിട്ടുള്ളത് മൂക്കിൽ ഇടക്കിടെ പൊടി കയറ്റുന്നുണ്ട് എന്നത് മാത്രമാണ്. എപ്പോഴുമല്ല ജഡ്ജിയുടെ മുന്നിൽ തന്റെവാദമുഖങ്ങൾ ഒന്നൊന്നായി അണിനിരത്തുമ്പോൾ ഇടയ്ക്കിടെ പിന്തിരിഞ്ഞ് നിന്ന് മൂക്കിൽ പൊടി വലിച്ചു കയറ്റി അസാരം സുഖമനുഭവിക്കും മട്ടിൽ ഒന്നു ചുമയ്ക്കും. ടവ്വൽ കൊണ്ട് മൂക്കിന്റെയറ്റം നന്നായൊന്ന് തുടച്ചിട്ടാണ് പിന്നീടുള്ള വാദമുഖങ്ങൾ എടുത്തുരയ്ക്കുക. ഇന്നത്തെ കാലത്ത് അതൊരു ദോഷമൊന്നുമല്ലല്ലോയെന്ന് കൃഷ്ണൻ നായർ സ്വയം പറഞ്ഞു. മനുഷ്യരാണല്ലോ നമ്മളൊക്കെ ഏറെ ചുഴിഞ്ഞാൽ എന്തെങ്കിലും നൊട്ട് നുണുക്ക് കുറ്റങ്ങളും കുറവുകളും ആർക്കായാലും ഉണ്ടാവുമല്ലോയെന്ന് സമാധാനിച്ചു. തൃപ്പൂണിതുറക്കാരനായ ചെറുപ്പക്കാരൻ വക്കീൽ മരുമകൾക്ക് ഏത് വിധത്തിലായാലുംന ന്നേചേരും എന്നു തന്നെയായി മനസ്സാകെ. അന്ന് തറവാട്ടിലെത്തിയപ്പോൾ ആദ്യം ചെയ്തത് ജാനകിയുടെ അമ്മയായ ദാക്ഷായണിയമ്മയെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുകയെന്ന കർമ്മമാണ്. ജാനകിയുടെ അച്ഛനും അന്നവിടെയുണ്ടായിരുന്നു. മൂപ്പരാണെങ്കിൽ ഉള്ളതും ഇല്ലാത്തതും സമം രാത്രിയിൽ ഭാര്യവീട്ടിൽ വന്നുകയറും. അറയിൽ കയറി വാതിലടയ്ക്കും. പുലരും വരെ ഉറങ്ങും. പ്രഭാതത്തിലുണർന്ന് കുളിയും ജപവും മറ്റുപരിപാടികളുമെല്ലാം കഴിച്ച് പടിപ്പുരയിറങ്ങി പോവുകയും ചെയ്യും. ഈ വക നേരമ്പോക്കുകൾക്കിടയിൽ മക്കൾ ആരൊക്കെ, എവിടെയൊക്കെ, എങ്ങനെയൊക്കെ എന്നയാതൊരു വിധത്തിലുള്ളതായ ഉത്തരവാദിത്തങ്ങളൊന്നും എടുക്കാറില്ല. പറഞ്ഞിട്ട് പ്രയോജനമില്ല. ഏതായാലും മകൾ കെട്ടുപ്രായത്തിലെത്തിനിൽക്കുന്നു എന്ന ആലോചനയുണ്ടോ ആവോ എന്നേ കൃഷ്ണൻ നായർ ചിന്തിച്ചിട്ടൊള്ളൂ. രണ്ടുപേരോടും അവർ ഇരുവരും കേൾക്കേ കൃഷ്ണൻ നായർ കാര്യം പറഞ്ഞു; മിടുക്കനായ വക്കീലാണ്. ഒരു നല്ല ചെറുപ്പക്കാരൻ. എന്റെ മര്യോൾ ജാനകിയ്ക്ക് അസ്സലായിട്ട് ചേരും ഹൈക്കോടതിയിൽ ജഡ്ജിയ്ക്ക് മുമ്പാകെ അദ്ദേഹം തന്റെ വാദ ഗതികൾ അണിനിരത്തി വാദിയ്ക്കുന്നത് കേട്ടാൽ ആരായാലും കേട്ടു നിന്നു പോകും. ആരാണിയാൾ എന്നു ചോദിച്ച് മൂക്കത്ത് വിരൽ വയ്ക്കുകയും ചെയ്യും. ചെറുപ്പം തൊട്ടെ കൊലകൊമ്പൻ വക്കീൽ എന്ന പ്രശസ്തി നേടിയിരിക്കുന്നു. പേര് പ്രഭാകരവർമ്മ. ഞാനന്വേഷിച്ചു. തൃപ്പൂണിതുറയിലെ ഏതോ കൊട്ടാരത്തിലെ കക്ഷിയാണ്. തമ്പുരാനാണ്. എല്ലാം ഞാൻ ഉദ്ദേശിയ്ക്കും വിധം നടന്നാൽ തന്റെ മകൾ രക്ഷപ്പെട്ടു എന്നാ എന്റെ മനസ്സു പറയുന്നത്. ജാനകി ഭാഗ്യവതിയാണ് അവളുടെ ജാതകം ബഹു കേമമാണെന്നറിയാമല്ലോ. നടക്കുകയാണെങ്കിൽ നമുക്കൊന്നുകൊണ്ടും യാതൊരു വിധത്തിലുള്ളതായ ആകുലതയും ഉണ്ടാവില്ലയെന്നാണ് എന്റെയുള്ളിൽ.എന്തുപറയുന്നു?"

അച്ഛനും അമ്മയും എന്തു പറയുവാനാണ്. പെങ്ങൾ ദാക്ഷായണിയമ്മ പറഞ്ഞു എല്ലാം വേണ്ടത് പോലെ ഏട്ടൻ നോക്കിയും കണ്ടും ചെയ്യും. എനിയ്ക്കത് മതി–

മതിയെന്ന് കൃഷ്ണൻ നായരും സമ്മതിച്ചു. അത്ര തന്നെ. പിന്നെയുള്ള കാര്യങ്ങളെല്ലാം പൂമഠം പൂക്കില്ലത്ത് മാളിക പുരയ്ക്കൽ വലിയ കണ്ടി തറവാട്ടിന്റെ നിലയ്ക്കും വിലക്കും യോജിച്ച തരത്തിൽ തന്നെയെല്ലാം നടന്നുവെന്ന് ചുരുക്കം.

ഭാര്യ ജാനകിയെ ഒരു തവണ മാത്രമേ ഭർത്താവിന്റെയൊപ്പം തൃപ്പൂണിത്തുറയിലെ കൊട്ടാരത്തിലേക്ക് പ്രഭാകരവർമ്മയവർകൾ കൂട്ടിക്കൊണ്ടു പോയിട്ടുള്ളു. പിന്നീട് കുറെ കൊല്ലങ്ങൾ ഹൈക്കോടതിയ്ക്കരികെ വാടക വീട്ടിൽ. ഇടയ്ക്കിടെ തറവാട്ടു വീട്ടിൽ. ശിഷ്ടക്കാലം തറവാട്ടു പതിവനുസരിച്ച് പൂമഠം പൂക്കില്ലത്ത് മാളികപുരയ്ക്കൽ വലിയകണ്ടി തറവാട്ടംഗങ്ങൾക്ക് ചേർന്ന വിധം ഭാര്യവീട്ടിൽ. ആഴ്ചയിലൊരിയ്ക്കൽ വിരുന്ന് പാർക്കാനെത്തുന്ന ഒരാളായി പ്രഭാകരവർമ്മ ബഹു കണിശക്കാരനായി എത്തും. ഹൈക്കോടതിയിൽ കേസുകളുമായി കെട്ടിമറിയുന്നതിനിടയിൽ ഭാര്യയെ കാൺമാനും വീട്ടുകാര്യങ്ങൾ യഥാവിധി ചർച്ചചെയ്യുവാനും അദ്ദേഹത്തിന് സമയവും സന്ദർഭവും നന്നേ കഷ്ടിയായിരുന്നു. എന്നാൽ ഒരു കാര്യം എടുത്തു പറയണമല്ലോ. തന്റെ എല്ലാതരം ബദ്ധപ്പാടുകൾക്കിടയിലും ജാനകിയമ്മയ്ക്ക് മാസ

ക്കുളിതെറ്റുകയും ഗർഭധാരണം ഉണ്ടാവുകയും പ്രസവാദി പീഢകൾ അനുഭവിക്കാൻ ഇടവരുത്തുകയും ചെയ്തിട്ടുണ്ട് ഭർത്താവായ പ്രഭാകര വർമ്മ തമ്പുരാൻ. ഹൈക്കോടതിക്ക രികെ താമസിയ്ക്കും ആദ്യകാലത്ത് മൂന്നു പ്രസവിച്ചു. തറവാട്ടു വീട്ടിൽ സ്ഥിരതാമസത്തിന് ഭാര്യയെ കൊണ്ടുവന്നാക്കിയശേഷം രണ്ടു തവണയും ജാനകിയമ്മ പെറ്റു. അഞ്ചാൺ മക്കൾ. അഞ്ചുപേരും കാൺമാൻ നല്ല മൊഞ്ച് തികഞ്ഞ ആരുകണ്ടാലും 'അഞ്ചിപ്പോകുന്ന' തരം മക്കൾ. അച്ഛനെപ്പോലെ മക്കളും. പ്രഭാകരവർമ്മയുടെ തനിപ്പ കർപ്പുകൾ. ആ ഭംഗിയും ആ ബുദ്ധി സാമർത്ഥ്യവും ഈശ്വര കൃപയാൽ ഒത്തുകിട്ടിയിട്ടുണ്ട്. അവർ അഞ്ചു പേരും വലിയ വലിയ പഠിപ്പുകൾ നേടി വലിയ വലിയ ഇടങ്ങളിലേയ് പാറിപ്പറന്നുപ്പോയി എന്നു പറ ഞ്ഞാൽ സകലതുമായി. ഇതിനിട യിൽ കാലം ആരേയും കാത്തു നിന്നില്ല എന്നാണ് പഴയ രീതിയിൽ ശരിയ്ക്കും പറയേണ്ടത്. കൃഷ്ണൻ നായരുടെ പിന്മാറ്റവും ശേഖരൻ നായരുടെ അപമൃത്യുവും പിന്നീട് വന്നവരുടെ ഭരണശേഷിക്കുറവും തറവാട്ടംഗങ്ങളെ വല്ലാതെ ഞെരുക്കി ക്കളഞ്ഞുവെന്നും, ഭാഗംവച്ച് ആ ഓ ഹരിയും കീശയിലാക്കി എങ്ങോട്ടെ ങ്കിലും മാറിപോകാമെന്നു തറവാട്ടംഗ ങ്ങൾ മോഹിച്ചു തുടങ്ങിയെന്നും പറ ഞ്ഞാൽ എല്ലാമായി. തറവാടു നിൽക്കുന്ന പറമ്പും എട്ടുകെട്ടുപു രയും അതിലെ ഇളകുന്നതും ഇളകാ ത്തതുമായ സകലമാനകുഴിക്കൂറ് ചമ യങ്ങളും ഭാര്യയുടെ പേരിൽ പ്രഭാ കരവർമ്മ തന്റെ സമ്പാദ്യ ത്തിൽനിന്നെടുത്ത് റൊക്കം പണം കൊടുത്തു വാങ്ങി അവൾക്ക് മാത്ര മായനുഭവിച്ചു കൊൾവാനായി ദാനം നൽകി എന്നുകൂടി പറഞ്ഞാൽ പൂർത്തിയായി. ഇനിയാണ് ജാനകിയ മ്മയുടെ കഥയാരംഭിയ്ക്കുന്നത്. തറ വാട്ടു പാരമ്പര്യമനുസരിച്ചുള്ള എല്ലാ ചിട്ടവട്ടങ്ങളും തറവാട്ടു വകയമ്പല ങ്ങളിലെ ഉത്സവാദികാര്യങ്ങളും സർപ്പക്കാവിലെ പൂജയും കൊല്ലത്താ ലുള്ള നാഗപ്പാട്ടു ഉത്സവഘോഷങ്ങളും അതിന്റെ സകല വിധത്തിലുള്ളതായ പകിട്ടുപത്രാസുകളോടെ തന്നെ യഥാകാലങ്ങളിൽ കൊണ്ടാടിയാടി ക്കാനും ജാനകിയമ്മ മുന്നിൽ നിന്നു. പിന്നിൽ ഒരാൺതുണയായി വക്കീൽ അവർകളും. മക്കൾക്ക് ഈവക കാര്യങ്ങളിലൊന്നും ഏറെ താൽപ്പര്യ മില്ല. അവരങ്ങു വിദേശങ്ങളിലുമാണ്. പഠിപ്പും പത്രാസും അവരവരുടെ കെട്ടിമറിച്ചിലുകളുമൊക്കെയായി മക്കൾ അഞ്ചുപേരും അങ്ങ് കണ്ണെ ത്താദൂരത്തുമാണ്. എങ്കിലും എല്ലാ ത്തിന്റെയും നടത്തിപ്പുകാരനായി പ്രഭാകരവർമ്മ കൂടെതന്നെയു ണ്ടല്ലോ. വക്കീൽപ്പണിയുടെ ബദ്ധപ്പാ ടിൽ ആഴ്ച്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമാണ് ഭാര്യവീട്ടിലേ ക്കുള്ള വരവെങ്കിലും അതുസന്തോ ഷപൂർവ്വം തുടരുകയായിരുന്നു. എന്നാൽ എല്ലാം നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും അങ്ങ് മുകളിൽ ഒരാൾ ഇരിക്കുന്നുണ്ടല്ലോ. അദ്ദേഹ മാണല്ലോ ഇനി പറയുവാനുള്ളത് ജാനകിയമ്മയുടെ ഒറ്റപ്പെടലിന്റെ കഥ യാണ്.

പ്രഭാകരവർമ്മ തമ്പുരാൻ അതി പ്രശസ്തനായ അഭിഭാഷക നായി അങ്ങനെകത്തിനിൽക്കുകയാ യിരുന്നു. കേസും കക്ഷികളും ഒഴിഞ്ഞ നേരമില്ല. ഏറ്റെടുക്കുന്ന കേസുകൾ മുഴുക്കെയും ജയിക്കുന്നു. വക്കാലത്ത് പ്രഭാകരവർമ്മ സ്വീക രിച്ചു എന്നറിഞ്ഞാൽ ആ ഭാഗം വിജ യമുറപ്പിയ്ക്കാമെന്നുവരെയെത്തി കാര്യങ്ങൾ. പക്ഷെ പ്രഭാകരവർമ്മ വക്കാലത്ത് സ്വീകരിക്കണമെങ്കിൽ ചില ചിട്ടകൾ അനുവിടപാലിക്കണ മെന്നതാണ് നിർബന്ധം. ആയത് കേസിന്നാസ്പദമായ വസ്തുതകൾ ഒന്നും മറച്ചുവെക്കാതെ വക്കീലി നോട് തുറന്നു പറയണം. വക്കീലി നോടും ഡോക്ടറോടും എല്ലാം തുറന്ന് പറയണമെന്നാണല്ലോ പഴ മൊഴി. നിങ്ങൾ ഡോക്ടറോട് കള്ളം പറഞ്ഞാലും വേണ്ടില്ല കേസ് ജയിക്ക ണമെങ്കിൽ സംഭവിച്ചത് എന്താണോ അതേപടി അതങ്ങ് വിശദീകരിച്ചു കൊടുക്കണം. ഒരാളെ നിങ്ങൾ കൊലചെയ്തിട്ടാണ് പ്രഭാകരവർമ്മ യുടെയടുത്ത് വരുന്നതെങ്കിൽ ആയത് അദ്ദേഹത്തോട് തുറന്നു പറ യണം. അത് ചെയ്യാൻ ഇടയായ സാഹചര്യവും വിശദീകരിക്കണം. ബാക്കി അദ്ദേഹം, എന്താണോ എപ്ര കാരത്തിലൊക്കെയാണോ ചെയ്യേണ്ട ത് എന്നദ്ദേഹത്തോട് പറയേണ്ടതാ യിട്ടില്ല. പ്രഭാകരവർമ്മ എല്ലാം മൂളി കേൾക്കുകയേയൊള്ളൂ. വക്കാലത്ത് സ്വീകരിച്ചു കൊൾവാൻ ഗുമസ്ത നോട് പറഞ്ഞാൽ ഒന്നു തീർച്ചയായി; നിങ്ങൾ കൊലക്കയറിൽ നിന്നു രക്ഷ പ്പെട്ടു എന്നത്. ആശ്വാസത്തോടെ ശിഷ്ടജീവിതം നയിക്കാം. കേസും കോടതിയും തെളിവുണ്ടാക്കലും എല്ലാം വക്കീലിന്റെ നടപെടി ക്രമ ങ്ങൾ. അതിനാൽ നാട്ടിലെല്ലാ വർക്കും ഒരഭിപ്രായം പ്രഭാകരവർമ്മ അഡ്വക്കേറ്റിനെകുറിച്ചുണ്ടായി. വർമ്മാജി ഏറ്റെടുത്താൽ നിങ്ങൾ ക്കാരെയും കൊല്ലാം. കൊന്നുകു ഴിച്ചു മൂടാം. ആരെയും പേടിക്കേണ്ട തില്ല. ഈ വിധത്തിൽ പ്രഭാകരവർമ്മ തമ്പുരാൻ കത്തിത്തിളങ്ങി നിൽക്കുന്ന കാലത്താണ് പെട്ടന്നൊ രുനാൾ എല്ലാത്തിനും ഒരു പൂർണ്ണവി രാമം എന്നനിലയ്ക്ക് അത് സംഭവി ച്ചത്. തന്റെ കക്ഷിയുടെ ഭാഗത്തുള്ള ന്യായങ്ങൾ ഓരോന്നും ഇഴപിരിച്ചു വേർതിരിച്ച് എണ്ണിയെണ്ണി നിരത്തുക യായിരുന്നു. സംഭവത്തിൽ തന്റെ കക്ഷി ഇടപെടുകയോ അതിൽ ഭാഗ ഭാക്കാവുകയോ ചെയ്തിട്ടില്ലെന്ന് യുക്തിസഹിതം എടുത്ത് വാദിയ്ക്കു കയായിരുന്നു പ്രഭാകരവർമ്മ. കൂട്ടിൽ നിൽക്കുന്ന എതിർ ഭാഗംപ്രതിയുടെ നേരെ വിരൽചൂണ്ടി അദ്ദേഹം എന്തോ എടുത്തുചോദി യ്ക്കുകയായിരുന്നുവത്രേ. കൂട്ട ത്തിൽ വക്കീലവർകൾ ദൈവമുണ്ടോ എന്നുറയ്ക്കേ കക്ഷി കേൾക്കാൻ വിധത്തിൽ ചോദിച്ചുവത്രേ. അന്നു കൂട്ടിൽ നിൽക്കുന്നയാൾ തലയാട്ടു ന്നതു കണ്ടു. തലയാട്ടിയാൽ പോരാ ഉണ്ടോ ഇല്ലയോയെന്ന് വ്യക്തമാക്ക ണമെന്നായി പ്രഭാകരവർമ്മ വക്കീൽ. എന്തും വരട്ടെയെന്ന മട്ടിൽ കൂട്ടിൽ നിൽക്കുകയായിരുന്ന പ്രതി ഉറക്കെ, ജഡ്ജിയുടെ മുഖത്തേക്ക് ദയനീയ മായി നോക്കി ദൈവം തമ്പുരാൻ ഉണ്ട് എന്ന് വിറയാർന്ന സ്വരത്തിൽ മൊഴിയുന്നത് കോടതി മുറിയിൽ അപ്പോഴുണ്ടായിരുന്ന സകല മാനജനങ്ങളും കേട്ടു. ഈരംഗം എല്ലാവരും പ്രത്യേകമായി ഓർക്കു വാൻ കാരണം. ആ മറുപടി കേൾക്ക യായിരുന്ന പ്രഭാകരവർമ്മയുടെ ചൂണ്ടിയ കൈകൾ പെട്ടെന്ന് താഴ്ന്നുവത്രെ. പിന്നെ കോടതി മുറി യിൽ കാണുന്ന കാഴ്ച പ്രഭാകര വർമ്മയെന്ന അതി പ്രശസ്തനായ അഭിഭാഷകന്റെ വീഴ്ചയാണ്. മുഖത്തു നിന്ന് കണ്ണട മേശപ്പുറ ത്തേക്ക് ഊർന്നുവീഴുന്നു. മുഖം മഞ്ഞളിക്കുന്നു. കറുത്ത ഗൗണി ന്റെയും, കഴുത്തിൽ തൂക്കിയ വെളുത്ത ബോയുടേയും തിളക്ക ത്തിലും മുഖത്തും ദേഹത്തുമൊഴി കിയ വിയർപ്പുചാലുകൾ ഏവർക്കും വ്യക്തമായി കാണാം. നിരന്നിരിയ്ക്ക യായിരുന്ന സഹപ്രവർകൻന്മാരും അഡ്വക്കേറ്റുമാരും കോടതി മുഴു

പ്രശാന്ത് ഓഡിറ്റോറിയം കുന്നുമ്മൽ മലപ്പുറം ജില്ല

# ചിത്രരശ്മി ബുക്ക്സ് സാഹിത്യ പ്രകാശനം

നക്ഷത്രരാജ്യം ലേഖകൻ




മിത്രരശ്മി ബുക്ക്സ് പ്രസിദ്ധികരിച്ച "കവിതാസമാഹാരം" (വാസു അരീക്കോട്) കവിത, "റോസാദളങ്ങൾ ചുവന്നപ്പോൾ, (റമീഷ ബക്കർ) നോവൽ, പുസ്തക പ്രകാശനം 2014 സെപ്തംബർ 14 ഞായറാഴ്ച 10 മണിക്ക് മലപ്പുറം കുന്നുമ്മൽ പ്രശാന്ത് ഓഡിറ്റോറിയത്തിൽ വെച്ച് പ്രശസ്ത എഴുത്തുകാരൻ ശ്രീ. അശോകൻ പുത്തൂർ നിർവ്വഹിച്ചു. പ്രശസ്ത സാഹിത്യകാരൻ ഇബ്രാഹിം ബി.കെ, ചെറുകഥാകൃത്തും നാടക രചയിതാവും സംവിധായകനും നക്ഷത്രരാജ്യം മാസിക മാനേജിംഗ് എഡിറ്ററുമായ നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ എന്നിവർ ശ്രീ. അശോകൻ പുത്തൂരിൽ നിന്ന് പുസ്തകങ്ങൾ ഏറ്റുവാങ്ങി. തദവസരത്തിൽ മലയാളത്തിലെ പ്രമുഖ സാഹിത്യകാരും രഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിലെ വ്യക്തിത്വങ്ങളും സദസ്സിൽ സന്നിഹിതരായിരുന്നു. പുസ്തക പ്രകാശത്തിനു ശേഷം കവിയരങ്ങിൽ പ്രശസ്ത കവികളായ പി.എസ്. വിശ്വൻ അരീക്കോട്, വാസു അരീക്കോട്, അശോകൻ പുത്തൂർ, ബി.കെ. ഇബ്രാഹിം മൂർക്കനാട്, മുരളീധരൻ പന്തല്ലൂർ, ഉമ്മർകുട്ടി എം, ടി.എ. മടയ്ക്കൻ, ചെമ്മന്നിയോട് ഹരിദാസൻ, മീര പുഷ്പരാജൻ, പരിമള, ബി. വി. കെ. ജമീല, പി.സി. രാജലക്ഷ്മി എന്നിവർ കവിതകൾ അവതരിപ്പിച്ചു. കവിയരങ്ങ് ഉദ്ഘാടനം ശ്രീമതി ആശാ രമേഷ് കവിത അവതരിപ്പിച്ചുകൊണ്ട് നിർവ്വഹിച്ചു. സദസ്സിലെത്തിയവർക്ക് ചിത്രരശ്മി ബുക്ക്സ് മാനേജിംഗ് എഡിറ്ററും ഓണറുമായ ശ്രീ മിഥുൻ മനോഹർ നന്ദി പ്രകാശിപ്പിച്ചു. കാർട്ടൂണിസ്റ്റ് ഗിരീഷ് മൂഴിപ്പാടം ചടങ്ങുകൾ നിയന്ത്രിച്ചു.

## ചിത്രരശ്മി ബുക്സ് പുസ്തക പ്രകാശനം



പ്രശസ്ത സാഹിത്യകാരൻ
പി.ആർ. നാഥൻ പുസ്തകം പ്രകാശനം ചെയ്യുന്നു.

വൈ.എം.എ. ഹാൾ, അരീക്കോട്, മലപ്പുറം ജില്ല

കവിയും സിനിമാഗാനരചയിതാവുമായ ശ്രീ വാസു അരീക്കോടിന്റെ കവിതാസമാഹാരം "മൗനനൊമ്പരം" പുസ്തക പ്രകാശനം 09-10-2014 വ്യാഴം 3 മണിക്ക് അരീക്കോട് വൈ.എം.എ ഹാളിൽ പ്രമുഖ സാഹിത്യകാരൻ രാജൻ കരുവാരകുണ്ടിനു ആദ്യ പ്രതി നൽകികൊണ്ട് പ്രശസ്ത സിനിമാതിരകഥാരചയിതാവും സാഹിത്യകാരനും വാഗ്മിയമായ ശ്രീ. പി. ആർ. നാഥൻ നിർവ്വഹിച്ചു. ചടങ്ങിൽ അഡ്വ. കിഴിശ്ശേരി പ്രഭാകരൻ, അഡ്വ. സി വാസു, സുപ്രസിദ്ധ മാപ്പിളപ്പാട്ടു ഗായകനും സംഗീത സംവിധായകനുമായ കെ. വി. അബുട്ടി, മജീഷ്യനും സിനിമാ തിരകഥാകൃത്തുമായ സതീഷ് ബാബു മഞ്ചേരി, സിനിമാ സംഗീത സംവിധായകൻ ആനന്ദ്കൃഷ്ണ, അഡ്വ. കേശവൻ നായർ, അഡ്വ. പി. വി. മനാഫ്, വൈ. എം. എ സെക്രട്ടറി എം. ടി. മുസ്തഫ, ചിത്രരശ്മി ചീഫ് എഡിറ്റർ മിഥുൻ മനോഹർ, നക്ഷത്രരാജ്യം മാനേജിംഗ് എഡിറ്റർ ഇ. രാധാകൃഷ്ണൻ തുടങ്ങി രാഷ്ട്രീയ രംഗത്തേയും കലാസാംസ്കാരിക രംഗത്തേയും പ്രമുഖ വ്യക്തികൾ പങ്കെടുത്തു.

ക്കെയും പെട്ടെന്നെന്ത് ചെയ്യാനാവു മെന്നറിയാതെ അന്തം വിട്ട് പകച്ച് ഒരു നിമിഷം അങ്ങനെവിറങ്ങലിച്ചു നിന്നു പോയി. ഇതിനിടയ്ക്ക് സംഭവി ക്കേണ്ടതെന്താണോ അത് സംഭവിച്ചു കഴിഞ്ഞിരുന്നു. മുകളിലിരുന്ന് ചരടു വലിക്കുന്നവന് ഒരു നൊടിയിടയിൽ ചെയ്ത് തീർക്കാവുന്നതാണല്ലോ സമസ്ത സംഭവ വികാസങ്ങളും!. ഈ പരാക്രമങ്ങൾക്കിടയിൽ ആരൊക്കെയോ ആശുപത്രിയി ലേക്ക് പ്രഭാകര വർമ്മയെ താങ്ങിപ്പി ടിച്ച് കൊണ്ടുപോവുന്നു. ആംബു ലൻസ് ഓടുന്നു. നഗരത്തിലെ എല്ലാ വിധ ആധുനിക സജ്ജീകരണങ്ങളും ക്രമീകരിച്ച ആശുപത്രിയുടെ അത്യാ ഹിത വിഭാഗത്തിലെ വിദഗ്ദരായ ഡോക്ടർമാരുടെ മുമ്പാകെ പ്രഭാകര വർമ്മയെന്ന അതിപ്രശസ്തനായ അഭിഭാഷകൻ പരീക്ഷണ വിധേയ നായി കിടക്കുന്നു. കനത്ത നിശബ്ദത യിലും പ്രതിക്കൂട്ടിൽ നിൽപ്പായിരുന്ന വന്റെ ദയനീയ സ്വരം കാതിൽ പ്രതി ധ്വനിക്കുന്നതായി കോടതിയിലും ആശുപത്രിയിലും ഉണ്ടായിരുന്ന ചില സുഹൃത്ത്ക്കൾക്ക് തോന്നിയ ത്രേ. ഉണ്ട് ദൈവം ഉണ്ട്, ഡോക്ടർമാർ നാഡിസ്പന്ദനം പുനഃസൃഷ്ടിക്കാന റിഞ്ഞു കൂടാതെ നിസ്സഹായരായിരു ന്നു. അവർക്ക് ഒന്നും തന്നെ ഉറപ്പിച്ചു പറയുവാനും പറ്റിയില്ല. കൈമ ലർത്തുകയല്ലാതെ.

പൂമഠം പൂക്കില്ലത്ത് മാളിക പ്പുരയ്ക്കൽ വലിയക്കണ്ടിത്തറവാ ട്ടിന്റെ പടിപ്പുരയ്ക്കകത്ത് നാട്ടിലെ സമസ്ത വിഭാഗങ്ങളിലും വിരാജി യ്ക്കുന്ന വേണ്ടപ്പെട്ടവരും വമ്പ ന്മാരും അവരുടെ വില കൂടിയതരം മോട്ടോർ വാഹനങ്ങളിൽ എത്തി. അന്ത്യകർമ്മങ്ങൾക്ക് സാക്ഷ്യം വഹി ക്കാൻ എത്തിയില്ലെങ്കിൽ, മാധ്യമ ങ്ങൾ അവിടെയന്ന് സന്നിഹിതരായ പ്രമാണിമാരുടെയെല്ലാം പേരുകൾ വേർതിരിച്ചു പറയുന്ന കൂട്ടത്തിൽ പെടാതെപോവുമല്ലോ. അതിന്നിട വരുത്തേണ്ടതില്ലായെന്നതുകൊണ്ടു കൂടിയാണ് എല്ലാവരും യഥാസമയം വന്നത്. വർമ്മാജി അവർകളുടെ മൃത ശരീരം നടുത്തളത്തിലെ വെറും നിലത്ത് മലർത്തിക്കിടത്തിയിട്ടുണ്ട്. നാളികേര ദീപങ്ങൾ എരിയുന്നുമു ണ്ട്. ഭാര്യയും തറവാട്ടംഗങ്ങളിൽ കുറേ പേരും മൃതദേഹത്തിന്റെ തൊട്ടരികെ ഖിന്നരായിരിപ്പുണ്ട്. സ്വാഭാവികമായും ഏറെ ദുഃഖിത ജാനകിയമ്മയാണ്. എടുത്തുപറ യേണ്ട ഒരു സംഗതിയെന്താ ണെന്നുവച്ചാൽ തൃപ്പൂണിത്തുറയിൽ നിന്നും വന്നെത്തേണ്ട ബന്ധുജന ങ്ങൾ ഓരോരുത്തരായി വരുന്നതേയു ള്ളു. എന്നാൽ പ്രഭാകരവർമ്മയുടെ സഹോദരങ്ങളിൽ ചിലർ വന്നിട്ടേയി ല്ല. അവർ എന്തോ കുടുംബപരമായ വഴക്കുകൾ മനസ്സിൽനിന്ന് പുകയുന്ന തിനാലാണത്രെ വന്നിട്ടില്ല. വക്കീല ന്മാർക്കും വിരോധികൾ കാണുമല്ലോ. അങ്ങിനെവാശിയും വൈരാഗ്യവും വന്നിരിയ്ക്കുന്നവരെ അവരുടെ വരവും പ്രതീക്ഷിച്ച് കാത്തിരിക്കേ ണ്ടതില്ലല്ലോ. എന്നാൽ ഉദകക്രിയ കൾക്ക് മക്കൾ എത്തണമല്ലോ. ആരോ ചോദിയ്ക്കുന്നു. "അമേരിക്ക യിലേക്ക് മക്കളെ വിവരം അറിയിച്ചി ല്ലേ?."

"അപ്പോഴേ അറിയിച്ചു കഴിഞ്ഞു. അവരെത്തും-" ഒരാളുടെ മറുപടി.

ഇന്നത്തെ അവസ്ഥയല്ല. കാലവുമല്ല. ഇത് വിരലിലൊന്ന് ഞെക്കുകയേ വേണ്ടൂ. ഉദ്ദേശിയ് ക്കുന്ന ആൾ നമ്മുടെ കൈയ്യെത്തും ദൂരത്തായി. സംസാരിക്കാം. എന്താ യുക്തമെന്നു ചോദിച്ച് അന്നേരം തന്നെ പ്രതിവിധിയുണ്ടാക്കാം. കുറച്ച് കൊല്ലങ്ങൾക്ക് മുമ്പത്തെ അവസ്ഥ അങ്ങിനെയല്ലല്ലോ. മക്കൾ വരുമെന്ന റിയിച്ച നിലക്ക് അവരിലാരെങ്കിലും ഒരാൾ എത്തുന്നതുവരെ കാത്തുനിൽക്കണം. വിമാനം എത്തി യാൽ തന്നെ അവിടുന്നിങ്ങോട്ടുള്ള വാഹനത്തിന്റെ കാര്യമാണ് ഏറെ കഷ്ടം. വാഷിംഗ്ടണിൽ നിന്ന് കൊച്ചി യിലേക്കോ ബോംബെയിലേക്കോ വിമാനത്തിലെത്തിയാലും നാടുപൂക ണമെങ്കിൽ മണിക്കൂർ എത്രനീളും- ? ഒരു നിശ്ചയവുമില്ല. ഒന്നും തിട്ടം പറ യാനും പറ്റില്ല. ശവംവച്ചിരിക്കാനുള്ള സന്നാഹങ്ങളും കമ്മിയായിരുന്നു. കർമ്മങ്ങൾ ഏറ്റെടുക്കാൻ യോഗ്യ നായ ഒരു പുരുഷ പ്രജയെയാണാവ ശ്യം. അഞ്ചാൺമക്കളുടെ തന്ത അനി ശ്ചിതത്തിന്റെ സിമന്റ് തറയിൽ എത്ര നേരം കിടക്കും-?. ലോകസത്യങ്ങളെ കുറിച്ചും, ഇനിയും മനുഷ്യന് പ്രാപി ക്കാനായിട്ടില്ലാത്ത മണ്ഡലങ്ങളെക്കു റിച്ചും, ഐഹികവും പാരത്രികവുമാ യനീതി നിയമങ്ങളെ കുറിച്ചും എന്നു വേണ്ട തലേആഴ്ചയിൽ കാൺമാനി ടയായ സിനിമയെ കുറിച്ചും, അ തിലെ നടീനടന്മാരുടെ അഭിനയ ചാതുരിയെ കുറിച്ചും എന്തിന് ഇഷ്ട നടിയുടെ സൗന്ദര്യത്തെകുറിച്ചും എത്രനേരമാണ് വാതോരാതെ അങ്ങുമിങ്ങും തൊടാത്ത വിധം ആൾക്കാർക്ക് പറഞ്ഞിരിക്കാനാവു ക-?. സമയം കൊല്ലാനാവുക!. ഭാഗ്യ വശാൽ വാഷിംഗ്ടണിൽ നിന്ന് മൂത്ത രണ്ടാൺമക്കളുടേയും, കാനഡയിൽ നിന്ന് മറ്റു മൂന്നാൺമക്കളുടേയും വിവരം എത്തി. അവർക്കാർക്കും പെട്ടെന്ന് എത്തിപ്പെടാനാവാത്ത സ്ഥിതിയാണ്. ഔദ്യോഗിക കാര്യങ്ങ ളിൽ മുക്തകണ്ഠം മുഴുകിയവരായ തിനാൽ പെട്ടന്നതിൽനിന്ന് തല യൂരിപ്പോരാനാവാത്ത സാഹചര്യമാ ണുള്ളത്. അവരുടെയെല്ലാം ഭാര്യമാ രുടെ സ്ഥിതിയാണെങ്കിൽ അതി ലേറെ സങ്കടകരം. അവർക്ക് ഒരു ദിവസം പോലും തങ്ങളുടെ ചുമതല കളിൽ നിന്ന് വിട്ടുനിൽക്കാനേപറ്റില്ല ത്രേ. ഇനി അഥവാ എവ്വിധത്തിലെ ങ്കിലും ഊരിപ്പോരാമെന്നു നിനച്ചാൽ തന്നെ മക്കളുടെ വിദ്യാഭ്യാസം. അവ രുടെ സ്ക്കൂൾ ഒരു ക്ലാസ്സുപോലും മുടക്കാനാവാത്ത ടൈറ്റ്സിലബസ്സ്. എന്തു ചെയ്യും? ഈ നിസ്സഹായാ വസ്ഥ മരിച്ചു കിടക്കുന്ന പ്രഭാകര വർമ്മയദ്ദേഹത്തിന് ഊഹിക്കാനാ വും. അദ്ദേഹം ആയുസ്സോടെ ഉണ്ടാ യിരുന്നുവെങ്കിൽ ഈവക "സെന്റി മെന്റ്സുകളെ"യെല്ലാം അവഗണിക്കു കയേയുള്ളു. നോൺസെന്റ് എന്നു റക്കേ വിളിച്ചു കൂവും. "വാട്ടീസ് ദ പ്രോബ്ളം" എന്നുറക്കേ ചോദിക്കും!. "സില്ലിമാറ്റർ" എന്നു പതുക്കെ നൊടിയും....

മൂത്തമകൻ ഉറപ്പിച്ചു പറഞ്ഞു വത്രേ. വെറുതെവച്ചു താമസിപ്പിക്കേ ണ്ട. ബന്ധുക്കളിലാരെങ്കിലുമൊരാൾ, നാട്ടിലുള്ളവരിൽ ഏറ്റവും അർഹ നായ വ്യക്തി, അദ്ദേഹം തന്നെ എല്ലാ കർമ്മങ്ങളും അനുഷ്ഠിച്ചു കൊള്ള ട്ടെ. ചിതാഭസ്മം ഏതെങ്കിലും പുണ്യ നദിയിലൊഴുക്കുന്ന ചടങ്ങിന് കഴി വതും എത്താൻ ശ്രമിക്കുന്നു. അച്ഛന്റെ ബലിയിടൽ തുടങ്ങിയ കർമ്മങ്ങൾ യഥാക്രമം പാലിക്കാൻ മക്കളെന്ന നിലക്ക് എത്താതിരിക്കില്ല. അച്ഛന്റെ ആത്മാവിന്ന് നിത്യശാന്തി നേരുവാനായി അമേരിക്കയിലെ ഏതെങ്കിലും ഇന്ത്യൻ പ്രാർത്ഥനാ ലയങ്ങളിൽ ചെന്നു കുടുംബ സമേതം പ്രാർത്ഥിക്കുന്നുമുണ്ട്. അമ്മയെ ആശ്വസിപ്പിക്കുക. എല്ലാം നല്ലതിനു വേണ്ടിയാവട്ടെയെന്ന് അമ്മയോട് പ്രത്യേകം പറയുക. മതി യല്ലോ. ഇതിൽപ്പരം മോക്ഷപ്രാപ്തി ക്കായി മക്കളുടെ ഭാഗത്തുനിന്ന് പ്രിയപ്പെട്ട അച്ഛന്ന് മറ്റെന്താണ് ചെയ്യാൻ പറ്റുക!. ശവം ചിതയിലേ ക്കെടുക്കലും ദഹിപ്പിക്കലുമെല്ലാം അനുഷ്ഠാനകർമ്മങ്ങളനുസരിച്ച് വേണ്ടവിധത്തിലൊക്കെ പൂമഠം പൂ ക്കിലത്ത് മാളികപ്പുരയ്ക്കൽ വലിയ കണ്ടിത്തറവാട്ടിന്റെ നിലയ്ക്കും വിലക്കും യോജിച്ച തരത്തിൽ തെക്കേകണ്ടത്തിൽ നടന്നു. തൃപ്പൂ

ണിത്തുറയിൽ നിന്ന് വകയിൽപ്പെട്ട ഒരനുജൻ എത്തിയിരുന്നു. അത് ഭാഗ്യം. അവിടത്തെ കുടുംബാംഗങ്ങളിൽപ്പെട്ട ചിലരും സ്നേഹിതന്മാരും ചടങ്ങുകളിൽ ഭാഗഭാക്കായി. ഹൈക്കോടതിയിലെ പ്രമുഖ അഭിഭാഷകനായിരുന്ന പ്രഭാകരവർമ്മ അങ്ങനെഒരു ഓർമ്മ മാത്രമായി. ഒരു അനുശോചനയോഗം ചേർന്നു. ഒരു മിനുട്ടു നേരം എല്ലാവരും എഴുന്നേറ്റ് നിന്നു. ധാരാളം..........

പുലകുളിയടിയന്തിരം കെങ്കേമമായി നടന്നുവോ അതിലാരൊക്കെ പങ്കെടുത്തുവെന്നതൊന്നും ഇവിടെയിങ്ങനെപറയേണ്ട കാര്യമില്ല.

(തുടരും)


Poem

# FAIR WELL



Pradeep Kumar
Pottammal

When the rainly season comes,
The college opens for us and for new buds,
The Classes are full of new specimens,
And our roundings are also going.
I liked you at the first sight,
I admired you and loved you,
I emborm you as my dearest one.
And madeyou as my favourite one.
Love is river sold, Love is shared
For I live for love, and that love is for you,
And I cant see a guy like you,
A guy so loving and so true.
Your looks were innocent , like that of a lamb
That lamb filled my heart with full of joy
But now the lamb is not with me,
That was now with its new bud one's
several days I waited for you, and
Awaited you at the midst of the day,_
and beautiful eve's
And awaited your foot steps at the_
midst of the night,
With sleepless eyes and sorrowing mind.
O,lovely dear my delight has gone
Each second seems to me as a day,
each day seems to me as a month,
And each month seems to me as a year.
Meetings wear joyful, but_
partings are painful,
We have to go in our destined way
So leave me pleasefrom your life
Thinking of you at this parting time
And my soul longing to tell a word to you,
But I can't, this is the time of saying good bye
O, my dear let us go , I have bidden my
"love Fare Well"



കവിത

# തുള്ളികൾ



മേലൂർ വാസുദേവൻ

1
മഴ നനയുമ്പോൾ
മനസ്സു പാടുന്നു
മിഴിനീരൊപ്പിയീ
പഴയജന്മത്തിൻ
നടവരമ്പിൽ ഞാൻ
മഴനനയുമ്പോൾ
ഇടനെഞ്ചിലേതോ
തുടിയുടെ താളം!

2
പ്രളയമാർക്കവേ,
കടലെടുക്കുന്നൂ
കനവുകൾ; കാല-
ച്ചുഴികൾ മുങ്ങി-
യൊടുങ്ങിയോ വാഴവിൻ
നിറങ്ങളും നേരും?
അകമഴകളിൽ
നനഞ്ഞു നിൽപു ഞാൻ!

3
ദൂരെനിന്നോടിക്കിതച്ചു വന്നെന്റെയീ
കൂരതൻ മുറ്റത്തു പെയ്തിറങ്ങീ-
പേ മഴ നിന്നു നനയുമ്പോൾ, ജീവനിൽ
ഏതോ സ്മരണ തൻ ഏകാന്തരോദനം

# കലാസാംസ്കാരിക രംഗത്ത്നിന്നൊരു എം.എൽ.എ


നക്ഷത്രരാജ്യം ലേഖകൻ

സാഹിത്യ അക്കാദമി സെക്രട്ടറിയായി പ്രവർത്തിക്കുമ്പോഴാണ് നിയമസഭയിലേക്ക് മത്സരിക്കാൻ നിർദ്ദേശം കിട്ടുന്നത്. തെരഞ്ഞെടുപ്പു മത്സര രംഗത്തിറങ്ങുന്നു എന്ന വിവരം പറയുക എന്ന് ഉദ്ദേശിച്ചായിരുന്നു മുൻ എം.എൽ.എ. സ: ടി. പി. രാമകൃഷ്ണനൊന്നിച്ചു എം.ടി. സാറിനെ വീട്ടിൽപോയി കണ്ടത്.

"സാഹിത്യ അക്കാദമിയുടേ തടക്കമുള്ള പല സാംസ്കാരിക പ്രവർത്തനങ്ങൾക്കും മുന്നിട്ടിറങ്ങുമ്പോൾ എം.ടി യുടെ ഉപദേശ നിർദ്ദേശങ്ങൾ സ്വീകരിക്കാറുള്ളതാണ്. തെരഞ്ഞെടുപ്പ് മത്സര രംഗത്തേക്കിറങ്ങുമ്പോഴും വിവരം ഒന്നു പറയുക എന്നേ ഉദ്ദേശിച്ചിരുന്നുള്ളു. എന്നാൽ മനസ്സറിഞ്ഞു കൊണ്ടുള്ള അദ്ദേഹത്തിന്റെ ആശീർ വാദം മനസ്സിന് ഭയങ്കര കരുത്താണ് നൽകിയത്. യാത്രപറയാൻ നേരം കെട്ടിവെക്കാനുള്ള പണം നൽകിയാണ് അദ്ദേഹം യാത്രയാക്കിയത്." ഇത് പറയുന്നത് പുരുഷൻ കടലുണ്ടി എം.എൽ.എ. ശ്രീ. എം.ടി. വാസുദേവൻ നായരുടെ ശിഷ്യനായി സിനിമാ രംഗത്ത്വന്ന് "ദേവലോകം", "വിൽക്കാനുണ്ട് സ്വപ്നങ്ങൾ", "വാരിക്കുഴി", "മഞ്ഞ്", "കടവ്" എന്നി സിനിമകളുടെ സഹ സംവിധായകനായും– കേരളത്തിലെ പ്രശസ്ത പ്രൊഫഷണൽ നാടക ട്രൂപ്പുകളായ വടകര വരദയ്ക്ക് വേണ്ടി എം.ടിയുടെ "ഇരുട്ടിന്റെ ആത്മാവ്", കൊല്ലം മുദ്രയ്ക്കു വേണ്ടി ബിമൽ മിത്രയുടെ"ഇരുപതാം നൂറ്റാണ്ട", കൊല്ലം യൂണിവേഴ്സലിനു വേണ്ടി വടക്കില്ലം ഗോപിനാഥന്റെ "ശുക്രനക്ഷത്രം", രചനക്കു വേണ്ടി കെ. ജി. ശങ്കരപ്പിള്ളയുടെ "ധർമ്മക്ഷേത്രേ -കുരുക്ഷേത്രേ" എന്നീ പ്രൊഫഷണൽ നാടകങ്ങൾ സംവിധാനം ചെയ്യുകയും ചെയ്ത കലാകാരൻ. കേരളത്തിലെ ആദ്യത്തെ മലയാള തെരുവ് നാടകം "ചിലന്തി" രൂപപ്പെടുത്തിയ പെരുവണ്ണാമൂഴി തെരുവു നാടക കേമ്പിന്റെ സംഘാടകൻ കൂടിയായിരുന്ന പുരുഷൻ കടലുണ്ടി.

നാടകങ്ങളും നാടൻ പാട്ടും നാടൻ കലകളും തോറ്റങ്ങളും രക്തത്തിലലിഞ്ഞ കുട്ടികാലം അന്ന് അയൽപക്കത്തെ കിഴക്കേ പുരക്കൽ തറവാട്ടിലെ എഴുത്തു പള്ളിയിൽ പാട്ടും, ഡാൻസും, നിഴൽ നാടകങ്ങളും, നാടകങ്ങളും അവതരിപ്പിച്ചിരുന്ന കുടുംബ സദസ്സിൽ നിത്യ സന്ദർശകനും പങ്കാളിയുമായി, തിരുവാതിരയ്ക്ക് പൊറാട്ടുനാടകങ്ങൾ അവതരിപ്പിച്ചപ്പോൾ കിട്ടിയ പ്രോത്സാഹനം. അത് സഖാവ് കണാരന്റെ മോനാ!..പെരുമയോടെ പറഞ്ഞ് ഇഷ്ടം പോലെ പുഴുക്ക്, പലഹാരങ്ങൾ. മനസ്സിലെ ചെപ്പ് തുറന്ന് ഓർത്തെടുക്കാൻ ആയിരം പഴങ്കഥകൾ. പുലരും വരെ റാന്തല് വിളക്കും കത്തിച്ച് വീട്ടു മുറ്റത്ത് പുതപ്പ് തിരശ്ശീലയായി പിടിച്ച് നാടകങ്ങൾ അവതരിപ്പിച്ചത് ഇന്നും ഗ്രാമീണരായകടലുണ്ടിക്കാരുടെ മനസ്സിൽ നേർത്ത കുളിരുള്ള ഹിമകണങ്ങളായി പഴമയോടെ നിൽക്കുന്നു മണ്ണൂർ കൃഷ്ണാ യു.പി. സ്കൂളിൽ പഠിക്കുമ്പോൾ തിക്കോടിയന്റെ പുണ്യതീർത്ഥം നാടകത്തിൽ അഭിനയിച്ചതും, പ്രബോധിനി വായനാശാല വാർഷികത്തിന് അച്ഛനും സുഹൃത്തുക്കളും ചേർന്ന് അവതരിപ്പിച്ച നാടകം കണ്ടതും നാടക രംഗത്തോട് താൽപര്യമുണ്ടാക്കി.

സർവ്വോദയ വായനശാല വാർഷികത്തിന് ചകിരി പിരിക്കുന്ന തൊഴിലാളി സ്ത്രീയെ കേന്ദ്രകഥാപാത്രമാക്കി ഒരു ഏകാങ്ക നാടകമെഴുതി അവതരിപ്പിച്ചു. തൊഴിലാളി നേതാവായ ഭർത്താവ്ജയിലിലായപ്പോൾ മറ്റു സ്ത്രീകളുടെ കൂടെ കടലുണ്ടിയിൽ പോയി ചകിരി തുപ്പുകൊണ്ടുവന്നു പിരിച്ച് ചൂടിയാക്കി വിറ്റ് കുട്ടികളെ പോറ്റിയിരുന്ന സ്വന്തം അമ്മയുടെ കഥ. ആദ്യത്തെ നാടകം അവതരിപ്പിച്ചുകഴിഞ്ഞ



പ്പോൾ കിട്ടിയ അഭിനന്ദനങ്ങളും സമ്മാനങ്ങളും ഏറെ ആഹ്ളാദിപ്പിച്ചു. ജീവിതാനുഭവങ്ങൾ കോർത്തിണക്കിയ ആ കഥ അന്ന് എല്ലാവരും ഇഷ്ടപ്പെട്ടു.

42 നാടകങ്ങളുടെ രചയിതാവാണ് ശ്രീ. പുരുഷൻ കടലുണ്ടി. മറ്റു തിരകഥകൾ "അനഘ", "ആയില്യം കാവ്", എം.ടി.യുടെ "വില്പന" എന്നിവയും നാടകങ്ങൾ:'ആവാഹം', 'സീതപ്പക്ഷി', 'മോർച്ചറി', 'ആവരണം', കെ. ടി. യുടെ സമ്പൂർണ്ണ കൃതികൾ (എഡിറ്റർ), 'എഴുത്തുവിളക്ക്' എന്നിവ പ്രസിദ്ധികരിച്ചു.

നാടക രംഗത്തെ സമഗ്ര സംഭാവനയ്ക്ക് ശ്രീ. പുരുഷൻ കടലുണ്ടി 2002ൽ കേന്ദ്ര ദളിത് സാഹിത്യ അക്കാദമിയുടെ മഹാത്മാ ജ്യോതി ബാഫു ദേശീയ അവാർഡും, 2005 ൽ അബുദാബി ശക്തി അവാർഡും, 78ൽ ശ്രീകണ്ഠൻ നായർ സ്മാരക പുരസ്കാരവും, 72ൽ പ്രഥമ ഇ.എം.എസ്. ട്രോഫിയും, 80, 81, 82 മൂന്നു തവണ പള്ളം ട്രോഫിയും, 92 ൽ വി. കെ. കൃഷ്ണമേനോൻ



അവാർഡും, 93 ൽ തോപ്പിൽ ഭാസി അവാർഡും, 64 ൽ നാഷണൽ സേഫ്റ്റി അവാർഡും, 2012ൽ അക്ഷരം പുരസ്ക്കാരവും, 2013ൽ സ്വാമി ആനന്ദ തീർത്ഥ പുരസ്ക്കാരവും തുടങ്ങി നിരവധി ദേശീയ സംസ്ഥാനപുരസ്ക്കാരങ്ങൾ നേടിയിരിക്കുന്നു.

പുരോഗമനകലാസാഹിത്യ സംഘം സംസ്ഥാനവൈസ് പ്രസിഡണ്ട്, പി. കെ. എസ് സംസ്ഥാന ജോ. സെക്രട്ടറി, സാംസ്ക്കാരിക ക്ഷേമനിധി ബോർഡ് അംഗം, കേരള പട്ടികജാതി- പട്ടിക വർഗ്ഗവികസന കോർപ്പേഷൻ ഡയരക്ടർ, തഞ്ചാവൂർ സൗത്ത് സോൺ കൾച്ചറൽ സെന്റർ അംഗം, ഓർച്ചഡ് ഇന്ത്യ കുട്ടികളുടെ തിയേറ്റർ ചെയർമാൻ, സംഗീത നാടക അക്കാദമി അംഗം, കേരള ഫോക്ക്ലോർ അക്കാദമി അംഗം എന്നി നിലകളിൽ സാമൂഹ്യ-സാസ്ക്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

മലയാളം നമ്മുടെ അഭിമാനം എന്ന സന്ദേശവുമായി 2010 ജനവരി 1 മുതൻ ഫെബ്രുവരി 5 വരെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടത്തിയ സാംസ്ക്കാരിക യാത്രയ്ക്ക് നേതൃത്വം നൽകുകയും മലയാള ഭാഷയ്ക്ക് ക്ലാസ്സിക്ക് പദവിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ന്യൂഡൽഹിയിൽ കേരള മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, സാംസ്ക്കാരിക വകുപ്പ് മന്ത്രി എം.എ. ബേബി, പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, ഒ. എൻ. വി, സുഗതകുമാരി, ഡോ. പുതുപ്പള്ളി രാമചന്ദ്രൻ, സച്ചിദാനന്ദൻ, ഓംചേരി, എൻ. എൻ. പിള്ള തുടങ്ങിയ സാഹിത്യ നായകർക്കൊപ്പം പ്രധാനമന്ത്രിയെ സന്ദർശിച്ച് ആദ്യമായി നിവേദനം നടത്തിയ സംഘത്തിന്റെ കൺവീനറും ആയിരുന്നു അദ്ദേഹം.

ശ്രീ പുരുഷൻ കടലുണ്ടി സാഹിത്യ അക്കാദമി പ്രസിഡണ്ടായിരിക്കുമ്പോഴാണ് സാഹിത്യ അക്കാദമിയിൽ സുവർണ്ണ ജൂബിലി സ്മാരക മന്ദിരത്തിന് തറക്കല്ലിട്ടത്. അന്നത്തെ സാംസ്ക്കാരിക വകുപ്പു മന്ത്രി എം.എ. ബേബിയാണ് തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചത്. ഈ സ്മാരക മന്ദിര സമുച്ചയത്തിന്റെ പൂർത്തികരണത്തോടെ ഇപ്പോഴുള്ള അക്കാദമി ലൈബ്രറി ഇന്ത്യയിലെ തന്നെ പ്രധാന ഡിജിറ്റൽ ലൈബ്രറികളിലൊന്നാവും. ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഓഡിറ്റോറിയം, ഡിജിറ്റൽ കൺസർവേഷൻ ലാബ്, ഫ്യൂമിഗേഷൻ ലാബ് റിപ്രോഗ്രാഫിക്, അക്വിസിഷൻ കാറ്റലോഗ്, ക്ലാസിഫിക്കേഷൻ എന്നി വിഭാഗങ്ങൾ സുവർണ്ണ ജൂബിലി സ്മാരക മന്ദിരത്തിന്റെ മുഖ്യ സവിശേഷതകളാണ്. മൈക്രോ ഫിലിം, ഓഡിയോ-വീഡിയോ സി.ഡി, മൾട്ടി മീഡിയ താളിയോല എന്നി വിഭാഗങ്ങളുടെ ശേഖരവും ഇവിടെ ഉണ്ട്. മൂന്നു കോടി രൂപ ചിലവഴിച്ച് അഞ്ചു നിലകളിലായി കെട്ടിട സമുച്ചയത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. എഴുത്തുവിളക്ക് 2009:- സംസ്ഥാനതലത്തിൽ മാത്രം നടത്തിയിരുന്ന യുവ സാഹിത്യ ക്യാമ്പ് പതിനാല് ജില്ലകളിലും നടത്തുകയും അവിടെ നിന്ന് തെരഞ്ഞെടക്കപ്പെട്ടവർക്കായി സംസ്ഥാനതലത്തിൽ നാലു ദിവസം നീണ്ട ശിൽപ്പശാല കനകക്കുന്ന് കൊട്ടാരത്തിൽ നടത്തുകയും ചെയ്തത് പുതിയ കാൽ വെപ്പാണ്. രചനകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 630 പേരാണ് ജില്ലകളിൽ പങ്കെടത്തത്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത 136 പേർ എഴുത്തുവിളക്കിൽ പങ്കെടുത്തു. ക്ലാസ്സുകൾ എടുക്കുന്നതിനും ചർച്ച നയിക്കുന്നതിനും രചനകൾ പരിശോധിക്കുന്നതിനുമായി 150 ഓളം പ്രമുഖ സാഹിത്യ കാരന്മാരും എഴുത്തു വിളക്കിൽ പങ്കെടുക്കുകയുണ്ടായി. ഗവർണ്ണർ ആർ. എൽ. ഭാട്ടിയ ആണ് എഴുത്തുവിളക്ക് ഉൽഘാടനം ചെയ്തത്.

ജന്മശദാബ്ദികൾ;- മൺമറഞ്ഞ സാഹിത്യകാരുടെ അനുസ്മരണ ആചരണങ്ങൾ സംഘടിപ്പിക്കുന്നതിൽ മുൻ കാലങ്ങളേക്കാൾ കൂടുതലായി ഇക്കാലയളവിൽ ശ്രദ്ധിക്കുവാൻ കഴിഞ്ഞു. ഇന്ത്യയ്ക്ക് പുറത്ത് മസ്ക്കറ്റിൽ സംഘടിപ്പിച്ച വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മശതാബ്ദി ആഘോഷം ഡോ. സുകുമാർ അഴീക്കോടും, ദുബായിൽ സംഘടിപ്പിച്ച അനുസ്മരണ പരിപാടികൾ ബഹു: സാംസ്ക്കാരിക വകുപ്പു മന്ത്രി എം.എ. ബേബിയും ഉദ്ഘാടനം ചെയ്തു. 2010 സെപ്തംബർ 9 മുതൽ 12 വരെ ബഹറി നിൽ മലയാളി സമാജവുമായി സഹകരിച്ച് സംഘടിപ്പിച്ച കഥ- നോവൽ ശിൽപ ശാലയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രവാസി എഴുത്തുകാർ പങ്കെടുത്തു. അക്കാദമിയുടെ ചരിത്രത്തിൽ രാജ്യത്തിനു പുറത്തു സംഘടിപ്പിച്ച ഈ പരിപാടികൾ പ്രവാസി മലയാളികൾ എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കും.

കേരള സാഹിത്യ അക്കാദമി കാമ്പസിൽ ബഷീർവേദി എന്ന പേരിൽ ഒരു ഓപ്പൺ സ്റ്റേജ് നിർമ്മിച്ചു. ഇതിന്റെ ഉൽഘാടനം മുൻ മന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. നിരവധി ശ്രദ്ധേയങ്ങളായ പൊതു പരിപാടികൾ ഇവിടെ നടന്നു വരുന്നു.

സാഹിത്യ അക്കാദമിയുടെ നിയന്ത്രണത്തിൽ ഒരു സ്ഥാപനമാണ് അപ്പൻ തമ്പുരാൻ സ്മാരകം. ആനുകാലികങ്ങളുടെ അതിവിപുലമായ ലൈബ്രറിയും മ്യൂസിയവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അയ്യന്തോളിൽ അപ്പൻ തമ്പുരാൻ സ്മാരകത്തിന് കേരള സർക്കാർ പുതിയതായി അനുവദിച്ച 35.65 സെന്റ് ഭൂമിയിൽ ആധുനിക സൗകര്യങ്ങളോടെ മ്യൂസിയത്തിന് തറക്കല്ലിട്ടു. പ്രൊജക്ട് കേന്ദ്ര സർക്കാ റിന് സമർപ്പിച്ചതും ഈ കാലത്താണ്.

കമലാസുരയ്യ ജീവിച്ചിരിക്കുമ്പോൾ തന്നെ നീർ മാതളഭൂമി അക്കാദമിക്ക് രജിസ്ട്രർ ചെയ്ത് ഏറ്റെടുക്കാൻ കഴിഞ്ഞതിൽ അതിയായ അഭിമാനമുണ്ട്. ഇതിനു പുറമേ കെ. ബി. സുകുമാരൻ സംഭാവനചെയ്ത ഭൂമിയും ചേർത്ത് ഓഡിറ്റോറിയവും നാലാപ്പാട്ട് മ്യസിയവും എഴുത്തുകാർക്ക് താമസിക്കാൻ രണ്ടു കോട്ടേജുമടങ്ങുന്ന അതിമനോഹരമായ കെട്ടിടത്തിന് തറക്കല്ലിട്ടു.

1966 ൽ കെ.എസ്.വൈ.എഫിലൂടെ രാഷ്ട്രയ രംഗത്ത് സജീവമായ പുരുഷൻ. ഗവ. പോളി ടെക്നിക്കിൽ പഠിക്കുമ്പോൾ ഇലട്രിക്കൽ മെക്കാനിക്കൽ അസോസിയേഷൻ ജോയന്റ് സെക്രട്ടറിയായി തെരഞ്ഞെടുത്തു. അരിവില വർദ്ധനക്കെതിരെ വിദ്യാർത്ഥി സമരം നയിച്ചതിനും അടിയന്തരാവസ്ഥകാലത്ത് 'പട്ടിണി' എന്ന തന്റെ നിരോധിച്ച തെരുവു നാടകം അവതരിപ്പിച്ചതിനും പോലീസ് അറസ്റ്റ് ചെയ്തു. 'പട്ടിണി'

# സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ





അർപ്പണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022

സി.എം. സുന്ദരൻ - 9388412430


ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്



സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956

DUST FREE PAINTING BOOTH

# Mech World



FOUR WHEELER WORKSHOH

Manari, P.O. Thiruvannur. Mob: 9447158913

DUST FREE PAINTING BOOTH ACCIDENT REPAIR

DUST FREE PAINTING BOOTH, ACCIDENT REPAIR

**Workshop:**

DESHAPOSHINI COMMUNITY HALL, P.O. KUTHIRAVATTAM, CALICUT - 16

# മാതാ ഏജൻസീസ്

മെഷിൻ ഉപയോഗിച്ച് കാട്, പുല്ല് വെട്ടൽ, കോൺക്രീറ്റ് കട്ടിംഗ്, മരം മുറിക്കൽ, ടൂൾസ് വാടകക്ക് കൊടുക്കുന്നു.

പ്ലംബിംങ്ങ് & സാനിറ്ററി വർക്കുകൾ ചെയ്തുകൊടുക്കുന്നു.



Mob: 9387029919, 9287306802

Velliparamba, 5th Mile, Calicut - 8

എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക

# ശാരദ



ഇൻഡസ്ട്രീയൽസ്



കാളൂർ റോഡ്, മാങ്കാവ്

കോഴിക്കോട് - 673 007

Mob: 9846412070

നാടകാവതരണം ഉൽഘാടനം ചെയ്യാനെത്തിയ എം. കുട്ടികൃഷ്ണൻ മാസ്റ്ററടക്കം നാടക കലാകാരൻമാരെയെല്ലാവരേയും പോലീസ് അറസ്റ്റ് ചെയ്ത് ലോക്കപ്പിലാക്കി. ഈ പ്രഹരം പിൻതിരിഞ്ഞ് ഓടാനല്ല മുന്നോട്ട് നടക്കാനാണ് പ്രേരിപ്പിച്ചത്. തുടർന്ന് മാവൂർ നവധാരാ തിയേറ്റേഴ്സ് തുടരെ, തുടരെ അവതരിപ്പിച്ച നാടകങ്ങൾ...


കേന്ദ്രപുരോഗമനകലാസമിതി കോഴിക്കോട് ജില്ലാസെക്രട്ടറിയായി തെരഞ്ഞടുത്തതോടെ സംഘടനാ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. ജില്ലയിലെ നിരവധി കലാസമിതികൾ അഫിലിയേറ്റ് ചെയ്യിച്ചു. സ്റ്റഡിസർക്കിൾ പ്രവർത്തനവും ഒന്നിച്ചു കൊണ്ടു പോയി. ഇതിൽ പിന്നീടാണ് ഡൽഹിയിൽ സഫ്ദർ


സാംസ്കാരിക നായകന് വിജയാശംസകളുമായി ഒഎൻവി

ഹശ്മിയുടെ രംഗ പ്രവേശനം ഉണ്ടാകുന്നത്. മീഡിയാ രംഗത്ത് പ്രവർത്തിച്ചിരുന്ന സഫ്ദറിന്റെ നേതൃത്വത്തിൽ നടത്തിയ തെരുവു നാടകങ്ങൾക്ക് നല്ല പ്രചാരണം കിട്ടി. നാടക സംഘത്തെ അക്രമിക്കുകയും സഫ്ദർ കൊലചെയ്യപ്പെടുകയും ചെയ്തതോടെ ഈ രംഗം ഇന്ത്യയിലാകെ അഗ്നിയായി പടർന്നു. അവഗണയോടെ രണ്ടാംകിട ഏർപ്പാട് എന്ന് അപഹസിക്കുന്നവരുടെകൂടി കണ്ണ് തുറപ്പിക്കുന്നതായിരുന്നു ജനനാട്യമഞ്ചിന്റെ മുന്നേറ്റം. 1989-ൽ സഫ്ദർ ഹശ്മി കൊലചെയ്യപ്പെട്ട അതേസ്ഥലത്ത് പിറ്റേ ദിവസം തന്നെ പ്രിയ പത്നി മാലശ്രീ ഹസ്മി ചെന്ന് നാടകം കളിച്ചതോടെ തെരുവു നാടക രംഗത്തിനു കൂടുതൽ തിളക്കം വന്നു. കേരളത്തിലും ബംഗാളിലും കർണ്ണാടകയിലും ശക്തമായിരുന്ന തെരുവു നാടക പ്രസ്ഥാനം ഇന്ത്യയിലാകെ പടർന്നു കയറി ഇത് പ്രവർത്തനത്തിന് കൂടുതൽ ആവേശം നൽകി. സഫ്ദർഹസ്മിയുടെ ഒന്നാം ചരമവാർഷികത്തിന് ഡൽഹിയിൽ നടന്ന ചൗരാഹാ 89ൽ അവതരിപ്പിക്കാൻ പുരുഷന്റെ പ്രൊഫസർ അഞ്ചാമൻ" എന്ന തെരുവ് നാടകമാണ് കേരളത്തിൽ നിന്ന് തെരഞ്ഞെടുത്തത്. ഇത്തരം നിരവധി അനുഭവങ്ങൾ തെഴിലാളി കേന്ദ്രത്തിലെ സംഘർഷങ്ങളും സങ്കടങ്ങളും സമരങ്ങളും വഴി നേടിയെടുത്ത ജീവിതാനുഭവങ്ങളുമായി സാമൂഹിക സാംസ്ക്കാരിക പ്രവർത്തനങ്ങളിലൂടെ കീഴാള വർഗ്ഗത്തിന്റേയും അദ്ധ്വാനിക്കുന്ന ജനങ്ങളുടേയും മോചനത്തിനു വേണ്ടി നാടകം എന്ന മാധ്യമം ബോധപൂർവ്വം ഉപയോഗപ്പെടുത്തി.

നിലനിൽപു പോലും ദുഷ്ക്കരമായ രാഷ്ട്രീയ കാലാവസ്ഥയിൽ നാടക രംഗത്ത് നാല് പതിറ്റാണ്ടിലേറെ സജീവമായി ഉറച്ചു നിൽക്കുകയും വർത്തമാനകാലത്തിലെ സജീവ പ്രസ്നങ്ങളോട് സർഗ്ഗാത്മകമായി കലഹിക്കുകയും ചെയ്യുന്ന നാടക കലാകാരനാണ് പുരുഷൻ കടലുണ്ടി. സാംസ്ക്കാരിക രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വലിയ സുഹൃദ്ബന്ധത്തിന്റെ ഉടമ ഇന്നും സാസ്ക്കാരിക രംഗത്ത് തികഞ്ഞ ദിശാബോധത്തോടെ പ്രവർത്തിക്കുന്നു. ഇപ്പോൾ ബാലുശ്ശേരി മണ്ഡലത്തിൽ എം.എൽ.എ ആണ്.

എം.എൽ.എ. ആയതോടെ മണ്ഡലത്തിന്റെ സമഗ്ര പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുന്ന അദ്ദേഹത്തിന്റെ എന്റെ സ്കൂൾ പദ്ധതിയിലൂടെ എല്ലാ സ്കൂളുകൾക്കും ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നു. മണ്ഡലത്തിൽ ആദ്യമായി ഗവ: ആർട്സ് & സയൻസ് കോളേജ്, താലൂക്ക് ആശുപത്രി എന്നിവ മികച്ചുനിൽക്കുന്ന പ്രധാന നേട്ടങ്ങളാണ് വോളിബോളിന്റെ ഈറ്റില്ലമായ ബാലുശ്ശേരിയിൽ സ്റ്റേഡിയം മണ്ഡലത്തിലെ ലൈബ്രറികളുടെയും കലാസമിതികളുടെയും നവീകരണം ഗ്രാമീണ-നഗര സൗന്ദര്യവൽക്കരണം, ഉള്ള്യേരിയിൽ ആധുനിക സൗകര്യങ്ങളോടെ ശാന്തി പാർക്ക്, മാതൃകാ ശ്മശാനം, വാഴോറ മല കോളനി സമഗ്ര വികസനം, നടുവണ്ണൂരിൽ കൂട്ടുകൃഷി, കോട്ടൂരിൽ എൻ.എൻ. കക്കാട് സ്മാരകം, സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബുകളും സ്മാർട്ട് ക്ലാസ്റൂമുകളും, ഇലക്ട്രോണിക് ടോയ്ലറ്റുകൾ, സ്കൂൾ ബസ്, കക്കയം ടൂറിസം, ടൂറിസം കോറിഡോർ, അത്തോളി മുതൽ ഉള്ള്യേരി, ബാലുശ്ശേരി, പനങ്ങാട്, ഉണ്ണികുളം ബന്ധിപ്പിച്ചുള്ള ടൂറിസം കോറിഡോർ പദ്ധതി, പെയിൻ & പാലിയേറ്റിവിന് എല്ലാ പഞ്ചായത്തുകൾക്കും ആംബു



ലൻസ്, ബാലുശ്ശേരി കോട്ടയിൽ അപൂർവ്വ ചുമർ ചിത്രങ്ങൾ കണ്ടെത്തി സംരക്ഷിക്കൽ, കിനാലൂരിൽ വനിതകൾക്ക് വ്യവസായ യൂണിറ്റ് തുടങ്ങിയ പല പദ്ധതികൾ എടുത്തുപറയേണ്ടത് തന്നെ.

ജാപ്പ് വിരുദ്ധ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുകയും ഏറനാട്ടിൽ കമ്യൂണിസ്റ്റുപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നേതൃത്വപരമായ പങ്ക് വഹിക്കുകയും ചെയ്തതിന് ജയിൽ വാസം അനുഭവിച്ച സഖാവ് കണാരനാണ് അച്ഛൻ. ഭർത്താവിനോടും കമ്മ്യൂണിസ്റ്റ് പ്രസ്ഥാത്തിനോടുമുള്ള കൂറിൽ



കൊടും ദുരിതത്തിലും അടി പതറാതെ നിന്ന അമ്മാളുക്കുട്ടിയാണ് അമ്മ. ഇപ്പോൾ കോഴിക്കോട്ട് സർവ്വകലാശാല സെനറ്റ് അംഗമാണ്. കടലുണ്ടിയിലാണ് ജനനം. ഭാര്യ: എം.സി. ചന്ദ്രിക. മക്കൾ; ഡോ. ബിനു പുരുഷോത്തമൻ, ബിജിത്ത് പുരുഷോത്തമൻ (എഞ്ചിനിയർ), ബിമൽ പുരുഷോത്തമൻ (എച്ച്.ഡി.എഫ്.സി ബാങ്ക് ഡെപ്യൂട്ടി മാനേജർ)


വിലാസം: തണൽ, തൊണ്ടയാട്, ചേവരമ്പലം പി.ഒ, കോഴിക്കോട്-17.
മൊബൈൽ 9495677127

ലേഖനം

# കാലശാപമായ കിരാതന്യത്തം



മനോജ്



കൊളോണിയലിസത്തിന്റേയും നവ കൊളോണിയലിസത്തിന്റേയും അധീശത്വത്തെ പരിശോധിക്കുമ്പോൾ നമുക്ക് വിദേശികൾ ഇന്ത്യയിൽ നടത്തിയ അധിനിവേശത്തെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുണ്ട്.

ആര്യൻമാരുടെ വരവോടെയാണ് ഇന്ത്യയിൽ അധിനിവേശ സംസ്കാരവും അധീശത്വ ഭരണവും ആരംഭിക്കുന്നത്. വിഭവ സമൃദ്ധമായ പ്രകൃതിയും മികച്ച കാലാവസ്ഥയും ഇന്ത്യയിലെ പ്രാകൃത സമൂഹത്തെ അതിജീവനത്തിനു വേണ്ടി അന്യനാടുകളിലേക്ക് കുടിയേറാൻ പ്രേരിപ്പിച്ചില്ല. കാർഷിക നാഗരികതയും കാർഷിക ധാർമികതയുമായി പരിമിതമായ ഉൽപ്പാദനോപകരണങ്ങളോടെ ജീവിച്ച പ്രാചീനഇന്ത്യക്കാർ സ്വാഭാവികമായും സ്ഥിരവാസികളായ സമൂഹത്തിന്റെ സാംസ്കാരിക പശ്ചാത്തലവും കെട്ടിപടുത്തു. എന്നാൽ അതിജീവനത്തിനു വേണ്ടി ദേശാടനം നടത്തിയ ഇടയ സമൂഹം (ആര്യൻമാർ) ഇരുമ്പിന്റെ ദാഢ്യം ഉപയോഗിച്ച് സ്ഥിരവാസികളായ സമൂഹത്തെ കീഴടക്കി ആധിപത്യം സ്ഥാപിച്ചു. പറയത്തക്ക സാംസ്കാരിക സവിശേഷതകൾ ഇല്ലാത്ത ആര്യൻമാർ ഇന്ത്യയിലെ സ്ഥിരവാസികളായ ആദിദ്രാവിഡൻമാരുടെ സംസ്ക്കാരത്തെ സ്വീകരിക്കുകയും പരിഷ്ക്കരിക്കുകയുമാണ് ചെയ്തത്. കീഴടക്കിയവരെ അധമവർഗമാക്കി തീർത്ത ആര്യൻമാർ അടിമസംസ്ക്കാരത്തെ നവീകരിച്ച് വർണ്ണ നിയമാനുസൃതമാക്കി സ്വയം പ്രമുഖരായി തീർന്നു.

ആര്യവൽക്കരണത്തിന്റെ കാലഘട്ടത്തിൽ ഇന്ത്യ നേരിട്ടത് പ്രാകൃതവും പരിഷ്കൃതവുമായ രണ്ടു സംസ്ക്കാരങ്ങളുടെ ഏറ്റുമുട്ടലും സംയോഗവുമാണ്. ആയുധത്തിന്റെ മികവുകൊണ്ട് ആര്യൻമാർ ഭരണാധികാരികളായെങ്കിലും പിന്നീടവർ കീഴടക്കിയ ജനതയുടെ സംസ്ക്കാരത്തിന്റെ വക്താക്കളായി. സ്വന്തം സ്വത്വത്തേയും വർഗ്ഗപരമായ മികവിനേയും ജാതീയതയുമായി ബന്ധിപ്പിച്ച അവർ ജന്മത്തേയും ജീവിതത്തേയും നിയോഗമാക്കി മനുഷ്യന്റെ പരിവർത്തനമോഹങ്ങളെ നിരാകരിച്ചു. തെക്കേ ഇന്ത്യയിൽ ആര്യവൽക്കരണത്തിനു ശേഷം പറയത്തക്ക സാംസ്ക്കാരിക അധിനിവേശങ്ങളോ വിദേശ ആധിപത്യങ്ങളോ ഉണ്ടായില്ല.

ആര്യൻമാർക്കു ശേഷം യവനതൻമാരും ഹുണൻമാരും മംഗോളിയരും നാഗൻമാരും ഇന്ത്യയെ ആക്രമിച്ചു കീഴടക്കി ഭരണാധികാരികളായി. അലക്സാണ്ടർ ഭരണ പ്രതിനിധിയെ നിശ്ചയിച്ചാണ് തിരിച്ചു പോയതെങ്കിലും പിൻഗാമികൾ ഇന്ത്യൻ സംസ്കാരത്തിന്റെയും സാമൂഹ്യഘടനയുടേയും ഭാഗമായി തീർന്നു. ഇതു തന്നെയാണ് ഹുണൻമാർക്കും മംഗോളിയർക്കും നാഗൻമാർക്കും സംഭവിച്ചത്. അപരാരും വർഗ പരമായ സ്വത്വത്തെ സ്ഥാപിക്കുകയോ അധിനിവേശ സംസ്കാരത്തെ നടപ്പിലാക്കുകയോ ചെയ്തില്ല. അതിനുള്ള പ്രധാന കാരണം ആയുധത്തിന്റെ മികവിൽ അവർ വിജയിച്ചുവെങ്കിലും സാംസ്കാരികമായി പിന്നോക്കം നിന്നിരുന്ന അവർക്ക് കീഴടക്കപ്പെട്ട സമൂഹത്തിന്റെ ഉയർന്ന സംസ്കാരത്തെ സ്വീകരിക്കേണ്ടി വന്നതാണ്. ഭരണാധികാരികളായി തീർന്ന അവർ പലപ്പോഴും ജാതീയതയുടെ ഭാഗമായി തീർന്ന് സ്വന്തം സ്വത്വത്തെ നിർമ്മാജ്ജനം ചെയ്യുകയുമുണ്ടായി.

ഭരണപരവും സാംസ്കാരികവുമായ അധിനിവേശങ്ങൾ ചൂഷണമാണെന്നത് വൈദേശിക സാഹചര്യത്തിൽ യാഥാർത്ഥ്യമാണ്. എന്നാൽ ഇന്ത്യയിൽ സംഭവിച്ചത്. സവർണ്ണാധിഷ്ടിത ജാതി കേന്ദ്രീകൃതമായ സമ്പത്വ്യവസ്ഥയുടെ ഭാഗമായി തീർന്ന അധിനിവേശക്കാർ സമൂഹത്തിലെ ഉന്നതരായി പരിവർത്തനപ്പെടുകയായിരുന്നു. ജാതി

കേന്ദ്രീകൃതമായ സമ്പത് വ്യവസ്ഥ അധിനിവേശ ഭരണാധികാരിയെ സാമൂഹ്യഘടനയുടെ ഭാഗമാക്കി തീർത്തു പരിവർത്തങ്ങളെ ഇല്ലാതാക്കി സവർണ്ണരുടെ സാമ്പത്തിക താൽപ്പര്യങ്ങളെ സംരക്ഷിച്ചു. സവർണ്ണാധിഷ്ടിത സാമൂഹ്യഘടനഭരണനിർവ്വഹണത്തിനും നികുതിപിരിവിനും ഏറെ സുഖകരവുമാണ്. അധിനിവേശ ഭരണാധികാരിയെ ക്ഷത്രീയവല്ക്കരിക്കുന്ന ബ്രാന്മണ്യം സ്വന്തം ഔന്നത്വത്തെയും ഭൗതികതെയും സംരക്ഷിക്കാൻ വേണ്ടി വിദേശിയരെ അസൻമാർഗികമായി സ്വീകരിച്ചു. അതിജീവനത്തിനും അധികാരത്തിനും വേണ്ടി കായികമികവിന്റേയും ആയുധമികവിന്റേയും പിൻതുണയോടെ ഇന്ത്യയെ കീഴടക്കിയ വിദേശികൾക്ക് സമൃദ്ധമായ ഭൗതീക സാഹചര്യത്തേയും സാമൂഹ്യമായ ഔന്നത്വത്തേയും അനന്തര തലമുറകളിലേക്കും ബ്രാഹ്മണ്യം സ്വന്തം ഔന്നത്വത്തേയും അനന്തരതലമുറകളിലേക്കും ബ്രഹ്മണ്യം ദയാപൂർവ്വം അനുവദിച്ചു കൊടുത്തു.

കീഴടക്കപ്പെട്ട ജനതയുടെ സാംസ്ക്കാരിക സവിശേഷതയുടെ ഭാഗമായി തീരുന്ന അധീശത്വ പ്രവണതയാണ് അടിമവംശം വരെ ഇന്ത്യയിൽ നിലനിന്നത്

മുസ്ലീം ഭരണാധികാരികൾ ഇന്ത്യയെ കീഴടക്കി എങ്കിലും സ്വത്വത്തേയും മതബോധത്തേയും പരിവർത്തനവിധേയമാക്കാൻ തയ്യാറാകാത്ത അവർ ഇന്ത്യൻ സാംസ്കാരികതയെ അധമബോധത്തോടെ അകറ്റി നിർത്തി. മുസ്ലീം രാജവംശങ്ങൾ ഇന്ത്യയിൽ ഭരണം ആരംഭിച്ചതോടെ സവർണ്ണ താൽപര്യത്തിന്റെ മറ്റൊരു മുഖം ഇന്ത്യാചരിത്രത്തിലേക്ക് കടന്നു വന്നു. ആദ്യഘട്ടത്തിൽ ക്ഷത്രീയന്റെ കൂടെ ചേർന്ന് ആക്രമികളായ അഫ്ഗാനിസ്ഥാനിൽ നിന്ന് വന്ന രാജവംശങ്ങളെ എതിർത്ത് ബ്രാഹ്മണ്യം പിന്നീട് ഭൗതീക



സമൃദ്ധിയും ജാതീയമായ ഔന്നത്വവും നിലനിർത്തുന്നതിനു വേണ്ടി ആക്രമികളായ അവരുടെ പക്ഷം ചേർന്ന് രാജസദസ്സുകളിൽ ഉന്നതമായ സ്ഥാനങ്ങൾനേടിയെടുത്തു. അഫ്ഗാൻ വംശ മുസ്ലീം രാജാക്കൻമാർ ആകട്ടേ പ്രകൃതി സമ്പന്നമായ ഇന്ത്യയിൽ സ്ഥിരമായി ആധിപത്യം നിലനിർത്താനുള്ള മാർഗങ്ങൾ അന്വേഷിച്ചു കൊണ്ടിരുന്നു. കൂടാതെ ഭൂരിപക്ഷം വരുന്ന ഹിന്ദുക്കളെ പ്രകോപിപ്പിച്ചാൽ ഭരണം തുടരാനാവില്ലെന്നും അവർ മനസ്സിലാക്കി സമൂഹത്തിന്റെ അടിത്തട്ടിലേക്കു വരെ എത്തുന്ന ജാതീയത ഉല്പാദനവിപണനത്തിനും നികുതി പിരിവിനും സുഗമമാണെന്ന് മനസ്സിലാക്കിയ അവർ ബ്രാഹ്മണ്യത്തെ പ്രീതിപ്പെടുത്താനുള്ള നടപടികളാണ് പിന്നീട് ആരംഭിച്ചത്. ബ്രാഹ്മണൻ ആകട്ടെ ക്ഷത്രീയരെ കയ്യൊഴിഞ്ഞ് അഫ്ഗാൻ വംശ മുസ്ലീം രാജാക്കൻമാരുടെ ആശ്രിതരുമായി. എങ്കിലും മതപരിവർത്തനവും മുസ്ലീമുകളുടെ മതപരമായ സ്വത്വവും ബ്രാഹ്മണ്യത്തെ നിരന്തരം പ്രകോപിപ്പിച്ചു കൊണ്ടിരുന്നു.

ഇത്തരം ആന്തരിക വൈരുദ്ധ്യങ്ങൾ നിറഞ്ഞ അനേകം ചരിത്രമുഹൂർത്തങ്ങളെ; സവർണ്ണന്റെ ദേശവിരുദ്ധ നിലപാടുകളെ, നമുക്ക് ഇന്ത്യാചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിന്ന് കണ്ടെത്താൻ കഴിയും. ബാബറെ ഇന്ത്യ ആക്രമിക്കൻ ക്ഷണിച്ച സവർണ്ണർ അക്കാലത്തെ ഇന്ത്യയിലെ മുസ്ലീം രാജാക്കൻമാരെ ഉന്മൂലനം ചെയ്യാനാണ് ശ്രമിച്ചത്. ബാബർ ഇന്ത്യയിൽ ആധിപത്യം ഉറപ്പിച്ചപ്പോൾ ആക്രമിയുടെ പക്ഷം ചേർന്ന് ബ്രാഹ്മണ്യം ജാതീയമായ ഔന്നത്വം പുലർത്തിയ ഇന്ത്യൻ സവർണ്ണർ അള്ളോപനിഷത് രചിച്ച് തന്റെ കൃതജ്ഞതയെ പ്രകടിപ്പിച്ചു.

**അധീശത്വ സംസ്ക്കാരം ഇന്ത്യൻ സംസ്കൃതിയിലേക്ക്**

ഇന്ത്യയിൽ മുസ്ലീം ഭരണം ആരംഭിക്കുന്നതു വരെ ഇന്ത്യൻ സംസ്ക്കാരത്തിന് മൗലികമായ വികാസ പരിണാമങ്ങൾ ഉണ്ടായിരുന്നില്ല.. മുസ്ലീം ആധിപത്യം ഇന്ത്യൻ സംസ്ക്കാരത്തിൽ; പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ പ്രകടമായ അനേകം മാറ്റങ്ങൾ ഉണ്ടാക്കി. അതുവരെ സവർണ്ണരുടെ ഭൗതിക താല്പര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന സർഗ്ഗാത്മക പ്രവർത്തനങ്ങളാണ് നടന്നിരുന്നത്. സർഗാത്മ വ്യക്തിയുടെ സ്വത്വമോ ജനജീവിതമോ സാമ്പ്രദായികതയെ ധിക്കരിക്കന്ന അന്വേഷണമോ ഇന്ത്യൻ സാഹിത്യത്തിലും ചിത്രകലയിലും രംഗകലയിലും സംഭവിക്കുന്നില്ല. മുസ്ലീം സംസ്കാരത്തിന്റെ പ്രത്യേകതകളെ ഉൾകൊണ്ടതോടെ ഇന്ത്യൻ വൈഷണികതയും ചിത്രകലയും സംഗീതവും സർഗ്ഗാത്മകമായി കൂടുതൽ വികസിച്ചു. സംസ്കൃത സാഹിത്യത്തിൽ പേർഷ്യൻ സംസ്കാരത്തിന്റെ സ്വാധീനത പ്രകടമായി കാണാം. ഹിന്ദുസ്ഥാനി സംഗീതം ഇന്ത്യൻ പേർഷ്യൻ സംഗീതങ്ങളുടെ സർഗ്ഗാത്മകമായ വികാസമാ ണ്

മുസ്ലീം അധിനിവേശത്തോടെയാണ് സവർണ്ണൻ ആധിപത്യസംസ്കാരത്തെ ഉൾകൊണ്ടു തുടങ്ങുന്നത്. അതിനു കാരണം ക്ഷത്രീയവൽക്കരിക്കാത്ത ഭരണകൂടവും ഭരണകൂടത്തിന്റെ വിശ്വാസങ്ങളും സാംസ്കാരിക സ്വത്വവുമാണ്.

എന്നാൽ ഇത്തരമൊരു സാംസ്കാരിക സംയോഗം ഇംഗ്ലീഷുകാരുടെ; പ്രത്യേകിച്ച് ക്രിസ്ത്യാനികളുടെ അധിനിവേശത്തോടെ സംഭവിക്കുന്നില്ല. കച്ചവടക്കാരായി എത്തി ഭരണാധികാരികളായി തീർന്ന ബ്രിട്ടീഷുകാർ രാജാവായി സ്വയം അവരോധിക്കപ്പെടുന്നില്ല. ബ്രിട്ടീഷ് രാജാവിന്റെ ഉത്തരവ് അനുസരിക്കേണ്ട ഉദ്യോഗസ്ഥൻ മാത്രമായിരുന്നു ഇന്ത്യയിലെ ഭരണാധികാരി. നവോത്ഥാനത്തിന്റേയും വ്യവസായ യുഗത്തിന്റേയും പിൻഗാമികളായ അവർ ഇന്ത്യക്കാരേയും ഇന്ത്യൻ സംസ്കാരത്തേയും പ്രാകൃതമായി കരുതി. കോളനിവൽക്കരണത്തിന്റെ മാർഗ്ഗരേഖയെ സ്വീകരിച്ച അവർ ബ്രിട്ടന്റെ ഭരണ സംവിധാനത്തേയും നിയമാവലികളേയുമാണ് ഇന്ത്യയിൽ നടപ്പിലാക്കിയത്. അതുകൊണ്ട് ഔദ്യോഗികമായ ഉന്നത സ്ഥാനങ്ങൾ ബ്രിട്ടീഷുകാരാണ് വഹിച്ചിരുന്നത് മുൻ കാലഘട്ടത്തിൽ സംഭവിച്ചതു പോലെ സവർണ്ണർ പ്രമുഖ സ്ഥാനങ്ങളിൽ എത്തിചേർന്നിരുന്നില്ല. ഇംഗ്ലീഷ് വിദ്യാഭ്യാസവും ഇംഗ്ലണ്ടിൽ ചെന്ന് ഉന്നതമായ അദ്ധ്യയനവും നടത്തിയ സവർണ്ണർ സർക്കാർ ആശ്രിതരായെങ്കിലും അവർക്ക് വെള്ളക്കാരെ പോലെ അധികാരമോ ഉയർന്ന ശമ്പളമോ ലഭിച്ചില്ല.

അധികാരത്തിന്റെ ഭാഗമാവാൻ വേണ്ടി സവർണ്ണർ നേടിയ

ഇംഗ്ലീഷ് വിദ്യാഭ്യാസവും ഭരണ സൗകര്യത്തിനു വേണ്ടി ബ്രിട്ടീഷുകാർ നടപ്പിലാക്കിയ പാഠ്യപദ്ധതികളും ഇന്ത്യൻ ധൈഷണികതയെ സാംസ്കാരികമായും ഭൗതീകമായും സ്വാധീനിച്ചു. അതുവരെ വിദേശ സംസ്കാരവുമായി സമന്വയിച്ച് വികസിച്ച ഇന്ത്യൻ സംസ്കാരം ഇംഗ്ലിഷു പഠിച്ചതോടെ അവരെ അനുകരിച്ചു തുടങ്ങി. ജനാധിപത്യ ബോധവും പൗരബോധവും മനുഷ്യസമത്വസങ്കല്പങ്ങളും ഇംഗ്ലീഷുകാരിൽ നിന്ന് നമുക്ക് ലഭിച്ച വരദാനങ്ങളാണ്.

ഉയർന്ന വിദ്യാഭ്യാസമുണ്ടെങ്കിലും വിദേശാധിപത്യമാണ് അവഗണനകൾക്ക് കാരണമെന്ന് തിരിച്ചറിഞ്ഞ സവർണ്ണൻ സ്വന്തം ആധിപത്യം സ്ഥാപിക്കുന്നതിനു വേണ്ടി കീഴാളരെ സംഘടിപ്പിച്ചു സ്വാതന്ത്ര്യത്തിനു വേണ്ടി പ്രവർത്തിച്ചു തുടങ്ങി. ഭരണ രംഗത്തുമാത്രമല്ല വ്യാവസായിക മണ്ഡലത്തിലും ഇന്ത്യക്കാർ അവഗണനയാണ് അനുഭവിച്ചത്. ഫാക്ടറികൾ സ്ഥാപിക്കാൻ തയ്യാറായ പലർക്കും ഗത്യന്തരമില്ലാതെ ഇംഗ്ലീഷുകാരുമായി കൂട്ടുസംരഭങ്ങളിൽ ഏർപ്പെടേണ്ടി വന്നു.

കീഴാളനേയും ശൂദ്രനേയും മുന്നിൽ നിരത്തി അധികാരത്തിനും ഉയർന്ന ഉദ്യോഗത്തിനും വേണ്ടി സവർണ്ണൻ നടത്തിയ സ്വാതന്ത്ര്യസമരത്തിന്റെ വിഖ്യാത ദുരന്തം നമ്മൾ ഇപ്പോഴും അനുഭവിക്കുകയാണല്ലോ.

വീടും ജീവിത മാർഗ്ഗവും സാമൂഹ്യ, സാമ്പത്തിക സമത്വവുമില്ലാത്ത കീഴാളന്റെ ജീവിതാവശ്യങ്ങളെ നിയാമകതത്വങ്ങളിൽഒതുക്കിയ സവർണ്ണൻ സ്വന്തം വർഗ്ഗത്തിന്റെ താല്പര്യങ്ങളെയാണ് ഇന്ത്യയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ കൂടെ നേടി എടുത്തത്. അതിന് അവർ അടിമത്വത്തിന്റെ മറ്റൊരു മാർഗ്ഗം സ്വീകരിക്കുകയും രാഷ്ട്രത്തേയും ജനതയേയും പതിവു പോലെ വഞ്ചിക്കുകയും ചെയ്തു. സ്വാതന്ത്ര്യാനന്തരം അവർണ്ണന് ചില പ്രത്യേകാവകാശങ്ങൾ നല്കിയെന്നു മാത്രം.

ഇരുന്നൂറോളം വർഷങ്ങൾ നീണ്ട ചൂഷണാധിഷ്ഠിത അധിനിവേശത്തെ ലാഘവത്തോടെ ഉപേക്ഷിക്കാൻ സാമ്രാജ്യത്വവും മുതലാളിത്തവും ഒരിക്കലും തയ്യാറാകുന്നതല്ല. സ്വാതന്ത്ര്യ സമരം ബ്രിട്ടീഷ് ഭരണത്തിന് പ്രതിസന്ധിയുണ്ടാക്കി, കോളനി ഭരണം പഴയ രീതിയിൽ തുടരാൻ തടസ്സമായി, എന്നത് യാഥാർത്ഥ്യമാണ്. ഭരണമാറ്റത്തിന് ബ്രിട്ടീഷുകാർ തയ്യാറായ സാഹചര്യത്തെ നമുക്ക് സൂഷ്മമായി പരിശോധിക്കേണ്ടതുണ്ട്.

രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരതയും ദുരന്തവും പരിപൂർണ്ണമായി അനുഭവിച്ചത് യൂറോപ്യൻ രാജ്യങ്ങളായിരുന്നു. ഐക്യ കക്ഷികൾ യുദ്ധത്തിൽ ജയിച്ചതോടെ നൂറ്റാണ്ടുകളായി സാമ്രാജ്യത്വ അധിപനായിരുന്ന ബ്രിട്ടൻ സാമ്പത്തികമായി തകരുകയും പകരം അമേരിക്ക പുത്തൻ ശക്തിയായി ഉയരുകയും ചെയ്തു. സാമ്പത്തികമായും രാഷ്ട്രീയമായും തകർന്ന യൂറോപ്യൻ സാമ്രാജ്യ ശക്തികളുടെ കോളനികളെ നിഷ്പ്രയാസം കീഴടക്കാനുള്ള സൈനിക ശക്തിയായി അമേരിക്ക വളർന്നു കഴിഞ്ഞിരുന്നു. കൂടാതെ ആധിപത്യം നിലനിർത്താനും സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളെ അടിച്ചമർത്താനും സാമ്രാജ്യ ശക്തികൾക്ക് വമ്പിച്ച സാമ്പത്തിക ബാദ്ധ്യതയും ഏറ്റെടുക്കേണ്ടി വന്നു.

നേരിട്ടുള്ള ആധിപത്യത്തിനും ഭരണത്തിനും പകരം മറ്റൊരു രാഷ്ട്രീയസാമ്പത്തിക ആധിപത്യമാർഗ്ഗത്തെ കണ്ടെത്തിയ സാമ്രാജ്യത്വ ശക്തികൾ സ്വകോളനികളുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ കൂടെ ചൂഷണത്തിനുള്ള പുതിയൊരു വഴിതുറക്കുകയാണ് ചെയ്തത്. സൈനികമായും സാമ്പത്തികമായും രാഷ്ട്രീയമായും മേൽക്കോയ്മ പുലർത്തിയ അമേരിക്ക പുത്തൻ ചൂഷണ സമ്പ്രദായത്തിൽ പ്രമുഖ സ്ഥാനം നേടിയെടുത്തു. നാൽപതുകളിൽ സാമ്രാജ്യത്വ ശക്തികളുടെ മേൽനോട്ടത്തിൽ ആരംഭിച്ചു വേൾഡ് ബാങ്കും ഐ. എം. എഫും കോളനികളിലെ ചൂഷണത്തെ ത്വരിതപ്പെടുത്താനുള്ള നിർണ്ണായക ശക്തിയായി തീർന്നു.

വേൾഡ് ബാങ്കിന്റെയും ഐ.എം. എഫിന്റേയും നിർദ്ദേശങ്ങളെ അനുസരിക്കുന്ന ഭാഗികമായ സ്വാതന്ത്ര്യം മാത്രമുള്ള രാഷ്ട്രീയ, ഭരണ സംവിധാനമാണ് തുടർന്ന് കോളനികളിൽ നടപ്പിലാക്കിയത്. ഇന്ത്യയിൽ സവർണ്ണാധിഷ്ടിത രാഷ്ട്രീയ, ഔദ്യോഗിക സ്വാതന്ത്ര്യമാണ് പ്രാബല്യത്തിൽ വന്നത് ഇന്ത്യൻ വ്യവസായികളെ നിരുത്സാഹപ്പെടുത്തിയ ബ്രിട്ടീഷുകാർ സാമ്പത്തികമായും സാങ്കേതികമായും വിദേശികളെ ആശ്രയിച്ച വ്യവസായങ്ങളെയാണ് പ്രോത്സാഹിപ്പിച്ചിരുന്നത്. വൻകിട തോട്ടം മേഖലയും ഉപഭോഗവസ്തുക്കളും മരുന്നുകളും ഇത്തരം കൂട്ടു സംരംഭങ്ങളുടെ ഉൽപന്നങ്ങളായി. ഭരണമാറ്റത്തിനു ശേഷം വിദേശികൾ നാടുവിട്ടെങ്കിലും ഇന്ത്യൻ രാഷ്ട്രീയത്തെയും സാമ്പത്തികഘടനയേയും നിയന്ത്രിച്ചിരുന്നത് വിദേശികളുടെ കൂട്ടുകച്ചവടക്കാരായ ഇന്ത്യൻ വ്യവസായികളാണ്. വിദേശികളുടെ, സാമ്രാജ്യത്വത്തിന്റെ താൽപര്യങ്ങളെ സംരക്ഷിക്കുന്ന ഇന്ത്യൻ വ്യവസായികളും രാഷ്ട്രീയനേതൃത്വവും ജനഹിതമോ ജനാതിപത്യമോ അനുസരിച്ചല്ല ഭരണം നടത്തിയിരുന്നത്. സാമ്രജ്യശക്തികളുടെ ആജ്ഞകളെ ഇടനിലക്കാരായി നിന്ന ഇന്ത്യൻ സവർണ്ണ നേതൃത്വം നടപ്പിലാക്കുകയായിരുന്നു.

സ്വാതന്ത്ര്യത്തിന്റെ വാഗ്ദാനങ്ങളുമായി അവർണ്ണരേയും ശുദ്രൻമാരേയും സംഘടിപ്പിച്ച സവർണ്ണൻ രാഷ്ട്രീയമായും ഔദ്യോഗികമായും ഉയർന്നസ്ഥാനങ്ങളെ ദേശീയ വഞ്ചനയിൽ കൂടെ നേടിയെടുത്തു. രാജ്യത്തേയും സമൂഹത്തേയും ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ വഞ്ചിച്ച സവർണ്ണൻ സ്വന്തം ജാതിമേധാവവിത്തത്തിനും വർഗ്ഗമേധാവിത്തത്തിനും വേണ്ടിയാണ് എക്കാലത്തും പ്രവർത്തിച്ചിട്ടുള്ളത്.

കോളനികൾക്ക് സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി വേൾഡ് ബാങ്കിന്റേയും ഐ. എം. എഫിന്റേയും നിയന്ത്രിത ഭരണം ഏർപ്പെടുത്തിയ നവകൊളോണിയലിസം കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ ശൈഥില്യത്തോടെ അതിശക്തരായി തീർന്ന് നേരിട്ട് മൂന്നാം ലോകത്തെ ചൂഷണം ചെയ്യുന്ന അവസ്ഥയാണ് ഇന്നുള്ളത്. കോളനിവൽക്കരണത്തിന്റെ തുടർച്ചയായ നവകൊളോണിയലിസം അടിമരാജ്യങ്ങളുടെ വിമോചനത്തേയും സ്വയം പര്യാപ്തതേയും ആഗ്രഹിക്കുന്നില്ല. നിരന്തരം വായ്പകൾ നൽകിയും അതിന് അനുബന്ധമായി നിയമങ്ങൾ ഉണ്ടാക്കിയും പുത്തൻ മുതലാളിത്തത്തെ ലോകവ്യാപകമാക്കുന്ന നവകൊളോണിയലിസം തങ്ങളുടെ വിപണിയും സാമ്പത്തിക

ആധിപത്യവും സംരക്ഷിക്കുന്ന ഭരണകൂടങ്ങളെ മാത്രമാണ് നിലനിർത്തുക. ആധിപത്യരാജ്യങ്ങളുടെ ഭരണകൂടത്തിൽ നിന്ന് ക്ഷേമസങ്കൽപങ്ങളും ധാർമ്മിക ഉത്തരവാദിത്വങ്ങളും എടുത്തുകളയുന്ന നവകൊളോണിയലിസം കരം പിരിവിനും തിരിച്ചടവിനുമുള്ള സംവിധാനമായി രാഷ്ട്രീയ, ഔദ്യോഗിക നിർവ്വഹണത്തെ കാണുന്നു. പുത്തൻ മുതലാളി ജനങ്ങളുടെ ക്രിയാശേഷിയേയും ക്രയശേഷിയേയും നികുതി പിരിവിനുള്ള മാർഗ്ഗമായി സ്വീകരിക്കുന്നു.

## പരാന്നഭോജികളുടെ താവളം

കീഴാളരെ ഉപകരണമാക്കി രാഷ്ട്രീയമായും ഔദ്യോഗികമായും ഉയർന്ന സ്ഥാനങ്ങൾ നേടിയ സവർണ്ണർ സ്വന്തം വർഗ്ഗതാൽപര്യങ്ങളെ എക്കാലത്തും സംരക്ഷിച്ചു വന്നു. വിദേശികളുടെ ഇടനിലക്കാരായും വക്താക്കളായും മാറിയ അവർ ഭൂരിപക്ഷം ജനങ്ങളെ വ്യത്യസ്ത ഭരണക്രമത്തിലൂടെ നിരന്തരം ചൂഷണം ചെയ്യുകയാണ്.

ഇപ്പോൾ നവകൊളോണിയലിസം അതിന്റെ ക്രൂര മുഖങ്ങളെ നിർദ്ദയം പ്രകടിപ്പിച്ചു തുടങ്ങുന്നു. വേൾഡ് ബാങ്കിന്റേയും ഐ. എം. എഫിന്റേയും എ ഡി ബിയുടേയും ആജ്ഞകളെ അനുസരിക്കുന്ന ഇന്ത്യൻ ഭരണകൂടം ജനജീവിതത്തെ അസഹ്യമാക്കുന്ന അമിത നികുതികൾ ചുമത്തുകയും തൊഴിൽ അവസരവും തൊഴിൽ സുരക്ഷിതത്വവും ഇല്ലാതാക്കുകയുമാണ്. സ്വദേശ ഉല്പന്നങ്ങളും തൊഴിൽ ഉടമകളും വിദേശ വസ്തുക്കളുടെ പ്രവാഹത്തിൽ അപ്രത്യക്ഷമായി.

താഴെക്കിടയിൽ തൊഴിലും തൊഴിൽ അവസരങ്ങളും നഷ്ടപ്പെടുമ്പോഴും ഉയർന്ന തസ്ഥികകൾ വമ്പിച്ച ശമ്പളത്തോടെ സ്ഥാപിക്കുന്നു. രാഷ്ട്രീയക്കാർ ഭരിക്കുന്ന കോർപ്പറേഷനുകളും ബോർഡുകളും നിരന്തരം വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

ജനങ്ങൾ നികുതിദായകർ മാത്രമായി അധഃപതിച്ച സാഹചര്യത്തിൽ ക്ഷേമരാഷ്ട്ര സങ്കല്പം ഇല്ലാതായ, ഇടനിലക്കാരായ ഭരണകൂടത്തിന്റെ ഘടനയെ അഴിച്ചു പണിയേണ്ടത് അത്യാവശ്യമാണ്. ദാതാവിന്റെ ആജ്ഞകളെ അനുസരിക്കുന്ന ഭരണക്രമത്തിൽ സ്വാതന്ത്ര്യത്തിന്റേയും സ്വയംനിർണ്ണാധികാരത്തിന്റേയും പ്രതീകങ്ങളായ എം.എൽ.എമാരുടേയും എം.പിമാരുടേയും പ്രസക്തി നഷ്ടമാകുന്നു. എങ്കിലും സമൂഹത്തിന്റെ സുരക്ഷിതത്വത്തിനും നിയമനിർണ്ണാണത്തിനും ജനപ്രതിനിധികൾ വേണം.

ഭൂരിപക്ഷം ജനങ്ങളും പട്ടിണിക്കാരായി തീർന്നുകൊണ്ടിരിക്കുന്ന സാമൂഹ്യാവസ്ഥയിൽ ചൂഷകനു മാത്രമാണ് സമ്പന്നമായ ഭാവിയുള്ളത്. സാമൂഹ്യവിരുദ്ധനായ രാഷ്ട്രീയക്കാരൻ തികച്ചും പരാന്നഭോജിതന്നെയാണ്.

നവകൊളോണിയലിസത്തിന്റെ കാലഘട്ടത്തിൽ വായ്പകളുടെ വിഹിതത്തിനു വേണ്ടി കടക്കെണി ഒരുക്കുന്ന രാഷ്ട്രീയക്കാരെ നികുതിദായകർ കുറ്റവിചാരണചെയ്തേപറ്റൂ. അവരുടെ സാമൂഹ്യസ്ഥാനത്തെ പുനർനിർണ്ണയിക്കാനും നമ്മൾ തയ്യാറാവണം. ■


പാവന സ്മരണയ്ക്ക്


15-04- 1974
40-ാ ചരമ വാർഷികം

04-08-2004
10-ാംചരമ വാർഷികം

28-08-1988
26-ാം ചരമ വാർഷികം


ചോയി മഠത്തിൽ അപ്പു
കുന്ദമംഗലം


ചോയി മഠത്തിൽ മാളുക്കുട്ടി
W/o ചോയി മഠത്തിൽ അപ്പു


ചോയി മഠത്തിൽ രാജൻ
S/o ചോയി മഠത്തിൽ അപ്പു

മക്കൾ: സി.ചന്ദ്രൻ, സരോജിനി, കൗസു, സൗമിനി, സുമതി, സുന്ദരൻ മറ്റു ബന്ധുമിത്രാദികൾ
CMS Glass House, Kovoor & Pottammel, Nishaj Glass Palace- Parampil bazar

(കഥ)

# വെള്ളിയാങ്കല്ലിന്റെ അമ്മ



എം.എസ്. കുമാർ




ഭാരതപ്പുഴ പടിഞ്ഞാട്ടു തിരിഞ്ഞൊഴുകുന്ന വളവിൽ രണ്ടു കുട്ടികൾ പുഴയെ നോക്കി നിന്നു. കുഞ്ഞിപ്പാക്കനും പങ്കിയും.

പാക്കേട്ടാ, ഈ പുഴയ്ക്ക് ഇവിടെ ഒരു വളവുണ്ടായതെന്തിനാ? നേരെയങ്ങ് ഒഴുകിയാൽ പോരായിരുന്നോ? കുഞ്ഞി പങ്കിയുടെ ചോദ്യംകേട്ട പാക്കൻ അൽപം ആലോചിച്ച ശേഷമാണ് മറുപടി പറഞ്ഞത്.

പങ്കീ അതൊരു പഴയ കഥയാണ്. നമുക്കൊരു മുത്തശ്ശിയുണ്ടായിരുന്നു. നിന്റെ പേരുതന്നെയായിരുന്നു ആ മുത്തശ്ശിക്കും. പങ്കി മുത്തശ്ശി. അവര് പറഞ്ഞു തന്നതാണീ കഥ.

നീ കഥ പയടാ. കുഞ്ഞിപങ്കി തിടുക്കം കൂട്ടി. കുഞ്ഞിപ്പാക്കൻ തുടങ്ങി. നീ കേട്ടിട്ടുണ്ടോ പെരുന്തച്ചൻ എന്നൊരു പേര്.

അതേതവനാ? പങ്കിയ്ക്കാപേരറിയില്ലായിരുന്നു. പാക്കൻ വിശദീകരിച്ചു. പെരുന്തച്ചൻ എന്നാൽ വലിയ ആശാരി. നമ്മള് മൂത്താശാരി എന്നു പറയാറില്ലേ? വാസ്തവത്തിൽ നമ്മുടെയൊക്കെ പൂർവ്വികനാണ്.

അതെങ്ങനെ? കുഞ്ഞിപങ്കിക്കു മനസ്സിലായില്ല. പാക്കൻ പറഞ്ഞു 'നീയ് പറയിപെറ്റ പന്തിരുകുലംന്ന്' കേട്ടിട്ടുണ്ടോടീ?

ഓ. അതു കഥയല്ലേ?

കഥയാണ്. ഐതിഹ്യമാണ്. അതിലുള്ളവരാണ് പെരുന്തച്ചനും നമ്മുടെ മുതുമുത്തച്ഛൻ പാക്കനാരും.!.

എന്നിട്ട്? നീയ് പുരാണം പറയാതെ പെരുന്തച്ചനെപ്പറ്റി പറയ്.

കുഞ്ഞിപാക്കൻ പറഞ്ഞു തുടങ്ങി. അദ്ദേഹം ഈ പുഴയോരത്തു കൂടി നടന്നു വരുകയായിരുന്നു. ഇവിടെ അടുത്തുള്ള പണിയൂരമ്പലത്തിന്റെ പണി മൂപ്പരാണ് നടത്തിയിരുന്നത്. കൈയ്യിൽ ഉളിയും മുഴക്കോലും ചുറ്റികയുമൊക്കെയുള്ള സഞ്ചിയുമുണ്ടായിരുന്നു. നടന്ന് ക്ഷീണിച്ച് ഈ പുഴയോരത്ത് മരത്തണലിൽ വിശ്രമിക്കാനിരുന്നു.

ഉം...എന്നിട്ട്? കുഞ്ഞിപങ്കി ചോദിച്ചു.

പാക്കൻ തുടർന്നു.

തണുത്ത കാറ്റേറ്റ് അദ്ദേഹത്തിന്റെ കണ്ണുകളടഞ്ഞു. ഉറങ്ങുന്നതിനിടെ തന്റെ കാലുകൾ നനയുന്നതായി അദ്ദേഹത്തിനു തോന്നി. ഞെട്ടിയുണർന്ന് നോക്കിയപ്പോൾ പുഴ നിറഞ്ഞെത്തിയ ഓളങ്ങൾ തന്റെ മേൽ അടിയ്ക്കുന്നു. പെരുന്തച്ചനു ദേഷ്യം വന്നു. അദ്ദേഹം തന്റെ സഞ്ചിയിൽ നിന്ന് ഉളിയും ചുറ്റികയും എടുത്തു. ഒരു മരക്കൊമ്പ് മുറിച്ചെടുത്ത് കുറ്റിയുണ്ടാക്കി. മുഴക്കോലടുത്ത് ഒരു വളഞ്ഞ വര വരച്ചു. ഒരു കുറ്റിയും തറച്ച് പുഴയോടു പറഞ്ഞു. ഉം. ഇതിലെ വഴിമാറി ഒഴുക്...

പുഴ വടക്കോട്ടു മാറി പടിഞ്ഞാട്ടൊഴുകി. വരഞ്ഞു കുറ്റി തറച്ച കടവിനെആളുകൾ വരണ്ടു കുറ്റി കടവെന്നു വിളിച്ചു.

പുഴയെ ഗതി മാറ്റിയ പെരുന്തച്ചനെഓർമിപ്പിച്ചു കൊണ്ട് കുട്ടികൾ തീരത്തു കൂടി നടന്നു. പങ്കി ചോദിച്ചു.

അപ്പോൾ ഓരോ പേരിന്നും ഇങ്ങനെഓരോ കഥയുണ്ടാകും അല്ലേ കുഞ്ഞിപ്പാക്കാ.

പിന്നെ നമ്മുടെ പേരും അങ്ങനെവന്നതല്ലേ? നമ്മുടെ മുതു മുത്തച്ഛനായിരുന്നു പാക്കനാർ. നമ്മുടെ കുടുബത്തിലെ എല്ലാവർക്കും ആൺകുട്ടികൾക്ക് പാക്കനെന്നും പെൺകുട്ടികൾക്ക് പങ്കിയെന്നും

പേരിടും. നിന്റെ പേര് കുഞ്ഞിപങ്കീ എന്ന് വന്നത എങ്ങനെയാണെന്നറിയാമോ? പാക്കനാർ മുതു മുത്തച്ഛന്റെ ഭാര്യയായിരുന്നു പങ്കി മുത്തശ്ശി.

അപ്പോൾ നമ്മുടെ കുടുബത്തിൽ എത്ര പാക്കന്മാരുണ്ടാകും?

കുഞ്ഞി പങ്കി ആലോചിച്ചു.

പാക്കൻ പറഞ്ഞു കൊടുത്തു. കുഞ്ഞിപ്പാക്കൻ, വലിയപ്പാക്കൻ, പാക്കനുണ്ണി, വെള്ളപ്പാക്കൻ, പാക്കൻകുട്ടി. സ്ത്രീകളുടെ പേരുകൾ കുഞ്ഞിപങ്കി ഓർമിച്ചെടുത്തു. പങ്കട, പങ്കജം, പങ്കി, പങ്കജാക്ഷി, കുഞ്ഞിപ്പങ്കി.

അവർ നദീതീരത്തുകൂടി നടന്ന് വെള്ളിയാങ്കല്ലു കോസ്‌വേ റഗുലേറ്ററിലെത്തി. പാലത്തിനു മീതെ വാഹനങ്ങൾ ഓടികൊണ്ടിരിക്കുന്നു. അണക്കെട്ടിനടുത്ത് മീൻ പിടുത്തക്കാരും വിൽപ്പനക്കാരും ബഹളം വെയ്ക്കുന്നു. പാക്കനും പങ്കിയും അണക്കെട്ടിലെ ജലാശയം നോക്കി നിന്നു. തെന്നിക്കളിയ്ക്കുന്ന പരൽ മീനുകളെ റാഞ്ചിയെടുക്കാൻ വട്ടമിട്ടുപറക്കുന്ന പരുന്തുകൾ. വെള്ളം തൊട്ടു കൊണ്ടു പറന്നുകളിക്കുന്ന വെള്ളകൊറ്റികൾ. പാലത്തിന്റെ അറ്റത്ത് താഴെ പുഴയോരത്ത് നീളത്തിൽ ചെരിഞ്ഞു കിടക്കുന്ന പാറ. പാറയിൽ നെടുകെ വെള്ള നിറം. കുഞ്ഞിപ്പാക്കൻ പറഞ്ഞു.

നോക്ക് വെള്ളിയാങ്കല്ല്.

പാക്കി മുത്തശ്ശി പറഞ്ഞു തന്ന വെള്ളിയാങ്കല്ലിന്റെ കഥ കുഞ്ഞിപ്പാക്കൻ പറയുന്നത് പങ്കി വാസ്തവമെന്ന നിലക്കു കേട്ടു.

മുതു മുത്തച്ഛനായ പാക്കനാർ എന്നും കടവിൽ കുളിയ്ക്കുമായിരുന്നു. തുവർത്തുമുണ്ട് ഒരു വീതിയുള്ള കല്ലിൽ ഉണങ്ങാനായി വിരിച്ചിട്ടു. വൈകുന്നേരം അത് കൊണ്ടു വരാൻ പങ്കി മുത്തശ്ശിയോടു പറഞ്ഞു. അവർ തുവർത്തെടുക്കാൻ നോക്കിയപ്പോൾ അത് പാറക്കല്ലിൽ ലയിച്ചിരിക്കുന്നു. അവർ പാക്കനാർ മുത്തച്ഛനോടു പറഞ്ഞു

അതൊരു വെള്ളക്കാരൻ കല്ലായി മാറിയിരിക്കുന്നു. മുത്തച്ഛൻ പറഞ്ഞു. അതവിടെ വെള്ളിയാങ്കല്ലായി കിടക്കട്ടെ.

ഈ പാലത്തിനെപറ്റി വലിയ അമ്മൂമ്മ പറഞ്ഞു തന്നില്ലേടാ. നിനക്ക് ഓർമ്മയുണ്ടോ?. ഇവിടത്തെ കടവിനേയും പാലത്തിനേയും ആളുകൾ വെള്ളിയാങ്കല്ല് എന്നു വിളിയ്ക്കും. ഈ പാക്കനാർ നാടിന്റെ അമ്മയാണ്. നമ്മുടെ മുതുമുത്തശ്ശി പങ്കിയമ്മ.

കുഞ്ഞിപ്പാക്കൻ ഓർമ്മിച്ചുകൊണ്ടുപറഞ്ഞു. പാക്കനാരു മുത്തച്ഛൻ മുറം ഉണ്ടാക്കി വിൽപ്പന നടത്തിയിരുന്നു. ഗ്രാമങ്ങളിൽ പോയി മുറം വീടുകളിൽ കൊടുക്കും. പത്തു മുറം വിലയ്ക്കു കൊടുക്കുമ്പോൾ ഒന്ന് ഏതെങ്കിലും സാധുവിന് വെറുതെ കൊടുക്കും.

അതെന്തിനാ?. കുഞ്ഞിപ്പങ്കി ചോദിച്ചു.

ഇന്ന് അദ്ധ്വാനിച്ചതിനുള്ള പ്രതിഫലം കിട്ടി. ഇനി മുറം വിറ്റു കാശു വാങ്ങിയാൽ അത് ലാഭമാണ്. എനിയ്ക്ക് ലാഭം വേണ്ട.

കുഞ്ഞിപ്പാക്കൻ പഠിച്ചത് ഉരുവിടും പോലെ പറഞ്ഞു.

പാക്കനാർ മുത്തച്ഛൻ കാലത്ത് മുറവുമായി പുഴയുടെ അക്കരേയ്ക്കു പോയി. കിഴക്കു നല്ല മഴക്കാറുണ്ടായിരുന്നു. പങ്കി മുത്തശ്ശി പറഞ്ഞു. വേഗം വന്നോളുണ്ടു. പുഴനിറഞ്ഞാൽ വൈകിയിട്ട് ഇക്കരേയ്ക്ക് കടക്കാൻ പ്രയാസമായിരിക്കും.

പത്തുമുറം വിറ്റു തീർന്നാൽ മടങ്ങി വരും. നേരത്തെയെങ്കിൽ നേരത്തെ. വൈകിയാൽ അങ്ങിനെ...! പാക്കനാർ പുഴ കടന്ന് വടക്കോട്ടുപോയി. പരുതൂർ, പള്ളിപ്പുറം ഗ്രാമങ്ങളിലൂടെ നടന്ന് നേരം വൈകി. ഭയങ്കരമായ കാറ്റും മഴയും വന്നു. നിളാ നദി കരകവിഞ്ഞൊഴുകി. പാക്കനാർ ധൃതിയിൽ വെള്ളിയാങ്കല്ലു കടവിലെത്തി. കല്ല് വെള്ളം മൂടിയിരിയ്ക്കുന്നു. പാക്കനാർ തെക്കോട്ടു നോക്കി. ഇടിമിന്നലിൽ അക്കരെ നിൽക്കുന്ന രൂപം കണ്ടു. അദ്ദേഹം വിളിച്ചു.

പങ്കിയേ- പൂപോയ്.....

ഞാൻ ഇവിടെ ഉണ്ടേയ്....നേരെ പോന്നോളൂ....

പാക്കനാർ മുത്തച്ഛൻ പുഴയിലിറങ്ങി. പങ്കി മുത്തശ്ശിയെ ലക്ഷ്യമാക്കി നീന്തി. കരയ്ക്കു കാത്തു നിൽക്കുന്ന പങ്കിയുടെ കൈപിടിച്ചു കരകയറി. പാക്കനാർ നീന്തിയ വഴി ഒരു നിമിഷം മായാതെ നിന്നതായി പങ്കി മുത്തശ്ശിക്കു തോന്നി. താൻ അക്കരെ നിന്നു കൂവിയ ശബ്ദം ഒരു നേർ രേഖയായി നദിക്കുമേൽ ഘനീഭവിച്ചു നിന്നപോൾ അവർക്ക് തോന്നി.

നാളെ നമ്മുടെ അനന്തിരവൻമാരും മക്കളും മക്കളുടെ മക്കളും ഇവിടെ ഒരു പാലമുണ്ടാക്കും. പങ്കി മുത്തശ്ശി പറഞ്ഞപ്പോൾ പാക്കനാർ പ്രതിവചിച്ചു. അവർ ഈഅമ്മയേയും ഓർമ്മിക്കും. വെള്ളിയാങ്കല്ലു പാലത്തിന്റെ അമ്മയെ. മുത്തശ്ശിയെ.

വരാൻ പോകുന്ന പാലം മനസ്സിൽ സങ്കൽപ്പിച്ചു അവർ നടന്നു. തന്റെ കൈയ്യിലവശേഷിച്ച ഒരു മുറം പാക്കനാർ പങ്കിയമ്മയ്ക്കു കൊടുത്തു.

നിളേ, ഇതു നിനക്കിരിക്കട്ടെ. പങ്കി മുത്തശ്ശി ആ മുറം പുഴയുടെ ഒരു ഭാഗത്ത് കമിഴ്ത്തി വെച്ചു.

അനേകമനേകം തലമുറകളുടെ പുതിയ പ്രതി നിധികളായ കുഞ്ഞിപ്പാക്കനും കുഞ്ഞിപ്പങ്കിയും വെള്ളിയാങ്കല്ലു കടവിൽനിന്നു തിരികേ നടന്നു. റോഡരികിലൂടെ കിഴക്കോട്ടു നടക്കവേ നേർത്ത ചാറ്റൽ മഴ വന്നു. അവർ അടുത്തു കണ്ട ഒരു മരത്തിനു കീഴെ നിന്നു. അൽപ്പം ഉയർന്ന ഒരു പുൽത്തറയിലേയ്ക്കു കയറി. കാഞ്ഞിരച്ചുവട്ടിൽ ഒരു കരിങ്കൽ വിഗ്രഹം കണ്ട് കുഞ്ഞിപ്പങ്കി ചോദിച്ചു. ഇതേത് ഭഗവതിയാണ് എന്നറിയോ?.


അതു വഴി വന്ന ഒരാൾ കുട്ടികളെ ശ്രദ്ധിച്ചു. അയാൾ ചോദിച്ചു. എന്താ മക്കളെ കാവു തറേൽ കേറി നിക്കണേ?.

ഏ!...അവർ ഒരുമിച്ചു ചോദിച്ചു. സാരമില്ല. നിങ്ങൾ അറിയാതെ മഴയത്തു കേറി നിന്നതല്ലേ. കുട്ടികളേ ഇതു കുമ്മടി കാവ് തറയാണ്. പാക്കനാരും ഭാര്യയും മുറം കമിഴ്ത്തിയ കാവുതറ!. അയാൾ ആ വിഗ്രഹത്തിനു നേരെ കൈകൂപ്പി നിന്നു വിളിച്ചു. അമ്മേ!!

# ഇടിവെട്ടും ഇടിമിന്നലും



പി. ആർ. നാഥൻ



ഇടിവെട്ട് ഗോപാലപിള്ള എന്നാണ് ചങ്ങാതിയുടെ പേര്. ആ നാമത്തിൽ നിന്നു തന്നെ ആളിന്റെ സ്വഭാവം വ്യക്തമാകുമല്ലോ. ഇടിവെട്ടുന്ന ഉച്ചത്തിൽ സംസാരിക്കുകയും ഇടിമിന്നൽ മാതിരി ആക്രമിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ഗോപാലപിള്ള. ഗോപാലപിള്ളയെ അറിയുമോ എന്ന് ആരോടെങ്കിലും ചോദിച്ചാൽ ഈ ഭൂമിയിൽ എത്ര ഗോപാലപിള്ളയുണ്ട് എന്ന മറു ചോദ്യമാണുണ്ടാവുക. ഇടിവെട്ടിനെഅറിയാമോ എന്നു ചോദിച്ചാൽ ഉത്തരം റെഡി. ഒരേഒരു ഇടിവെട്ട് മാത്രമേ ഭൂമിയിൽ ജീവിച്ചിരിക്കുന്നുള്ളു. അത് ഇടിവെട്ട് ഗോപാലപിള്ളയാണ്.

പ്രഭാതത്തിൽ ഉറക്കമുണരുന്ന സ്വഭാവമില്ലാത്തത് വീട്ടുകാരുടെ ഭാഗ്യം. എട്ടുമണിക്ക് ഉണർന്ന ശേഷം ഇടിവെട്ടുന്ന ശബ്ദത്തിൽ സകലരേയും ഭയപ്പെടത്തി എന്ന ഊറ്റത്തോടെ ഗോപാലപിള്ള ഓഫീസിൽ എത്തുന്നു. അയാൾ ഒരു സർക്കാർ സ്ഥാപനത്തിലെ സൂപ്രണ്ടാണ്. കീഴുദ്യോഗസ്ഥന്മാർക്ക് അയാളെ പേടിയാണ്. മേലുദ്യോഗസ്ഥന്മാരും അയാളെ ഭയപ്പെടുന്നു. അനീതിക്കെതിരെ പടവാളോങ്ങുന്ന വ്യക്തിയാണ് താനെന്ന് അയാൾ വിശ്വസിക്കുന്നു. അനീതി കാണുമ്പോൾ വെറുതെയിരിക്കാൻ കഴിയുമോ–? ഉച്ചത്തിൽ സംസാരിക്കേണ്ടത് തന്റെ കടമയാണെന്നാണ് ഗോപാലപിള്ളയുടെ വിചാരം. കീഴുദ്യോഗസ്ഥന്മാരുടെ അനീതിക്കെതിരെ അയാൾ ആക്രോശിക്കും. മേലുദ്യോഗസ്ഥന്മാരേയും അയാൾ വെറുതെ വിട്ടില്ല. മേലുദ്യോഗസ്ഥന്മാർക്കും അയാളൊരു ശല്യമാണ്. ഇടിവെട്ട് ഗോപാലപിള്ളമാർ നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട്. തിരിഞ്ഞു നോക്കിയാൽ നമ്മുടെ കുടുംബത്തിലും കാണും ഒരെണ്ണം. നീതിയ്ക്കുവേണ്ടി ഞാൻ പടപൊരുതുന്നു എന്നാണ് ദുർഗുണങ്ങളുള്ള എല്ലാ വ്യക്തികളും വിചാരിക്കുക. നീതിയെന്താണെന്ന് അവരാണ് നിശ്ചയിക്കുക. കശാപ്പിനു കൊണ്ടു പോകുന്ന പോത്ത് പ്രാണഭയത്തോടെ ഓടുമ്പോൾ കശാപ്പുകാരൻ ചോദിക്കുന്നു. പോത്ത് അനീതിയല്ലേ കാണിക്കുന്നത്. മനുഷ്യന് കൊന്നു തിന്നാനല്ലെ ദൈവം പോത്തിനെസ്യഷ്ടിച്ചിരിക്കുന്നത് എന്നയാൾ ചോദിക്കുന്നു. താൻ ചെയ്യുന്നതെന്തും നീതിയാണ് എന്നു ധരിച്ചുവശായ എത്രയോ ആളുകൾ നാട്ടിലുണ്ട്. ഇടിവെട്ടു ഗോപാലപിള്ള അത്തരത്തിൽപ്പെട്ട ഒരാളാണ്. പരീക്ഷ എഴുതി പാസ്സായ ആർക്കും ഗവൺമെന്റ് ഉദ്യോഗസ്ഥന്മരാകാം. ഇടിവെട്ടുകാരെ തിരഞ്ഞെടുക്കാതിരിക്കൂ എന്ന് ഒരു നിയമത്തിലും പറയുന്നില്ല. ഇടിവെട്ട് ഇന്നല്ലെങ്കിൽ നാളെ സർവ്വീസിൽ നിന്ന് പിരിഞ്ഞു പോകുമല്ലോ എന്ന് സകലരും ആശ്വസിച്ചു. പിരിയാനുള്ള പ്രായം അടുക്കും തോറും സഹപ്രവർത്തകർക്ക് സന്തോഷമായി. ഇനി അധികകാലം ഇടിവെട്ടിനെസഹിക്കേണ്ടല്ലോ.

ഇത്തരമൊരു പശ്ചാത്തലത്തിൽ അയാളുടെ ഭാര്യക്കും മക്കൾക്കും ഭയം. ഇതുവരെ അവധി ദിവസങ്ങളിൽ മാത്രം അയാളെ സഹിച്ചാൽ മതിയായിരുന്നു. ഇവിടന്നങ്ങോട്ട് ആഴ്ചയിൽ ഏഴുദിവസവും ഇടിവെട്ടിന്റെ സ്വരം കേൾക്കണം. ഇന്നേവരെ അച്ഛൻ നന്നായി പെരുമാറിയ അനുഭവം മക്കൾക്ക് പറയാനില്ല. ഭാര്യയാണെങ്കിൽ ഇടിവെട്ടിനോട് വെറുപ്പാണ്. പോയജന്മത്തിൽ പാപം ചെയ്തതുകൊണ്ടാണ്

അയാളുടെ ഭാര്യയാകേണ്ടി വന്നത്. ഇതിലും ഭേദം ഒരു റൈസ്മില്ലിനെ വിവാഹം കഴിക്കുന്നതായിരുന്നു.

ഇടിവെട്ട് ഗോപാലപിള്ള സർവ്വീസിൽ നിന്ന് വിരമിക്കുകയാണ്. ഉദ്യോഗത്തിലിരിക്കുമ്പോൾ മറ്റുള്ളവർ എല്ലാ തോന്നിവാസങ്ങളും വകവെച്ചു തരും. ഉദ്യോഗമില്ലാതാകുമ്പോഴാണ് നാട്ടുകാരുടെ പെരുമാറ്റത്തിൽ മാറ്റം വരിക. ഭാര്യയും മക്കളും തന്നെ അവഗണിക്കാൻ സാധ്യതയുണ്ടോ-?. ഉള്ളിൽ നേരിയ ഭയം. അങ്ങിനെയിരിക്കെ ഉദ്യോഗത്തിൽ നിന്നും വിരമിക്കുന്ന ദിവസമെത്തി. എല്ലാവരും കൂടി ഒരു യാത്രയയപ്പ് നൽകാൻ പോകുകയാണ്. ആർക്കും ഇടിവെട്ടിനെകുറിച്ച് നല്ലതു പറയാനില്ല. ദുഷ്ടന്മാർ മരിക്കുമ്പോൾ നാം പതിവായി പറയുന്ന ഒരു വാചകമുണ്ട്. ആ വാചകം കേട്ടാൽ ചത്തുപോയവൻ ഒരു ധിക്കാരിയായിരുന്നു എന്ന് നമുക്ക് ഊഹിക്കാം. ഇടിവെട്ടിന്റെ യാത്രയയപ്പിലും ശത്രുക്കളായ ചിലർ അയാളെ പാരവെച്ച് സംസാരിക്കാൻ തുടങ്ങി. പുറമേക്ക് പരുക്കനായി കാണുന്ന ചിലർ നാളികേരം മാതിരിയാണ്. അകത്ത് കാമ്പുണ്ടെങ്കിലും നാളികേരം പുറമേക്ക് പരുക്കനാണല്ലോ. ഉറക്കെ സംസാരിക്കുമെങ്കിലും ഇടിവെട്ട് ഒരു ശുദ്ധനാണ്. അദ്ദേഹത്തിന്റെ ഹൃദയം പരിശുദ്ധമാണ്. തുറന്നു പറയുന്നവർ നല്ല വ്യക്തികളാണ്. യാത്രയയക്കാൻ വന്നവരെല്ലാം ഒരു കാര്യം സൂചിപ്പിച്ചു. ഇവിടുന്നങ്ങോട്ട് നന്നായി പെരുമാറുന്നത് നല്ലതാണ്. ഇടിവെട്ട് ഗോപാലപിള്ളയും തീരുമാനിച്ചു. ഇനി ഇടിവെട്ടിയാൽ മഴ പെയ്യില്ല. അതിനാൽ സകലരോടും നന്നായി പെരുമാറുക തന്നെ. യാത്രയയപ്പ് കഴിഞ്ഞ് സഹപ്രവർത്തകർ ഇടിവെട്ടിനെ ഒരു കാറിൽ വീട്ടിൽ എത്തിച്ചു.

ഭാര്യയും മക്കളും വീട്ടിനകത്തുണ്ടെങ്കിലും അവർ അടുത്തേക്ക് വന്നില്ല. മകൻ അമ്മയുടെ കാതിൽ പറഞ്ഞു. ഇപ്പോൾ ഇടിവെട്ട് തുടങ്ങും. അതു കേട്ട് നീരസഭാവത്തിൽ മകൾ മുഖം തിരിച്ചു. അച്ഛനെക്കുറിച്ച് കേൾക്കുമ്പോൾ തന്നെ അസഹ്യഭാവം. ഇടിവെട്ട് തീരുമാനിച്ചു. ഇവിടുന്നങ്ങോട്ട് നല്ലവലായി മാറാം. ആളുകളുടെ അഭിപ്രായം മാറ്റിയെടുക്കാം. അയാൾ സ്നേഹപൂർവ്വം ഭാര്യയുടെ അരുകിലെത്തി. ഭാര്യ അ ടുക്കളയിൽ ജോലി ചെയ്യുകയാണ്.

"കല്യാണി" അയാൾ സ്നേഹം നിറഞ്ഞ സ്വരത്തിൽ ഭാര്യയെ വിളിച്ചു.

ഭാര്യ ഞെട്ടിപ്പോയി. ഭർത്താവിന് ആളു മാറിയോ

"നിനക്ക് സുഖം തന്നെയല്ലേ കല്യാണി"

രണ്ടാമത്തെ ഞെട്ടൽ. കല്യാണിക്ക് അത്ഭുതം.

"നീ ശരീരം നല്ലതു പോലെ സൂക്ഷിക്കണം. നിത്യേനഒരു ടീസ്പൂൺ ച്യവനപ്രാശം കഴിക്കണം. ഞാനത് കടയിൽനിന്നും വാങ്ങിക്കൊണ്ടു വരാം".

കല്യാണിക്ക് സംശയം. എന്താണീ കേട്ടത്-? ഇടിവെട്ട് ഗോപാലപിള്ള പിന്നെ മകളുടെ മുറിയിലേക്ക് നടന്നു. അവൾ ഒരിടത്തിരുന്ന് പഠിക്കുകയാണ്.. ഗോപാലപിള്ളയുടെ പോക്ക് കണ്ട് ഭാര്യയും മകനും വാതിൽക്കൽ ഒളിച്ചു നിന്നു. അയാൾ മകളുടെ ശിരസ്സിൽ തലോടി.

"നന്നായി പഠിക്കണം കെട്ടോ മോളെ, നീ അച്ഛന് അഭിമാനമായി മാറണം. നിന്നെ എനിക്ക് ജീവനാണ്"

മകൾ പേടിച്ചു എന്നതാണ് സത്യം. ശകാര വാക്കുകളല്ലാതെ ഒന്നും പറയാത്ത സ്വഭാവക്കാരനാണ് പിതാവ്.

"നിനക്ക് എന്തു ആവശ്യമുണ്ടെങ്കിലും എന്നോട് പറഞ്ഞാൽ മതി. അച്ഛന്റെ അഭിമാനമാണ് നീ".

ഇത്രയും കേട്ടതും അവൾ തരിച്ചിരുന്നു പോയി. മകൻ അമ്മയുടെ കാതിൽ പറഞ്ഞു. അച്ഛന് എന്തോ സംഭവിച്ചിട്ടുണ്ട്. തുടക്കത്തിലേ ട്രീറ്റു ചെയ്തില്ലെങ്കിൽ കാര്യം അപകടകരമാകും. അപ്പോഴെക്കും ഗോപാലപിള്ള മകന്റെ അരുകിലെത്തി.

"എന്തൊക്കെയുണ്ട് മോനെ വിശേഷം"

അച്ഛൻ ആദ്യമായിട്ടാണ് മകനെമോനെഎന്നു വിളിക്കുന്നത്. മകന്റെ സംശയം ഇരട്ടിച്ചു. ഇതിന് ആയുർവ്വേദ ചികിത്സമതിയാകില്ല എന്ന കാര്യം ഉറപ്പ്. അച്ഛൻ സ്നേഹപൂർവ്വം ചിരിക്കുന്നു. പേടിക്കാൻ ഇതിലേറെ എന്തുവേണം. മകൻ രക്ഷപ്പെട്ട് അവിടെ നിന്നും മാറി. ഇടിവെട്ട് ഗോപാലപിള്ളയുടെ സ്വഭാവത്തിന് ആകെ പരിവർത്തനം. പെട്ടെന്ന്സ്വഭാവപരിവർത്തനത്തിലേക്ക് നീങ്ങുന്ന ആർക്കും ഇത്തരത്തിലുള്ള പ്രതിസന്ധികൾ ഉണ്ടാകും. അമ്മയും മകളും തമ്മിൽ ഒരിടത്തു നിന്ന് സ്വകാര്യ സംഭാഷണം

"ഷോക്കിൽ കുറഞ്ഞ ഒരു ചികിത്സയും അച്ഛന് ഏശുമെന്ന് തോന്നുന്നില്ല. കാര്യം അത്രമാത്രം സീരിയസ്സാണ്"

" നിങ്ങടെ അച്ഛൻ ഇന്നേ വരെ എന്നോട് നോർമലായി പെരുമാറിയിട്ടില്ല. ഇപ്പോൾ എന്തോ സംഭവിച്ചിരിക്കുന്നു" മകൾ സ്വന്തം അഭിപ്രായം തുറന്നു പറഞ്ഞു.

''ഇത് ചികിത്സിച്ചാൽ മാറുമൊ എന്നാണ് സംശയം"

അച്ഛനും അമ്മയും മക്കളും ചേർന്ന് ഒരു മന:ശാസ്ത്രജ്ഞനെ ഫോണിൽ വിളിച്ചു. രോഗലക്ഷണങ്ങൾ കേട്ട് മന:ശാസ്ത്രജ്ഞൻ പറഞ്ഞു. "ഇത് മാറ്റി തരാമെന്ന ഗ്യാരണ്ടിതരാൻ എനിക്കു കഴിയുകയില്ല.

ഞാൻ മനസ്സിലാക്കിയടത്തോളം അദ്ദേഹത്തിന് ക്രോണിക്കായ അസുഖമാണ്. ഇത്ര സീരിയസ്സായ രോഗികളെ ഞാൻ അധികം ചികിത്സിച്ചിട്ടില്ല"

വൈകുന്നേരം ഇടിവെട്ട് ഗോപാലപിള്ള പതിവില്ലാത്ത വിധം ക്ഷേത്രത്തിൽ പോയി. വഴിയിൽ കാണുന്നവരോടെല്ലാം ഭംഗിയായി സംസാരിച്ചു. തിരികെ വന്ന് കട്ടിലിൽ വിശ്രമിക്കാനായി കിടന്നപ്പോഴേക്കും മുറ്റത്ത് ചെറിയൊരു ആൾക്കൂട്ടം. ഭാര്യയും മക്കളും അവരോട് പറയുന്നു.

"നാളെ രാവിലെ ആശുപത്രിയിൽ അഡ്മിറ്റാക്കാൻ നിശ്ചയിച്ചു. റിട്ടയർമെന്റ് സിംഡ്രോം എന്നാണത്രെ ഈ അസുഖത്തിന്റെ പേര്"

നാട്ടുകാരായ ഞങ്ങളൊക്കെ പേടിച്ചു. അമ്പലത്തിൽ വെച്ച് ഗോപാലപിള്ള ഒരാളുടെ മുഖത്തു നോക്കി ചിരിച്ചു. സംഭവം ചിത്തഭ്രമമാണെന്ന് ഞങ്ങൾക്ക് അപ്പോഴേ മനസ്സിലായി

കാര്യമറിയാതെ ഉമ്മറത്തേക്ക് സൗമ്യ ഭാവത്തിൽ വന്ന ഗോപാലപിള്ളയോട് മകൻ പറഞ്ഞു.

"അച്ഛൻ നാളെ രാവിലെ എന്റെ കൂടെ ഒരു സ്ഥലം വരെ വരണം"

മറുപടിയായി ഇടിവെട്ടില്ല. ഞാൻ വരാമല്ലോ മോനെഎന്ന് മൃദുലസ്വരത്തിൽ മറുപടി. ഭാര്യയും മക്കളും കരഞ്ഞുപോയി. അവർക്ക് സങ്കടം നിയന്ത്രിക്കാൻ കഴിയുന്നില്ല. ■

ലേഖനം

# പുതിയ പഞ്ചതന്ത്രം



സുകുമാർ
കൂർക്കഞ്ചേരി



പഞ്ചതന്ത്രം കഥയിലെ ഒരേടല്ല ഇവിടെ പകർത്തുന്നത്. 2005 ജൂലായ് മാസം 16-ാംനു ന്യൂ ദെൽഹിയിലെ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെ ഔദ്യോഗിക വസതിയുടെ മുറ്റത്ത് ശരിക്കും നടന്ന കാര്യമാണ്. അന്നു വൈകുന്നേരം പ്രധാനമന്ത്രിയുടെ വീട്ടുമുറ്റത്ത് എങ്ങു നിന്നോ എത്തിയ ഒരാൺമയിൽ അതീവ ഭംഗിയോടെ പീലി നിവർത്തി ആടാൻ തുടങ്ങി. ഫോട്ടോഗ്രാഫർമാർ അറിഞ്ഞെത്തി ക്യാമറ ക്ലിക്കു ചെയ്യുമ്പോഴേക്കും കമാൻേറാമാർ മയിലിനെഓടിച്ചു വിട്ടു. പക്ഷെ അൽപസമയത്തിനു ശേഷം തൊട്ടടുത്ത ചെടിക്കൂട്ടത്തിൽ നിന്നും മയിൽ വീണ്ടും ഇറങ്ങി വന്നു. കൂട്ടത്തിൽ എവിടെയോ നിന്നെത്തിയ ഒരു പൂച്ചയും. സുന്ദരനായ മയിൽ പീലി വിടർത്തി ആടിയും പൂച്ചയാവട്ടെ ആനന്ദത്തമാസ്വദിച്ചും ഇരുന്നു. അങ്ങനെരണ്ടുപേരും അവരുടേതായ ഭാഷയിൽ സംവദിച്ചു കൊണ്ട് കുറച്ചു സമയം കഴിച്ചു കൂട്ടി.

സംഭവം നടക്കുന്ന സ്ഥലം ഏറെ തിരക്കുള്ള ഭാരതത്തിന്റെ തലസ്ഥാനമാണെന്നോർക്കണം. കാലഘട്ടമാണെങ്കിൽ ഏറെ പുരോഗമിച്ച ഈ ശാസ്ത്രയുഗവും. ശരിക്കും അത്ഭുതം തോന്നാവുന്നതാണ്.

1483 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമേയുള്ളൂ ദൽഹിക്ക്. ജനസംഖ്യ 1 കോടി 38 ലക്ഷത്തോളംവരും 93000ഹെക്ടർ കൃഷിഭൂമിയുണ്ടായിരുന്നത് ഇപ്പോൾ 55000 ഹെക്ടറായി ചുരുങ്ങി. അഞ്ച് നാഷണൽ ഹൈവേകൾ ദൽഹിയിലൂടെ കടന്നു പോകുന്നു. ആകെ 26582 കിലോമീറ്റർ ദൈർഘ്യം വരും റോഡുകൾക്ക്. 16 ലക്ഷത്തോളം വാഹനങ്ങൾ ഇവിടെ ഓടുന്നു. ദൽഹി, ന്യൂദെൽഹി, നിസാമുദ്ദീൻ എന്നിങ്ങനെമൂന്നു പ്രധാനപ്പെട്ട റയിൽവേ സ്റ്റേഷനുകളുണ്ട്. മൂന്നു വിമാനത്താവളങ്ങൾ വേറയുമുണ്ട്. ഇവിടെയാണ് പഴയ പഞ്ചതന്ത്രം കഥയിലേതുപോലെ വർദ്ധിച്ച ജനസഞ്ചയത്തെ സാക്ഷി നിർത്തി രണ്ടു മിണ്ടാപ്രാണികൾ ഒത്തുകൂടുന്നതും ഭയലേശമെന്യേ കുറച്ചു നേരം തമ്മിൽ സംവദിക്കുന്നതും.

ലോകമിന്ന് നിതാന്ത ഭീഷണികളുടേയും ആപത്തുകളുടേയും നടുക്കാണ്. ദുഷ്ട ജന്മങ്ങളുടെ ഭാരം മൂലം ഭൂമിദേവി തന്നെ മറ്റൊരു കൃഷ്ണാവതാരത്തിനായി കാത്തിരിയ്ക്കുകയാവാം. അഥവാ രക്ഷയുടെ ഒരവതാരവും ഇനിയുണ്ടാകില്ലെന്ന ഇച്ഛാഭംഗത്താൽ കാറ്റായും മഴയായും ഭൂകമ്പമായും സുനാമിയായും സ്വയം പീഢനമൊരുക്കി ഭാരം കുറയ്ക്കാനുള്ള ബദ്ധപാടിലുമാവാം. അമേരിക്കയിലെ ന്യൂ ഓർലിയൻസിനെമുക്കിയ കട്രീന തിരകളും ടെക്സാസിന്റേയും ലൂസിയാനയുടേയും തീരങ്ങളിൽ ആഞ്ഞടിച്ച റീത്ത ചുഴലിക്കാറ്റും തെക്കൻ ചൈനയെ പിടിച്ചു കുലുക്കിയ ഖാനൂൻ കാറ്റും വീണ്ടും ആഞ്ഞടിക്കാനൊരുങ്ങുന്ന ഡംറേ ചുഴലിയും ഈ ശ്രേണിയിലെ മറ്റു ചില ഉദാഹരണങ്ങൾ.

മനുഷ്യ നിർമ്മിതമായ നശീകരണ സ്രോതസ്സുകൾ ഇനി വേറേയുമുണ്ട്. പല രാജ്യങ്ങളുടേയും കലവറകളിലായി 27,600 അണുബോംബുകൾ സൂക്ഷിച്ചുട്ടുള്ളതായാണ് ഏറ്റവും പുതിയ കണക്ക്. ഭൂമിയുടെ പകുതി ഭാഗം മുഴുവനും ക്ഷണനേരം കൊണ്ടു ചാരമാക്കാനുള്ള ശക്തിയുണ്ടവയ്ക്ക്. കോടിക്കണക്കിനു ജനത്തെ ഞൊടിയിടയിൽ അത് ഭൂമുഖത്തു നിന്നും തുടച്ചു നീക്കും. ഏറ്റവും കൂടുതൽ ബോംബുകളുള്ളത് റഷ്യയിലത്രെ, എണ്ണം 16,000. ഇതിൽ 2000 എണ്ണം പഴകിപ്പോയതുകൊണ്ട് തിരിച്ചെടുത്ത് നശിപ്പിക്കാനുള്ള ശ്രമത്തിലാണ്. അമേരിക്കയുടെ പക്കലുള്ളത് 10,000 ബോംബുകളാണ്. ഇതിൽ പകുതിയെങ്കിലും ഏതാനും വർഷം കൊണ്ട് നശിപ്പിച്ചുകളയുമെന്നാണ് അവരുടെ വാഗ്ദാനം. 1000ത്തിൽ താഴെ ബോംബുകളാണത്രെ ബ്രിട്ടന്റെ കൈവശമുള്ളത്. അണുബോംബ് കൈവശമുണ്ടെന്ന് അഹങ്കാരം

പുറത്തു പറയുന്നില്ലെങ്കിലും 200 ൽ താഴെ എണ്ണം ഇസ്രായേലിന്റെ പക്കലും 400 എണ്ണമെങ്കിലും ചൈനയിലും സൂക്ഷിക്കുന്നതായാണ് അറിയുന്നത്. തുറന്നു സമ്മതിക്കാനുള്ള മനസ്സില്ലെങ്കിലും ഇന്ത്യയ്ക്കും പാക്കിസ്ഥാനുമുണ്ട് 100 ഓളം ബോംബുകളുണ്ടാക്കാനുള്ള സാങ്കേതിക മികവ്. ഈദുരന്ത ചിഹ്നങ്ങൾക്കിടയിൽകഴിയുന്ന മനുഷ്യന് ആശ്വാസത്തിന്റെ നേരിയ കണികയെങ്കിലും വീണു കിട്ടാനുള്ള വിധിയുണ്ടോ?

ഭാഗവതത്തിൽ പറയുന്നുണ്ട് ദ്വാപരയുഗത്തിൽ കൃഷ്ണാവതാര സമയത്ത് പൂരം, ഗ്രാമം, കാട്, പർവ്വതം, നദി മുതലായവയാൽ അലംകൃതമായ ഭൂമി എത്രയും തെളിഞ്ഞ് വിളങ്ങിയെന്ന്! പാപികളുടെ ആധിക്യംമൂലം താങ്ങാനാവാത്ത വിധം ഭാരമേറ്റ് സങ്കടപ്പെടുന്ന ഭൂമി ശ്രീകൃഷ്ണാവതാരംമൂലം ആ ഭാരമെല്ലാം ഇല്ലാതാകും എന്നറിഞ്ഞതുകൊണ്ടാണത്രെ അത്രയേറെ തെളിഞ്ഞു വിളങ്ങിയത്. ആസമയത്ത് പൊയ്കകളും അവയിലെ താമരപ്പൂക്കളും വികസിച്ച് തെളിഞ്ഞതായി പറയുന്നു. വൃക്ഷങ്ങൾ തളിർക്കുകയും പുഷ്പിക്കുകയും കായ്കനികൾ ചൂടുകയും ചെയ്തുപോലും. പ്രകൃത്യാ പരസ്പരം കലഹിക്കാറുള്ള പക്ഷികൾ, മൃഗങ്ങൾ ഇവയൊക്കെ വൈരം വെടിഞ്ഞ് ഒരുമിച്ചു ചേർന്ന് ആമോദിച്ചുവത്രേ. (കടപ്പാട്: പ്രൊഫ. എം.കെ. സാനു)

ചങ്ങാതി മൃഗങ്ങൾ അഥവാ. Pets(companion animalഎന്ന് പുതിയപദം) പ്രകൃത്യാതന്നെ അദ്ധ്യാപകരാണെന്ന് ആധുനിക ശാസ്ത്രവും പറയുന്നുണ്ട്. പക്ഷികളും മൃഗങ്ങളും വ്യത്യസ്ത പ്രായത്തിൽപ്പെട്ടവരെ ഉത്തരവാദിത്തം, സഹാനുഭൂതി, വിശ്വാസ്യത, ഉപാധികളില്ലാത്ത സ്നേഹം തുടങ്ങിയ ഗുണങ്ങൾ പഠിപ്പിക്കുമത്രേ. (കടപ്പാട്: മേനകഗാന്ധി) society for companion animals studies നടത്തിയ അന്താരാഷ്ട്ര സമ്മേളനത്തിൽ കുട്ടികളിൽ പക്ഷിമൃഗാദികൾക്കുള്ള സ്വാധീനം ചർച്ചചെയ്യപ്പെടുകയുണ്ടായി. അക്രമം കണ്ടു ഭയക്കുന്ന കുട്ടികൾക്ക് ആശ്വാസമേകാൻ ചങ്ങാതി മൃഗങ്ങൾക്ക് കഴിയുന്നുണ്ടത്രേ. യുദ്ധമുന്നണികളിലെ കുട്ടികളിൽ നടത്തിയ പഠനങ്ങൾ ഇത് തെളിയിക്കുന്നു. ചങ്ങാതി മൃഗങ്ങളുമായുള്ള അടുപ്പം പിരിമുറുക്കം കുറയ്ക്കുവാനും ഉപകരിക്കുന്നുണ്ട്. ചെടികളും മൃഗങ്ങളുടെ സാന്നിദ്ധ്യവും കുട്ടികളുടെ അന്തരീക്ഷത്തെ സമ്പന്നമാക്കുന്നു. കുട്ടികളിലെ അക്രമോത്സുകതയും അശാന്തമായ പെരുമാറ്റ രീതികളും മാറ്റുന്നതിന് പക്ഷിമൃഗാദികൾക്ക് കഴിയുന്നു. അവയുമായുള്ള സഹവാസം മനുഷ്യരിൽ ആത്മവിശ്വാസവും അതുവഴി തന്നോടുതന്നെയുള്ള ബഹുമാനവും വർദ്ധിപ്പിക്കാൻ ഇടയാക്കുന്നു. പക്ഷിയേയോ മൃഗത്തേയോ ചങ്ങാതിയാക്കിയാൽ വീട്ടിലെ സ്നേഹാന്തരീക്ഷം വർദ്ധിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്.

ജീവിതത്തിൽ പ്രകൃതിക്കും പക്ഷിമൃഗാദികൾക്കുമുള്ള പങ്ക് എത്രവലുതാണെന്ന് മേൽപ്പറഞ്ഞ സംഗതികൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. സർവ്വനാശം ഭയക്കുന്ന കാലത്തും ജീവന് സുരക്ഷയും സമാധാനവും നൽകുവാൻ പ്രകൃതി നമ്മെ ഏതൊക്കെ വിധത്തിലാണ് സഹായിക്കുന്നത്!

ഈ അശാന്തി പർവ്വത്തിലും ദൈവം മനുഷ്യനുവേണ്ടി ഒരുക്കിതന്ന അനുഗ്രഹ വർഷത്തിന്റെ ഭാഗമല്ലാതെ മറ്റെന്താവും ഇവയൊക്കെ? ■

# മെഡിക്കൽ കൗൺസിൽ ബിൽ നടപ്പാക്കുക.




മെഡിക്കൽ കൗൺസിൽ ബിൽ നടപ്പാക്കുക, മെഡിക്കൽ ടെക്നീഷ്യൻ മാർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്നീ പ്രധാനആവശ്യങ്ങൾ ഉന്നയിച്ചും അനുബന്ധമായി മറ്റു ആവശ്യങ്ങളും ഉന്നയിച്ചു കൊണ്ട് മെഡിക്കൽ ടെക്നീഷ്യൻമാരുടെ താലൂക്ക് ഓഫീസ് ധർണ്ണ ഉദ്ഘാടനം സെപ്തംബർ 20ന് ശനിയാഴ്ച്ച രാവിലെ 10 മണിക്ക് കോഴിക്കോട് കോർപ്പറേഷൻ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർ പേഴ്സൻ ജാനമ്മ കുഞ്ഞുണ്ണി നിർവ്വഹിച്ചു.

കഥ

# കുപ്പിവള



രാജൻ ചിന്നങ്ങത്ത്

വിവാഹിതയാവുമ്പോൾ അവൾക്ക് പതിനേഴു വയസ്സു പോലും തികഞ്ഞിട്ടില്ലായിരുന്നു.

പേർഷ്യക്കാരനായിരുന്നു ഭർത്താവ്. ദീർഘകാലം ഗൾഫിൽ ജോലിയും ബിസിനസ്സുമൊക്കെ ചെയ്ത് ധാരാളം പണം സമ്പാദിച്ച ആൾ.

തന്നെക്കാൾ ഇരട്ടി വയസ്സിലധികം പ്രായമുള്ള ആ മനുഷ്യനോടൊപ്പം നാണിച്ചും ഭയന്നും സങ്കടപ്പെട്ടും ആ വലിയ വീട്ടിലേക്ക് കാലെടുത്തു കുത്തിയപ്പോൾ അവളന്ന് വല്ലാതെ പരിഭ്രമിക്കുകയുണ്ടായി.

കൊട്ടാര തുല്യമായ കെട്ടിടം. നോക്കിയാൽ നോട്ടമെത്താത്ത പറമ്പ്. പറമ്പിനു താഴെയുള്ള പാടശേഖരം.

അതെല്ലാം ഒന്നു ചുറ്റികണ്ടു വന്ന അവളുടെ അച്ഛന് മറ്റൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. ധൃതിയിൽ തന്നെ ഒരു തീരുമാനമെടുത്തുകൊണ്ട് ആ തീരുമാനത്തെ അച്ഛൻ ന്യായീകരിച്ചു. എന്തുകൊണ്ടും നമുക്ക് പറ്റിയ ഒരു ബന്ധമാണ്. ഇനി ഒന്നും ആലോചിക്കാനില്ല .

ആലോചിക്കാനുണ്ടായിരുന്നു എന്നതാണ് സത്യം. അച്ഛനും അവൾക്കുമടക്കം എല്ലാവർക്കുമതറിയാം. കാരണം അവളെ അമ്മാവിയുടെമൂത്തമകൻ പ്രഹ്ലാദനു വേണ്ടി കല്യാണം പറഞ്ഞിട്ടിരുന്നു. കു ട്ടിക്കാലം മുതല്ക്കേ, എപ്പോഴും അതു സൂചിപ്പിച്ച് മറ്റുള്ളവർ അവരെ കളിയാക്കിയിരുന്നു. ശുണ്ഠിപിടിപ്പിച്ചിരുന്നു.

ചെറുപ്പത്തിലേ മുളച്ച സ്വപ്നമായിരുന്നതുകൊണ്ട് കൗമാരത്തിൽതന്നെ അതിന് പൂവും കായുമുണ്ടാകാൻ തുടങ്ങിയിരുന്നു.



കുളിരു കോരുന്ന ഒരു സങ്കല്പം. പ്രായത്തേക്കാൾ കാലേ ജനിച്ച ലജ്ജയും സങ്കോചവും -അവളതൊക്കെ അണിഞ്ഞുകൊണ്ടാണ് യൗവനത്തിന്റെ പടിവാതിൽക്കലെത്തിയത്. അച്ഛനതു പറഞ്ഞപ്പോൾ അവളൊഴികെ ആരും നടുങ്ങിയതായി കണ്ടില്ല. അമ്മയുടെ മുഖം വികസിക്കുകയാണ് ചെയ്തത്. വല്യേച്ചി, എപ്പോഴും തമാശ പറയുന്ന പ്രകൃതക്കാരിയായതുകൊണ്ട്, അപ്പോഴും ഫലിതം പൊട്ടിച്ചു: ഒന്നുമില്ലെങ്കിലും കൊല്ലത്തിലൊരിക്കൽ എനിക്ക് ഫോറിൻ സാരിയെങ്കിലും കിട്ടുമല്ലോ. അവളേക്കാൾ മൂത്ത രണ്ടു സഹോദരന്മാരുണ്ട്. പേരിനു പിന്നിൽ അക്ഷരങ്ങൾ നേടിയെടുത്ത അവർ രണ്ടു പേരും നാട്ടിൽ കറങ്ങി നടക്കുകയാണ്. അച്ഛൻ അതും പറഞ്ഞു:

ഇതുനടന്നു കിട്ടിയാൽ അവരെ രണ്ടിനേയും അക്കരെ കടത്തിവിടാമല്ലോ .

എല്ലാവരും നേട്ടങ്ങൾ കണക്കു കൂട്ടുമ്പോൾ അവൾ മാത്രം നഷ്ടപ്പെടുന്ന എന്തിനേയോക്കുറിച്ചോർത്തു. അത് തന്റെ ജീവിത കാലം മുഴുവൻ ലാളിച്ചോമനിച്ച സ്വപ്നമാണല്ലോ എന്നവൾ ദുഃഖിക്കുകയും ചെയ്തു.

ഒടുക്കം വല്യേച്ചി ചോദിച്ചു: എന്നാലും പ്രഹ്ളാദന്റെ കാര്യം... എങ്ങനാ ഈ കാര്യം അമ്മായിയോയോട് പറയാ .

ഓ അതൊന്നും ഒരു കാര്യമല്ല. അമ്മ പറഞ്ഞു: പ്രഹ്ലാദനവളെ പിടിച്ചുകൊടുക്കാമെന്ന് നമ്മള് എഴുതി ഒപ്പിട്ടു കൊടുത്തിട്ടുണ്ടോ? നമുക്ക് വലുത് നമ്മുടെ കുഞ്ഞിന്റെ സുഖമാണ്. കുടുംബത്തിന്റെ ഭാവിയാണ് ്.

അവർക്കതിലെന്നും തോന്നാനില്ല. നമുക്ക് നല്ലൊരു കാര്യം വരുന്നതിൽ സന്തോഷമേ കാണൂ. പ്രഹ്ലാദന് മറ്റൊരു പെണ്ണിനെകിട്ടാനാണോ പ്രയാസം?

എന്നിട്ടച്ഛൻ സ്വാഗതമെന്ന പോലെ പറഞ്ഞു: അവൻ വെറും ഒരു സ്ക്കൂൾ മാഷല്ലേ? എന്തു ലഭിക്കാനാ ആ പണികൊണ്ട്? ആ, നാട്ടിലൊരു ജോലിയുണ്ട് എന്നു പറയാം. എന്താ കാര്യം? ഒരു പതിനായിരം ഉറുപ്പികയുടെ ആവശ്യം വന്നാൽ അതു നിർവ്വഹിക്കാൻ അവനേകൊണ്ടു പറ്റോ?

അതൊക്കെ നേരുതന്നെയാണെന്ന് അവൾക്കുമറിയാം. എന്നാലും അതൊരു വഞ്ചനയല്ലേ? അച്ഛൻ സ്വന്തം സഹോദരിയ്ക്ക്

കൊടുത്തിട്ടുള്ള വാക്ക്, അതിത്ര പോലും വിലയില്ലാത്തതാണോ?

തന്നേപ്പോലെ പ്രഹ്ലാൻചേട്ടനും കിനാവുകൾക്ക് നിറം പിടിപ്പിച്ചിട്ടുണ്ടെങ്കിലോ? ഭാവിയെ പറ്റി കോട്ടകൾ കെട്ടിയിട്ടുണ്ടെങ്കിലോ?

അതോർത്ത്, എല്ലാവരും ആഹ്ലാദിക്കുമ്പോഴും അവൾ മാത്രം വിഷാദിച്ചു. അവൾ മാത്രം വേദനിച്ചു.

അവൾ പ്രതീക്ഷിരുന്നതു പോലെ കല്യാണത്തിന് അമ്മായിയോ പ്രഹ്ലാദൻ ചേട്ടനോ, ആ വീട്ടിൽ നിന്നും മറ്റാരെങ്കിലുമോ വന്നില്ല.

ഒരു വാക്കു മൂലം ഒരു ബന്ധം തകർന്നു.

ആരും അതു ശ്രദ്ധിച്ചില്ലെങ്കിലും അവളതു ശ്രദ്ധിച്ചു. പശ്ചാത്തപിക്കാനും മാപ്പിരക്കാനും പോലുമുള്ള അവസരം തനിക്കു കിട്ടിയില്ലല്ലോ എന്നതായിരുന്നു അവളുടെ അന്നേരത്തെ സങ്കടം

വിവാഹിതനായി ചെന്നുകയറിയ ബംഗ്ലാവിൽ ഒരതിഥിയെപ്പോലെയായിരുന്നവൾ. അവിടെ ഒന്നും ചെയ്യാനില്ല. എന്തിനും വേലക്കാരുണ്ട്. പിന്നെ ആകെക്കൂടിയുള്ളത് ഒരപകടത്തിൽ കാഴ്ച നഷ്ടപ്പെട്ട അച്ഛനും, പ്രായമാവുന്നതിനു മുമ്പേ വാതം പിടിച്ചു വീണു പോയ അമ്മയും, അവളെ എല്ലാവരും ഇഷ്ടപ്പെട്ടു.

ഒരു ദിവസം, പേർഷ്യയിൽ നിന്നും ഭർത്താവു കൊണ്ടു വന്ന സ്പ്രിംഗ് കിടക്കയിൽ കിടക്കുമ്പോൾ അയാൾ പറഞ്ഞു.

ഞാനെന്തേ ഇത്രേം കാലം കല്യാണം കഴിക്കാതിരുന്നതെന്നറിയോ?

എന്താണ് എന്നു കേൾക്കാനുള്ള കൗതുകത്തോടെ അവൾ നോക്കി.

ഇന്ന് ഈ നാട്ടിലെ ഏറ്റവും വലിയ ഈ വീടിരിട്ടുന്ന സ്ഥലത്ത് പണ്ടൊരു ചെറിയ കുടിലായിരുന്നു. വെടിമരുന്നു കച്ചവടക്കാരനായിരുന്നു നമ്മുടെ അച്ഛൻ. പട്ടിണിയും കഷ്ടപ്പാടും മാത്രമായിരുന്നു അന്ന്. ഒടുക്കം ആ കുടിലിരിക്കുന്ന സ്ഥലം കുറച്ചു രൂപ കടം വാങ്ങിയതിന്റെ പേരിൽ ഒരാൾ തട്ടിയെടുത്തു. അയാളോടതിന് പകരം വീട്ടുമെന്ന് ഞാനന്ന് സത്യം ചെയ്തു. അവസാനം പൊന്നും വില കൊടുത്താ ഇതു തിരിച്ചു വാങ്ങിയത്. അതിനു ശേഷം അയാളുടെ സ്വത്തു മുഴുവൻ ഞാൻ മേടിച്ചു. പിന്നെ ഒരു കേസിൽ കുടുക്കി. അയാളെ ഞാൻ തെണ്ടിച്ചു. അതിന്റെടേല് കൊല്ലങ്ങൾ കുറേ കടന്നു പോയി.

അപ്പോൾ വലിയ വാശിക്കാരനാണല്ലോ! എന്നു പറയാനായി അവളുടെ നാക്കിൻ തുമ്പത്തു വന്നതാണ്. എങ്കിലും ആദരവുകൊണ്ട് മിണ്ടുവാൻ കഴിഞ്ഞില്ല.

അയാൾ ആവേശത്തോടെ പറഞ്ഞു: ഇതുകൊണ്ടൊന്നും തീർന്നിട്ടില്ല. ഈ നാടു മുഴുവൻ ഞാൻ വിലയ്ക്കെടുക്കും. നീ നോക്കിക്കൊള്ളൂ. അതിന് അധികം കാലമൊന്നും വേണ്ട. ഒരു മാസത്തെ എന്റെ വരുമാനം എത്രയ്ക്കുണ്ടെന്നു കേൾക്കണോ?

കേൾക്കണം- അതു ഒരു കൗതുകമായിരുന്നു.

ഇരുപത്തയ്യായിരം. അവിടത്തെ രൂപ. അതായത് ഇവിടത്തെ അറുപതായിരത്തോളം വരും! അയാൾ ഒരു തരം ലഹരിയോടെ തുടർന്നു: ഞാൻ പേർഷ്യ ഉപേക്ഷിച്ചു വരുന്നത് ഒടുക്കം ഒരു രാജാവായിട്ടായിരിക്കും. അന്നു നീ ഒരു രാജ്ഞിയായിരിക്കും .

അതു കേട്ടപ്പോൾ അവൾ ചിരിച്ചു.

എന്താ ചിരിച്ചേ? തമാശ പറഞ്ഞതൊന്നുമല്ല .

ഒരു മാസത്തെ അവധി തീർന്ന് അയാൾ പോയികഴിഞ്ഞപ്പോഴാണ് വീണ്ടും ആ ശബ്ദം അവളുടെ മനസ്സിനകത്ത് മുഴങ്ങിയത്. അതു പിന്നെ ഉള്ളിലിരുന്നുകൊണ്ടാരോ വിളിച്ചു പറയുന്നതായി തോന്നി. രാജാവ് -രാജ്ഞി! രസകരമായ ഒരു ഭാവനയായിരുന്നു അത്. അസാധാരണമായ ഒരനുഭവം.

എങ്കിലും വളരെ പെട്ടെന്ന് ആ കൗതുകത്തിന്റെ ഇതളുകൾ കൊഴിഞ്ഞുപോയി. അയാൾ പോയികഴിഞ്ഞതോടെ തന്നെ വലയം ചെയ്ത വിരസത അവളെ മുഷിപ്പിച്ചു. കടുത്ത ഏകാന്തതാബോധം വിഷമിപ്പിക്കാൻ തുടങ്ങി. മുമ്പൊക്കെ, ഏതാനും നാളുകൾ മുമ്പു വരെ, ഉത്സാഹവതിയായിരുന്ന പെൺക്കുട്ടിയായിരുന്നു അവൾ. എത്ര വേഗത്തിലാണ് നിരുന്മേ,ഷവതിയും നിരുത്സാഹവതിയുമായി അവൾ മാറിയത്.

കുറേകാലം അയാളുടെ കത്തുകൾ കാത്തിരിക്കുന്നതും അവ കയ്യിൽ കിട്ടുമ്പോൾ ഉത്കണ്ഠയോടെ കവർ പൊട്ടിച്ചു വായിക്കുന്നതും മറ്റൊരുദ്വേഗമായി കാത്തു സൂക്ഷിച്ചിരുന്നു. ക്രമേണ അയാളുടെ കത്തുകൾക്കിടയിലെ ദൈർഘ്യം വർദ്ധിച്ചു വന്നു. അതിനേക്കാൾ വേഗതയിൽ അവ വായിക്കാനുള്ള അവളുടെ ആവേശവും നശിച്ചു പോയി.

തന്റെ മൂകമായ ദുഃഖങ്ങളുടെ കാരണമെന്തെന്ന് എത്ര ആലോചിച്ചിട്ടും അവൾക്ക് പിടികിട്ടിയില്ല. എന്തില്ലാഞ്ഞിട്ടാണ്? എല്ലാജീവിത സൗകര്യങ്ങളും മുന്നിൽ വന്ന് തൊഴുകയ്യുമായി നിൽക്കുന്നുണ്ട്. ഇത്രയും സൗഭാഗ്യം മറ്റേതൊരു നാട്ടുമ്പുറത്തുകാരിക്കു കിട്ടാനാണ്? എന്നിട്ടും എല്ലാമുള്ളപ്പോഴും ഒന്നുമില്ലായ്മയുടെ ശൂന്യത അവൾക്കനുഭവപ്പെട്ടു. ചിരിക്കേണ്ട അവസരങ്ങളിൽ അവൾ നെടുവീർപ്പിട്ടു. ഉറങ്ങേണ്ട രാത്രികളിൽ എന്തിനോ വേണ്ടിയുള്ള വ്യഥയുമായി ഉറങ്ങാതെ കിടന്നു.

അവൾ തരുണിയാണ്, വലിയ വീട്ടിലെ നായികയാണ്, തടിച്ചു കൊഴുത്തവളാണ്. ദാമ്പത്യ സുഖമെന്തെന്നറിഞ്ഞവളാണ്. അവളെ എളുപ്പം വശീകരിക്കാമെന്ന് മനപ്പായസവുമുണ്ട്. നാട്ടിലെ തൊഴിലില്ലായ്മ വേതനം വാങ്ങുന്നചെറുപ്പക്കാർ പലരും ചൂണ്ടയുമായി ചുറ്റിപ്പറ്റിനടന്നു. അവളെകാണുമ്പോൾ മൃദുവായി ചിരിച്ചു. കണ്ണുകളിൽ വൃത്തികെട്ട അഭിലാഷങ്ങളോടെ അവളുടെ ശരീര ഭാഗങ്ങളിലേക്കു നോക്കി ചുണ്ടു നനച്ചു. അവളുമായി ഒരു വാക്കു മിണ്ടുവാനുള്ളഅവസരം പാർത്ത് അതിലേയുമിതിലേയും കറങ്ങി.

അവൾക്കപ്പോഴൊന്നും കാലിടറിയില്ല. ആ വലകളിലൊന്നും അവൾ വീണതുമില്ല.

# SAROJ

**Wood Industrials & Interiors**



Chalappuram, Calicut
Mob: 9846525030, 8281475030,
9633623061
email: hareeshkumarkp@gmail.com

Doors, Windows Staircase, Bedroom Settings, Kitchen Cabinets, Falls Sealing etc.....

# Cool Palace

Opp. Petrol Pump, Kottooli, Kozhikode
Mob: 9645777060







Varieties of Juice,
Fruit Salad,
Faluda,
Ice Creams,
Tea/ Cofee
&
Snacks

* Silk - Designer Sarees
* Churidar Materials
* Kids Wears
* Mens Wears
* Night Wears
* Other Textile Items




# NAKSHATRA
SILKS & SAREES

P S C Bank Building Pantheerankave
Mob : 9400931425

# ADHITHYAN
ALUMINIUM FABRICATORS

Methottuthazham,
Ananthan Bazar
Calicut - 07,
Mob: Jijeesh:
9946120321





Fabricators of Aluminium Doors, Sliding Windows, Showcases, False Ceiling, Sintex Doors, Fiber Doors, Structural Glazing Curtains etc

# OUR Ladies PARK

THE DRESS DESIGNERS & MAKERS



Room No. 14,
1st Floor,
Moffussil
Busstand Building,
Mavoor Road,
Kozhikode - 673 004
ഫോൺ: 0495 6410571

ബ്ലൗസ്,
ചുരിദാർ
1 മണിക്കൂറി
നുള്ളിൽ
തയ്ച്ചു
കൊടുക്കുന്നു.



രണ്ടു വർഷം കഴിഞ്ഞു ഭർത്താവ് പേർഷ്യയിൽ നിന്നുമെത്താൻ അക്കാലമത്രയും വിശ്വസ്തയും സ്നേഹമയിയുമായ ഒരു ഭാര്യയായി അവൾ കഴിഞ്ഞു. രണ്ടു വലിയ പെട്ടിയുമായാണ് ഒരു സന്ധ്യയ്ക്ക് അയാൾ വന്നത്. അവളെ സന്തോഷിപ്പിക്കുവാനുള്ള വിഭവങ്ങളായിരുന്നു അതിൽ മുഴുവൻ. സാരികളും തുണിത്തരങ്ങളും, സെന്റുകളും, ആഭരണങ്ങളും എല്ലാം തുറന്നുവെച്ചുകൊണ്ടയാൾ പറഞ്ഞു: "നിനക്കുവേണ്ടി മേടിച്ചതാ ഇതൊക്കെ".

അവളപ്പോൾ ആഹ്ളാദത്തോടെ തുള്ളിച്ചാടേണ്ടതായിരുന്നു. പക്ഷേ എന്തുകൊണ്ടോ അവളുടെ കണ്ണുകൾ നിറയുകയാണുണ്ടായത്. അവൾ കരയുകയാണ് ചെയ്തത്.

അപ്രാവശ്യം വന്നപ്പോഴും അയാൾ കുറെ ഭൂമികൂടി വാങ്ങി. നോക്കിയാൽ നോട്ടമെത്താത്ത മണ്ണിന്റെ വിസ്തൃതി പിന്നേയും വർദ്ധിച്ചു. പേർഷ്യയിലെ പുതിയ കെട്ടിടങ്ങളെ കുറിച്ചും, ബാങ്കുകൾ തരുന്ന ആനുകൂല്യങ്ങളെക്കുറിച്ചും പെരുകികൊണ്ടിരിക്കുന്ന ജനസംഖ്യയെക്കുറിച്ചുമൊക്കെ അയാൾ പറഞ്ഞു. ഭക്ഷണ സാമഗ്രികൾ വിൽക്കുന്ന തന്റെ കടയെപ്പറ്റി, ആ ലൈൻ തിരഞ്ഞെടുത്ത തന്റെ ബുദ്ധി സാമർത്ഥ്യത്തെപ്പറ്റി. അവളതൊക്കെ കേട്ടു കോട്ടുവായിട്ടപ്പോൾഅയാൾ പറഞ്ഞു:

ഇപ്പോൾ ബാങ്കിൽ എത്ര പ്പൈസയുണ്ടെന്നറിയോ നിനക്ക്? നോക്ക്–

പേജുകൾ മറിച്ച് നീലചച്ചട്ടയുള്ള പാസ്ബുക്ക് അയാൾ കാണിച്ചു. താല്പര്യത്തോടെയല്ലങ്കിലും അവൾ നോക്കി. ഏഴക്കമുള്ള സംഖ്യ...

അപ്രാവശ്യം ഒരു മാസത്തെ അവധിയുണ്ടെന്നാണ് പറഞ്ഞത്. പക്ഷേ പതിനഞ്ചു ദിവസം കഴിഞ്ഞപ്പോൾ ഒരു ടെലഗ്രാം വന്നു ഉടനെചെല്ലണമെന്ന്. അപ്പോൾ തന്നെ പോയി. ടിക്കറ്റ് ഓകെ ചെയ്യിച്ച് മൂന്നാം ദിവസം തന്നെ ആൾ പോയി..

അവൾക്ക് ദുഃഖമോ വിരഹത്തിന്റെ വേദനയോ തോന്നിയില്ല. അതിനു മാത്രമായുള്ള അടുപ്പം അയാളുമായുണ്ടാകാൻ അവസരം കിട്ടിയിരുന്നില്ല എന്നതാണ് വാസ്തവം. ഒരു വിരുന്നുകാരൻ വന്നു താമസിച്ചുപോയ പ്രതീതി മാത്രം.

അങ്ങിനെയിരിക്കെയാണ് ഒരു ദിവസം ഒരു തെരുവു വില്പനക്കാരൻ വഴിയിലൂടെ കടന്നു പോയത്. വളകൾ, ചീപ്പുകൾ, കണ്ണാടികൾ, കൺമഷികൾ..... ദൂരെ നിന്നു തന്നെ അയാൾ വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു.

ഇനിയും കൗതുകങ്ങൾ മാറിയിട്ടില്ലാത്ത വേലക്കാരി പെൺകുട്ടി ഓടിവന്നു പറഞ്ഞു: കൊച്ചമ്മേ ഞാൻ നാലുവള മേടിച്ചോട്ടെ?

പാവപ്പെട്ട ഒരു വീട്ടിലെ കുട്ടിയാണവൾ. മറ്റ്ജീവിതമാർഗ്ഗങ്ങളില്ല. അതുകൊണ്ടമാത്രം വേലയ്ക്ക് വരികയാണവൾ. നല്ല മുഖശ്രീയുള്ള കുട്ടി.

താനും ഒരിക്കൽ ഇവളെപ്പോലെയായിരുന്നില്ലേ, എന്നവൾ ഒരു നിമിഷം ഓർത്തു.

ജീവിത സൗഭാഗ്യങ്ങളുടെ സ്വർണ്ണത്തേരിലേറുന്നതിനു മുമ്പ്.

മേടിച്ചോ– അവൾ സമ്മതിച്ചു. പൈസ ഞാനെടുത്തു തരാം.

കശെന്റെ കയ്യിലുണ്ട് .

വേലക്കാരി ഓടിച്ചെന്ന് ഗേറ്റ് തുറന്നപ്പോൾ തെരുവു വില്പനക്കാരൻ അകത്തേക്കു കടന്നു. കാർപോർച്ചിലെ തിണ്ണമേൽ കുട്ട ഇറക്കിവെച്ചു. വർണ്ണപ്പകിട്ടേറിയ നിരവധി സാധനങ്ങൾ, ഭംഗിയായടുക്കിവെച്ച കുപ്പിവളകൾ, ചുരുട്ടിയ പകിട്ടുള്ള റിബ്ബൺ,ചെറിയ കണ്ണാടികൾ, വാർമുടിക്കെട്ടുകൾ....

വേലക്കാരി ഉത്സാഹത്തോടെ വളകൾ കയ്യിലെടുത്ത് തിരിച്ചും മറിച്ചും നോക്കി. എന്നിട്ട് സ്വർണ്ണഗിൽറ്റുള്ള നാലു വളകൾ തിരഞ്ഞെടുത്തു.

ചെറുപ്പക്കാരനായ തെരുവു വിൽപ്പനക്കാരന്റെ ആർത്തി പൂണ്ട നോട്ടം വേലക്കാരിയുടെ ദേഹത്ത് പാറീ വീഴുന്നതു കാണാമായിരുന്നു. ഇടക്കിടെ അയാൾ അവൾ കാണുന്നുണ്ടോ എന്ന് സംശയിച്ച് അവളുടെ നേർക്ക് നോക്കും

വളയെടുത്ത് കയ്യിലിട്ടപ്പോൾ കടക്കുന്നില്ല.

ഇതു തന്നെ ഇത്തിരി കൂടി വലുതില്ലേ?

ഇല്ല. അയാൾ പറഞ്ഞു. ഇതുമതിയല്ലോ. ആ കയ്യിൽ ഞാനിതു കടത്തിയിട്ടു തന്നാൽ പോരേ?

വേലക്കാരി സംശയിച്ചും നാണിച്ചും അവളെ നോക്കി.

കൈ നീട്ടി കൊടുക്ക്.

കൊഴുത്ത കൈത്തണ്ടയിൽ പിടിച്ച് മറ്റേ കൈകൊണ്ട് അയാൾ ബലമായി വളകൾ തള്ളി. വേലക്കാരി വേദനകൊണ്ട് നിന്നു പുളഞ്ഞു.

പെട്ടന്ന് അയാളുടെ കൈപ്പത്തിക്കകത്തിരുന്ന് കുപ്പിവള ഉടഞ്ഞു. പിടി വിട്ടപ്പോൾ ചോര.

പോയി ഒരു തുണിയെടുത്ത് മുറിവ് കെട്ട്. അവൾ പറഞ്ഞു. നല്ല വളക്കാരൻതന്നെ .

അയാൾ വിഷണ്ണനായി പരുങ്ങിക്കൊണ്ടു നിൽക്കുകയാണ്.

അവൾ ചെറിയൊരു ചിരിയോടെ പറഞ്ഞു: കാശ് ഞാൻ തരാം. വളപ്പൊട്ടിപ്പോയതോർത്ത് വിഷമിക്കണ്ട

വിളറിയ അയാളുടെ മുഖം സാവധാനം വികസിച്ചു.

അവൾ പറഞ്ഞു: എനിക്കും വേണം ഇതുപോലത്തെ അരഡസൻ കുപ്പിവള. നാളെകൊണ്ടു തരോ?

തരാം എന്നയാൾ പറയുമ്പോൾ ആ കണ്ണുകൾ എവിടെയാണിപ്പോൾ തറച്ചിരിക്കുന്നതെന്ന് അവൾക്ക് മലസസ്സിലാകുന്നുണ്ടായിരുന്നു.

അപ്പോഴേക്കും വേലക്കാരി തിരിച്ചു വന്നു.

അവൾ പറഞ്ഞു: ഇനി നിനക്ക് വള ഉത്സവപ്പറമ്പീന്ന് മേടിക്കാം. ഇയ്യാള് കൈ മുറിക്കണ പുള്ളിയാണ ്.

എന്നിട്ട്, തിരിഞ്ഞു നടക്കാൻ തുടങ്ങിയ അയാൾ കേൾക്കേ വേലക്കാരിയോടവൾ പറഞ്ഞു:

നാളെ നീ അവധിയെടുത്തോ. ജോലിക്കു വരണ്ട

കഥ

# നനഞ്ഞ വീട്

ടി.കെ. ബോസ്



വലിച്ചു കെട്ടിയ പ്ലാസ്റിക് ഷീറ്റിനു മുകളിൽ പടാ പടാ ശബ്ദത്തിൽ മഴ പെയ്തു. കാറ്റ്, മഴയ്ക്ക് വ്യത്യസ്ത ആകൃതികൾ നൽകി.

മഴയുടെ നിറഭേദങ്ങൾക്കു പുറകിൽ മങ്ങിക്കാണുന്ന വാണിജ്യ സമുച്ചയം. മഴയിലൂടെ നടന്നു വരുന്ന മകളെ അയാൾ കണ്ടു. ഇന്ന് അവധി ദിവസമായിട്ടും അവൾക്കു റ്റ്യൂഷനുണ്ടായിരുന്നു. പത്താം ക്ലാസിലല്ലേ?

മഴ വീണ്ടും ശക്തിയാർജിച്ചു. അകത്തേക്ക് കയറിയ മകൾ നനഞ്ഞൊലിച്ചിരുന്നു.

ഞാനിറങ്ങുമ്പോൾ വെയ്‌ലായിരുന്നച്ഛാ

സാരമില്ല, തലതുടയ്ക്ക് .

നമ്മളെ കുടിയിറക്കിയ വീട് എത്ര നല്ല വീടായിരുന്നു അല്ലേ അച്ഛാ?

അയാൾ നിസഹായതയോടെ തിമിർത്തു പെയ്യുന്ന മഴയിലേക്ക് നോക്കി. ■

കവിത

# മൂന്നു കവനങ്ങൾ

വിവർത്തനം:
ഡോക്ടർ. വേണു മരുതായി



(രചനസൗകുമാര്യം നിറഞ്ഞൊഴുകുന്ന ഒട്ടേറെ കവനങ്ങളുടെ ഉടമയാണ് വിശ്രുത ഹിന്ദി കവിയും വാഗ്മേയകാരനുമായ കുശേശ്വർ. അഗ്നി ഇതിവൃത്തമാക്കിക്കൊണ്ട് അദ്ദേഹം ഈയിടെ എഴുതിയ പഞ്ചകവനങ്ങളിൽ മൂന്നെണ്ണമാണ് മൂന്ന് കവനങ്ങളിൽ ഉൾക്കൊള്ളിച്ച കവിതകൾ)

ജ്വലിച്ച
തണഞ്ഞില്ലാ
ഒരിക്കൽ
ജാത
വേദസ്സ്!
അണയുകയില്ല
ജ്വലിച്ചു
കൊണ്ടേയിരിക്കും
നൂനം
വപുസ്സിൽ
മനസ്സിൽ
വനത്തിൽ
പൊരു
ളോതുകിൽ
ജ്വലിക്കുകയല്ലോ
സഹസ്രാംശു
വാസരമിതു
വരേയും!!

2 അഗ്നി

പശി
യ്ക്കെതിരെ
ഒരാവശ്യകത
യല്ലോ
അഗ്നി
ഇരുളി
നെതിരെ
ഇനിയാരെ
ന്നോതിയാലും
അഗ്നി
തെളിക്കണം
മവശ്യം
ഓരോരു
ത്തരും!!

3

ജംരവിശപ്പ്
സദൃശം
സത്യം തീർത്തും
ജ്വലനൻ
രണ്ടും
പരസ്പരമാശ്രിതം
അന്തരമല്പം
മാത്രം
ജ്വലനം ദൃശ്യം
പശിശോ
അദൃശ്യവും
ക്ഷുധയെങ്ങാനം
ഇനി ദൃശ്യമാകിൽ
അവശ്യം
പരിശുദ്ധ
മാവുകയില്ലാ
അശ്മന്തം
ദഹനന് തുല്യം.

# ജീവിതം

ആർ. നന്ദകുമാർ
രേണുചന്ദ്ര



എന്നോ ഒരു നാൾ പിരിഞ്ഞുപോകും നമ്മൾ
എന്തിനു ഇന്നേ പിണങ്ങേണം?
എന്തെങ്കിലും ചൊല്ലി പിണങ്ങുവാനാണെങ്കിൽ
പിന്നെന്തിനി ജന്മം ഇണങ്ങേണം?
ഒന്നിച്ചു ജനിച്ചാലും ഒരുമിച്ചു വളർന്നാലും
ഒന്നാണെന്നറിയുകില്ലാ നാം ഒന്നാണെന്നറിയുകില്ല.
ചിരിച്ചു നടന്നാലും കളിച്ചുമുതിർന്നാലും
എന്താണെന്നറിയുകില്ല നാം എന്താണെന്നറിയുകില്ലാ
പിന്നെന്തിനീ ജീവിതം? പിന്നെന്തിനീ മായാലോകം
പിച്ചവെപ്പിച്ചു നടക്കാൻ പഠിപ്പിച്ച അമ്മയെ പുച്ഛമാക്കി
കച്ചവടത്തിനു കച്ചകെട്ടിതന്ന അച്ഛനെതെരുവിലാക്കി
ഇന്നലെ വന്ന മിന്നാമിനുങ്ങിന്റെ വെട്ടത്തിൽ ധന്യനായി
കാണേണ്ടതെല്ലാം കാണാതെ പോയി കൺകളും മഞ്ഞയായി
ജീവിതം പിടികിട്ടാപ്പുള്ളിയായി ■

Scietific Story

# GREEN HOUSE



C.K. Raghavan



When we consuming food at home or out, we might think about from where these grains come and how they are being produced. As keralites, we now get rice mainly from Andra. In the same manner most of us are now using small and big gadgets, like mobile phones, T.V, computers, etc. These gadget usages make our life easier and more safe than never before. Naturely our thinking would go to US, Europe, and Japan, if ourminds continous to roam around these electronic gadgets. We have heard about the name white house also, where now, militaraly and financialy, most powerful man of present world resides. He is not a white man. So I wish there shall have been a black house also anywhere in the world.


We should give our most attention to present and future and less to the past. Thrilling example of this principle is the bond between Japan and U.S. The relation between India and UK is also acts as a great model of this idea. It is not fair to accuse the grand children for the wrong doings of their grand fathers in the past.

Here the subject is green house, I think most of us have already been familiar with this term. Really the increase of heat storing gases like carbon dioxide in the atmosphere is called green house effect, this also has been termed as global warming. Carbon dioxide is the main green house gas. The others are carbon monoxide, nitrogenoxides, sulfer oxide, cloro fluoro carbons, ozone etc. These gases are being produced as a result of burning of fossil fuels. But remember that, with out these types of gases in the atmosphere our earth would have been a sphere completly covered with ice, without any presence of humans, plants and animals. The effect of increasing oxygen above 25% in the air is also catastrophic, if so, all living things would have been burnt out.

We know that rivers flow from higher level to lower, so without some level difference there is no river flow. In the same way electrical energy flows from higher potential to lower. Here also no current of energy if two ends of wires are being kept at equal potential or voltages. Heat is also flows from high tempereture to low only. So our goal be to keep these differences at minimum, provided that uninterrupted currunt is there always.

It is a fact that big business organaisations, both nationals and internationals, are very much happy to do their operations, at a place, where people are maximum in a minimum area, not at where people are minimum in a vast area. If we have sufficent dense forests across our planet earth, all these green house gases coming out from fossil fuel combustian, would be absorbed by the huge trees in these forests. This has already been proved by scientific experiments.

# അധിനിവേശ സംസ്കാരം അരങ്ങു തകർക്കുമ്പോൾ



പി.എസ്.വിശ്വൻ




ഭൂഖണ്ഡങ്ങൾ തേടിയുള്ള മനുഷ്യന്റെ യാത്രയാണല്ലോ അധിനിവേശത്തിന്റെ വിത്തു പാകിയത്. പായ്കപ്പൽ പോലെയുള്ള പ്രാകൃത മാർഗത്തിലൂടെയാണ് യാത്ര എന്നതിനാൽ ശ്രമങ്ങൾ ദുഷ്കരങ്ങളായിരുന്നു എങ്കിലും സാഹസിക മനോഭാവം തങ്ങളുടെ ലക്ഷ്യത്തിന് തടസ്സമായില്ല. ചെന്നുപെട്ട സ്ഥലം പിടിച്ചടക്കാനും നിലനിൽക്കുവാനുമുള്ള ശ്രമം പടിപടിയായി മുന്നേറി ഗ്രാമം- രാജ്യം- രാജ്യങ്ങൾ- സാമ്രാജ്യത്വം- സമ്പത്ത് -ചൂഷണം ഇതിനു തടസ്സമായി വന്ന സാംസ്കാരിതകളെ കൊണ്ടും കൊടുത്തും മാറ്റിയെടുത്തു. ക്രമേണ ചൂഷണം കൂടുതൽ എളുപ്പമാക്കാൻ സാംസ്കാരിക കടന്നുകയറ്റം സൃഷ്ടിക്കുക തന്നെ ആവശ്യമായി വന്നു. നൂറ്റാണ്ടുകളായി നടന്ന ഈ കോളനിവൽക്കരണ സാംസ്കാരിതയുടെ നാം അറിയുന്ന ഏറ്റവും വലിയ രൂപമായിരുന്നു 'ഹോളിവുഡ്'. വളർന്നുവന്ന പുത്തൻ മീഡിയ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകളുടെ സഹായത്തോടെ അതിഭീകരത, വയലൻസ്, സെക്സ്, ഭക്തി എന്നിവയുടെ മറയിലൂടെ ചൂഷണത്തിന് വളക്കൂറുള്ള മണ്ണൊരുക്കൽ. ചെറുത്തു നിൽക്കാനുള്ള ശേഷിയെ തകർക്കുക- വഴി തെറ്റുക- ഈ രീതികൾ നമ്മെ കാർന്നു തിന്നു കഴിഞ്ഞിരിക്കുന്നു. അതിന്റെ കുത്തൊഴുക്കിനിടയിലെ ദീനരോധനങ്ങളാണ് നാമിന്നു കാണുന്ന കണ്ണും ചെവിയും മരവിച്ചു പോകുന്ന സംഭവങ്ങളുടെ പരമ്പര. സിനിമയിലൂടെ- സീരിയലിലൂടെ- പരസ്യത്തിലൂടെ കാമം കത്തി ജ്വലിക്കുകയാണ്. എന്തുകൊണ്ട്? ഏറ്റവും ഉന്നതവും അധമവുമായ മനുഷ്യ വികാരം കാമമാണെന്ന് ചൂഷകൻ തിരിച്ചറിയുന്നു. അതിന്റെ അരാജകത്വവൽക്കരണത്തോളം മനുഷ്യനെവഴിതെറ്റിക്കുവാൻ മറ്റൊന്നിനും ആവില്ലെന്ന് ചൂഷണത്തിന്റെ വക്താക്കൾക്ക് നന്നായി അറിയാം. പുരുഷനും സ്ത്രീയും കാമാർത്തരായിരിക്കുന്നു. തിരിച്ചറിവ് നഷ്ടപ്പെട്ടിരിക്കുന്നു എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. പണാധിപത്യത്തിന് സാമ്രാജിത്വ ചൂഷണത്തിന് ഇങ്ങനെഒരു സാഹചര്യം അനിവാര്യമായതിനാൽ അത് അവർ സൃഷ്ടിക്കുകയാണ്. ഇതു വഴി പ്രതിരോധം തകർത്ത് ചൂഷണം അനസ്യൂതമാക്കാനാണ് ശ്രമിക്കുന്നത്.

ഈ കിരാത നിലപാടിനെപ്രതിരോധം തീർക്കേണ്ടത് ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തിന്റെയും കടമയല്ല. ജനതയുടെ നിലനിൽപ്പിന്റെ അനിവാര്യതയാണ് അതിന്റെ മൂർത്തതയ്ക്ക് ഒരു പക്ഷെ പ്രത്യയശാസ്ത്രം അനിവാര്യമായേക്കാം.

'മത പരിവർത്തനം നിർത്തൂ' പോപ്പിന് പറയേണ്ടിവന്നിരിക്കുന്നു. എന്തു കൊണ്ട്? ഇന്നു മനുഷ്യൻ നേരിടുന്ന പ്രശ്നം മതപരമല്ല എന്നതു തന്നെ. മതമടക്കമുള്ള എല്ലാ മാനവികതയും വലിയ വെല്ലുവിളി നേരിടുകയാണ്. മതതീവ്രവാദം വളർത്തി സാമ്രാജിത്വം ചൂഷണത്തിന്റെ പാത അരക്കിട്ടുറപ്പിക്കുന്നത് മത അധ്യക്ഷൻമാർക്കു പോലും കാണാതിരക്കാൻ കഴിയാതെ വന്നിരിക്കുന്നു. നിസ്സാര കാര്യങ്ങൽ മാറ്റി വച്ചുകൊണ്ട് കണ്ണും' കാതും നഷ്ടപ്പെട്ട ഈ കൊടിയ ചൂഷണ ശക്തികളെ തടുത്തു നിർത്താൻ മതമടക്കമുള്ള വിമോചനപ്രസ്ഥാനങ്ങൾക്ക് വലിയ പങ്കാണ് ഉള്ളത്. ■






# കാശ്മീർ പ്രശ്നത്തിൽ ഇന്ത്യയുടെ ഭൂപ്രദേശത്ത് പാക്കിസ്ഥാൻ ഇനിയും ഒരു ഇന്ത്യ -പാക്ക് സംഘർഷം അവലംബിക്കുകയോ ഇന്ത്യയിലെ സമാധാന അന്തരീക്ഷം കെടുത്തുകയോ അരുത്.



നക്ഷത്രരാജ്യം
ഇ. രാധാകൃഷ്ണൻ

കാശ്മീർ പ്രസ്നത്തിൽ ഇന്ത്യയുടെ ഭൂപ്രദേശത്ത് പാക്കിസ്ഥാൻ ഇനിയും ഒരു ഇന്ത്യ -പാക്ക് യുദ്ധ നയം അവംലംബിക്കാമോ?... സമാധാനപ്രിയരായ രാഷ്ട്രങ്ങളിലെ ഭരണ നേതാക്കളുടേയും ജനങ്ങളുടേയും അഭിപ്രായംപാടില്ലഎന്നു തന്നെയാണ്. യുദ്ധത്തിന്റെ നിഴലിൽ പാക്കിസ്ഥാൻ പാക്ക് ജനതയേയും ഇന്ത്യൻ ജനതയേയും ദുരിതത്തിലാക്കുകയും മാനസികമായി പീഢിപ്പിക്കുകയും ചെയ്യുകയാണ്. മുൻകാല യുദ്ധങ്ങളെക്കുറിച്ചും യുദ്ധക്കെടുതിയെക്കുറിച്ചും സൈന്യത്തിന്റെ ബലത്തിൽ ഭരണത്തിലേറുന്ന പാക്കിസ്ഥാൻ ഭരണനേതൃത്വം ബോധവാന്മാരാകണം. ജപ്പാനേയും ഗാസയേയും വിയറ്റ്നാമിനേയും കുറിച്ച് ചിന്തിക്കണം, സ്വന്തം രാജ്യത്തുണ്ടാകുന്ന അഭ്യന്തര യുദ്ധത്തിൽ നിന്ന് തലയൂരാൻ അയൽരാജ്യമായ ഇന്ത്യയുമായി സംഘർഷത്തിലേർപ്പെടുന്ന പ്രവണത ഇന്ത്യയമായുള്ള അകൽച്ചക്കും ഒരു ശീതസമര കെടുതി മൂർധന്യത്തിനു തന്നേയും വഴി തുറന്നിടലാവും രണ്ടു രാജ്യങ്ങൾക്കും. പ്രത്യേകിച്ച് അഭ്യന്തര സമരത്തിനാൽ അരക്ഷിതമായ ഭരണനേതൃത്വമുള്ള പാക്കിസ്ഥാന്. ഒരു യുദ്ധം കഴിഞ്ഞാൽ ഏതൊരു രാജ്യത്തും അവശേഷിക്കുന്നത് ദുരിതം, ദാരിദ്ര്യം, മരണവൃത്താന്തങ്ങൾ, മാറാരോഗങ്ങൾ, പാർപ്പിട പ്രസ്നങ്ങൾ ഇങ്ങനെപോകുന്നു ഇതിന്റെ പട്ടിക. ഉദാഹരണത്തിന് ഏഷ്യ, യറോപ്പ്, ആഫ്രിക്ക, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക; (അന്റാർട്ടിക്ക ഒഴിച്ചുള്ള അഞ്ചു ഭൂഖണ്ഡങ്ങളിലും ജനങ്ങൾ യുദ്ധക്കെടുതി അനുഭവിച്ചവരാണ്). അന്റാർട്ടിക്ക മഞ്ഞ് മൂടികിടക്കുന്നതുകൊണ്ട് ജനവാസമില്ല. അവിടെ യുദ്ധവും സംഘർഷവുമില്ല. ഒന്നാം ലോകമഹായുദ്ധം, രണ്ടാം ലോകമഹായുദ്ധം, വിയറ്റ്നാം യുദ്ധം, ഇന്ത്യ പാക്ക് യുദ്ധം, ഇറാക്ക് യുദ്ധം, തമിഴ് വംശജർക്കെതിരെയുള്ള ശ്രീലങ്കൻ യുദ്ധം ഇതെല്ലാം സംഭവിച്ചപ്പോൾ നമുക്കറിയാം അവിടങ്ങളിലെ ജനങ്ങൾ എത്ര മാത്രം ദുരിതങ്ങളനുഭവിച്ചിട്ടുണ്ടെന്ന്. ഇന്നിതാ ഇസ്രായേൽ ഗാസയിൽ ബോംബും പീരങ്കി ഷെല്ലുകളും വർഷിച്ച് അവിടത്തെ സാധാരണക്കാരായ പാവപ്പെട്ട മനുഷ്യരെ കൊന്നൊടുക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ നാസി ജർമ്മനിയുടെ ഹിറ്റ്ലറേയും ജപ്പാനേയും മറ്റും അടിച്ചമർത്താൻ ജപ്പാനിലെ ഹിരോഷിമയിലും, നാഗസാക്കിയിലും ഇംഗ്ലണ്ട് ഉൾപ്പെടെയുള്ള ഐക്യകക്ഷികൾ വർഷിച്ച അണുബോംബിന്റെ പരിണിതഫലമായി ജപ്പാനിലെ സ്ത്രീകളുടെ ഗർഭസ്ഥ ശിശുക്കൾക്ക് അംഗവൈകല്യം, പരിപൂർണ്ണ വളർച്ചയെത്താതെയുള്ള പ്രസവം, കുഞ്ഞുങ്ങൾക്ക് മഹാരോഗങ്ങളും, മാറാരോഗങ്ങളും ഇക്കാലങ്ങളിലും അനുഭവിക്കുന്നുണ്ട് പോലും. പത്തൊൻപതു വർഷം നീണ്ട വിയറ്റ്നാം യുദ്ധത്തിൽ അമേരിക്കൻ സേന വടക്കൻ വിയറ്റ്നാമിനെതിരെ തെക്കൻ വിയറ്റ്നാം പക്ഷത്ത്ചേർന്ന് അവിടത്തെ ജനങ്ങൾക്ക് കുറച്ചൊന്നുമല്ല യുദ്ധക്കെടുതി മൂലമുള്ള അവശതയുണ്ടാക്കിയത്. വിയറ്റ്നാം ചുണക്കുട്ടികളുടെ ഒളിപ്പോരിനു മുമ്പിൽ പകച്ചു

പോയ അമേരിക്ക യുദ്ധം വിജയിക്കുന്നതിനു മുമ്പേ യുദ്ധം നിർത്തി നാണംകെട്ടു പിൻവാങ്ങുകയായിരുന്നു വിയറ്റ്നാമിൽനിന്ന്. ഇന്ത്യയിൽ ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായി അവരോധിക്കപ്പെട്ട ശേഷം 1971 ൽ മുജീബ്റഹ്മാന്റെ നേതൃത്വത്തിലുള്ള ബംഗ്ലാദേശ് സ്വാതന്ത്ര്യ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചും ഇന്ത്യയിലേക്കുള്ള ബംഗ്ലാദേശ് അഭയാർത്ഥികളുടെ പ്രവാഹം വർദ്ധിക്കുകയും ചെയ്തപ്പോൾ പാക്കിസ്ഥാനുമായി ഇന്ത്യ യുദ്ധത്തിൽ ഏർപ്പെടുകയും ഇന്ത്യ യുദ്ധ വിജയം നേടിയശേഷം കീഴടക്കിയ ഡാക്കയിൽവെച്ച് സ്വയം വെടി നിർത്തുകയും ചെയ്തുകൊണ്ട് ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യ സമര വിജയത്തിനു പ്രധാനപങ്കു വഹിച്ചിരുന്നു. അതിന്റെ പ്രതികാരമായാണല്ലോ പാക്കിസ്ഥാൻ ഇന്ത്യയെ വിഭജിക്കാനുള്ള ശ്രമങ്ങൾക്ക് കാശ്മീരിലും മറ്റും ചുക്കാൻ പിടിക്കുന്നത്. എല്ലാ യുദ്ധത്തിലും ഒരു പക്ഷം അല്ലെങ്കിൽ ഒരുരാജ്യം ജയിക്കുക തന്നെ ചെയ്യും. പക്ഷേ ജയിച്ച രാജ്യത്തുള്ള ജനങ്ങളും പരാജയപ്പെട്ട രാജ്യത്തുള്ള ജനങ്ങളും ഒരുപോലെ യുദ്ധക്കെടുതി അനുഭവിക്കുന്നുമുണ്ട്. ഇന്ത്യക്കാർ ഏർപ്പെട്ട യുദ്ധങ്ങളൊന്നും അനാവശ്യങ്ങൾക്കായിരുന്നില്ലെന്ന് നമുക്കറിയാം. എങ്കിലും വിജയിച്ചു എന്നു പറയുന്ന രാഷ്ട്രങ്ങളും പാക്കിസ്ഥാനുമായി യുദ്ധത്തിലേർപ്പെട്ട നമ്മളും (ഇന്ത്യയും) തനിക്കോ തന്റെ രാഷ്ട്രത്തിനോ വരുത്തിവെച്ച നാശനഷ്ടങ്ങളെക്കുറിച്ചും യുദ്ധക്കെടുതിയെക്കുറിച്ചും മരണനിരക്കിനെക്കുറിച്ചും അസമാധാനാവസ്ഥയെക്കുറിച്ചും ചിന്തിക്കാറില്ല. എന്തുകൊണ്ടും യുദ്ധമില്ലാത്ത സമാധാനമുള്ള സ്നേഹമുള്ള രാജ്യത്ത് ജീവിക്കുന്നത് തന്നെയാണ് ജീവജാലങ്ങൾക്കും മനുഷ്യർക്കും അഭികാമ്യം. ഇന്നിപ്പോൾ ഇനിയുള്ള നാളുകളിലും നൂറ്റാണ്ടുകളിലും ദശാബ്ദങ്ങളിലും വർഷങ്ങളിലും നിമിഷങ്ങളിൽ പോലും സമാധാനമുള്ള ജീവിതം ഉണ്ടാകുമെന്ന് ആരും വിശ്വസിക്കുന്നില്ല. അതുകൊണ്ട് തന്നെ വരും നാളുകൾ എല്ലാ രാഷ്ട്രങ്ങൾക്കും യുദ്ധമില്ലാത്ത സമാധാനത്തിന്റെ ക്ഷേമകാലമാവട്ടെയെന്ന് രാഷ്ട്രതലവൻമാർ ഓരോരുത്തരും പ്രതിജ്ഞ ചെയ്യണമെന്ന് സമാധാനകാംക്ഷികളായ നമുക്കോരോരുത്തർക്കും ഈശ്വരനോട് പ്രാർത്ഥിക്കാം. ■



---

## ജനങ്ങൾക്ക് ചിരിക്കാൻ കെ. എസ്. ആർ. ടി. കോർപ്പറേഷൻ വകയും തമാശകൾ

### എഡിറ്റോറിയൽ

(തുടർച്ച പേജ് 3)

മുളച്ചു വരുവാനും പൊട്ടി വീഴുവാനും കാത്തിരിക്കുകയാണ് മാനേജ്മെന്റും സർക്കാറും. മൂക്കുകുത്തി മൃതപ്രായനായി കട്ടപ്പുറത്തിരിക്കുന്ന കെ. എസ്. ആർ. ടി. സി അങ്ങിനെയൊരു അദൃശ്യകരത്തിൽ കൂടി കരകയറി രക്ഷപ്പെടുമോ-? ഇല്ല എന്നുള്ളത് നൂറു തരം. കെ. എസ്. ആർ. ടി. സി കോർപ്പറേഷൻ ആദ്യമായി കുറഞ്ഞ സർവ്വീസുള്ള പുരുഷ ഡ്രൈവർമാരേയും കണ്ടക്ടർമാരേയും ഉച്ചക്ക് ശേഷം രാത്രി പന്ത്രണ്ടു മണിവരെ രണ്ടു ഷിഫ്റ്റിൽ മാറ്റി ബസ്സ് സർവ്വീസ് ഓപ്പറേറ്റു ചെയ്യുകയാണ് നല്ലത്. സാധാരണ ദിവസങ്ങളിൽ പോലും രാത്രി 8.30 മണിക്കു ശേഷം യാത്രാദുരിതം അനുഭവിക്കന്ന മലയോരഗ്രാമങ്ങളിലേക്കും തൃശൂർ ജില്ലയിലെ കാട്ടൂർപോലേയും കോഴിക്കോട് ജില്ലയിലെ മെഡിക്കൽകോളേജ് വഴി പോകുന്നബസ്സ് റൂട്ടും (മെഡിക്കൽകോളേജ് റൂട്ടിൽ രാത്രി 9.30 ന് ശേഷം വിരലിലെണ്ണാവുന്ന ചില ബസ്സുകൾ 10.20 വരെ ഓടുന്നത് ഒഴിച്ചാൽ-മനസ്സുവെച്ചാൽ വേണമെങ്കിൽ ജനങ്ങളുടെ യാത്രാദുരിതവും കമ്പോള നിലവാരവും കെ. എസ്. ആർ.ടി. സി യ്ക്ക് നേരിട്ടു പഠിക്കാം കൂടെ കാറോ ഒരു ടൂ വീലർ വാഹനമോ പോലും ഇല്ലാത്തവരുടെ യാത്രാ ക്ലേശവും ഒന്നു അനുഭവിച്ചറിയാം. ഋഷിരാജ് സിംഗിനെ പോലുള്ള കെ. എസ്. ആർ. ടി. സി മുൻ ഉദ്യോഗസ്ഥരെ ഒന്നു മാതൃകയാക്കിയിരുന്നെങ്കിൽ- രണ്ടു നാൾ കൊണ്ട് ഒരുത്തരെ ദൈവങ്ങൾ തണ്ടിൽ ഏറ്റാത്തവരായ ഒരുജനത 18 ആയിരത്തി 500 ൽ കൂടുതൽ നാളുകളിൽ ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഇവരുടെ ജീവിതാനുഭവ യാഥാർത്ഥ്യങ്ങളെകുറിച്ചും മാളിക മുകളിൽനിന്ന് വീണ് മാറാപ്പെടുക്കാതിരിക്കുന്നതിനേയും കുറിച്ചും എഡിറ്റോറിയലിലെ ആന്തരികമായ ഗുണ ദോഷവശ പാഠത്തെ കുറിച്ചും ഒരുപഠനവും ആകും. വല്ലഭന് പുല്ലും ആയുധം.) പോലെയുള്ള പ്രദേശങ്ങളിലേക്ക് ബസ്സ് സർവ്വീസ് നടത്തിയാൽ തന്നെ കെ. എസ്. ആർ. ടി. സി ഒരുവിധം കരപറ്റും. "എന്തു കൊണ്ട് ഓരോ ജില്ലയിലേയും ഒന്നോ രണ്ടോ റൂട്ടുകൾ കെ.എസ്. ആർ. ടി. സി. യ്ക്ക് വേണ്ടി ദേശസാൽക്കരിച്ചു കെ. എസ്. ആർ. ടി. സി സർവ്വീസിലൂടെ ജനങ്ങളുടെ യാത്രാദുരിതം പരിഹരിച്ചുകൂടാ". എല്ലാവർക്കും അറിയാവുന്ന വേറെയും പല പരിഹാരമാർഗ്ഗങ്ങളുണ്ട് മാനേജ്മെന്റിന് കഴിവുണ്ടെങ്കിൽ കെ. എസ്. ആർ. ടി. സി യെ രക്ഷപ്പെടുത്തുവാൻ. അതല്ലാതെ മന്ത്രിയും, മാനേജിംഗ് ഡയരക്ടറും, സർക്കാറും പ്രസ്താവനകരച്ചിൽ നടത്തിയാൽ തീരുന്നതാണോ രാജ്യത്ത് തന്നെ മുൻകാലങ്ങളിൽ ജനസേവനത്തിന് മാതൃകയായി പ്രവർത്തിച്ചുകൊണ്ടിരുന്ന കെ. എസ്. ആർ. ടി. സി കോർപ്പറേഷനിലെ തലപ്പത്തിരിക്കുന്നവരിൽ നിന്നും, തങ്ങൾ നേരിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥ ജീവിയായി സ്വയം പ്രഖ്യാപിച്ച് ആത്മാർത്ഥതയില്ലാതായി കൃത്യ നിർവ്വഹണം ചെയ്യുന്നവരിൽനിന്നും ഉൽഭവിച്ച കെടുകാര്യസ്ഥത പ്രസ്നങ്ങൾ. പൂട്ടും പൂട്ടുമെന്ന പ്രസ്താവനയ്ക്കു പകരം ധീരമായ പുനരുദ്ധാരണ(നിർമ്മാണ) കർമ്മ ശേഷിയാണ് ഇക്കാലയളവിൽ കെ. എസ്. ആർ. സി കോർപ്പറേഷനും സർക്കാറും ചെയ്യേണ്ടിയിരുന്നത്. ആദരണീയ പ്രവർത്തി ചെയ്യുന്നവരെയാണ് ആദരിക്കുകയെന്ന് ഓർക്കുന്നത് ഏതുമുന്നണിയിലുള്ളവർക്കും നല്ലത്. ■

കഥ

# ക്രൂര വിനോദം



**ഇന്ദിരാദേവി. എം.**
**നെല്ലിക്കോട്**



വേണിയുടെ അചഛൻ ശിവൻകുട്ടി മിലിട്ടറിയിൽ നിന്ന് പരിചയപ്പെട്ട രാമനുണ്ണിയാണ് ഇളയപെങ്ങളായ ദേവകിയെ വിവാഹം കഴിച്ചത്. രണ്ടു പേരും ഒന്നിച്ചാണ് ജോലി രാജിവച്ച് നാട്ടിൽ വന്നത്. രാമനുണ്ണി ഭാര്യ വീട്ടിൽനിന്ന് ചില്ലറ സൗന്ദര്യ പിണക്കത്താൽ ദേവകിയേയും കൂട്ടി വയനാട്ടിൽ പോയി കൃഷിയും ഹോട്ടൽ കച്ചവടവും നടത്തി നന്നായി സമ്പാദിച്ചു കൊണ്ടിരുന്നു. നാട്ടിൽ കുറെ സ്നേഹിതന്മാരും ഉണ്ട്.. സ്വന്തമായി ഒരു ജീപ്പും സംഘടിപ്പിച്ചു. സ്നേഹിതന്മാരുടെ ഇടയിൽ പൊങ്ങച്ചം കാണിയ്ക്കുവാനായി കുറേ പണവുമായി വന്ന് കൂട്ടുകാരൊത്ത് മദ്യപിച്ചും സാധനങ്ങൾ വാങ്ങിയും ഒരാഴ്ചകൊണ്ട് എല്ലാം തീർത്ത് വയനാട്ടിലേയ്ക്ക് തന്നെ തിരിച്ചു പോകും.

അവരുടെ ഏക മകൾ പാർവ്വതിയെ വളരെ ലാളിച്ചും സ്നേഹിച്ചും വളർത്തുന്നതിന്നിടയ്ക്ക് നല്ല വിദ്യാഭ്യാസം വേണമെന്ന ചിന്തയിൽ ഭാര്യ വീട്ടിൽ നിർത്തി പഠിപ്പിക്കുവാൻ അവർ തീരുമാനിച്ചു.

അവൾക്കാകട്ടെ എല്ലാ കാര്യത്തിലും സ്വാർത്ഥ സ്വഭാവമാണ്. അവളുടെ അച്ഛനും അമ്മയും അടുത്തില്ലെന്നതിനാൽ വീട്ടുകാർ എല്ലാകാര്യത്തിലും മുൻഗണനയും സ്നേഹവും കൂടുതലായി നല്കി വന്നു. ഈ വീടാണെങ്കിൽ ഒരു കൂട്ടുകുടുംബമാണ്. എല്ലാവരും ഒന്നിച്ചു താമസിക്കുന്നതിൽ സന്തോഷം കണ്ടെത്തിയിരുന്നു.

ശിവൻകുട്ടിയുടെ മകൾ വേണി ശാലിനസ്വഭാവവും എല്ലാവരേയും സ്നേഹിച്ചും, അനുസരിച്ചും വളർന്നു വരുന്ന ഒരു കുട്ടിയാണ്. അവൾക്ക് റാണി എന്നു പേരായ ഒരു അനിയത്തിയും ഉണ്ട്.. വേണി മെലിഞ്ഞ് ഉയരം വെച്ചുകൊണ്ടിരുന്നു. പാർവ്വതിയാകട്ടെ തടിച്ചുരുണ്ട് ഉയരം വെക്കാത്ത പ്രകൃതവും. എത്രനന്നായി പെരുമാറിയാലും പാർവ്വതി വേണിയെ കുററപ്പെടുത്തുവാൻ തക്കം നോക്കിയിരിയ്ക്കും. പാർവ്വതിയ്ക്ക് വേണിയോട് നീരസം വന്നുതുടങ്ങി. വീട്ടിൽ എല്ലാം അവൾക്ക് സ്വന്തം എന്ന ഭാവവും പ്രകടിപ്പിക്കും വേണിയോട്. പാർവ്വതിയ്ക്ക് ഉയരം വരാത്തതിൽ ഉണ്ടായ സങ്കടം തീർക്കുവാൻ മറ്റുള്ളവർ വേണിയെ പാർവ്വതി കേൾക്കേ കഴുക്കോൽ, തോണി എന്നെല്ലാം പറഞ്ഞ് അവൾക്ക് ആശ്വാസം കൊടുക്കും.

പാർവ്വതിയുടെ പ്രതിയോഗി വേണി തന്നെ ആയിരുന്നു. കാരണം അവളേക്കാൾ രണ്ടു വയസ്സ് കുറവായ വേണിയെ എല്ലാവരും സ്നേഹിക്കുന്നത് പാർവ്വതിയ്ക്ക് അരോചകം തന്നെയാണ്. ഏതെല്ലാം വിധത്തിൽ ദ്രോഹിയ്ക്കുവാൻ പറ്റും എന്ന ചിന്തയാണ് എപ്പോഴും.

വേണിയ്ക്ക് പൗഡറിടാൻ പാടില്ല. കണ്ണെഴുതാൻ പാടില്ല. പൊട്ടുതൊടാൻ പാടില്ല. ആരും കാണാതെ അവൾ എല്ലാം ഒളിപ്പിച്ചുവെക്കും മറ്റുള്ളവർക്ക് പിടി കൊടുക്കില്ല. അങ്ങനെഅവൾ ചെയ്തു എന്നു പറഞ്ഞാൽ ആരും വിശ്വസിയ്ക്കുകയില്ല. കാരണം എല്ലാവരുടെയും മുമ്പിൽ നല്ലവളായി പെരുമാറാനറിയാം. അങ്ങനെഎല്ലാ ആനുകൂല്യങ്ങളും അവൾക്ക് കിട്ടിയിരുന്നു.

അച്ഛനും അമ്മയും ഇവിടെ ഇല്ലാത്തതല്ലേ എന്ന ആനുകൂല്യത്താൽ വളക്കാരൻപോകുമ്പോൾ അവൾക്കു മാത്രം വാങ്ങുവാൻ വിളിച്ചു വരുത്തും. വേണിയും റാണിയും പെട്ടിക്കരികെ നിന്നാലും

# HASBI TOURS & TRAVELS




*Meenchanda, Areekkad, Calicut - 27*
*Mob: Sahir - 9895999100*
*9895350141*



# YES KEY ELECTRICALS & ENGINEERING WORKS
*Puthiyapalam, Calicut*

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikrema Rectifiers etc.

കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്ത്കൊടുക്കുന്നു.
NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunilkumar Mob: 9847390950
Ph: 0495-2702073, Resi: 9048594525

**LENSMAN VINOD ROHINI PHOTOGRAPHY**

**ROHINI Fotofast**

Vanamala Building, East Hill Junction, Calicut -5
Ph: 0495 2385369, Res: 2381190, Mob: 9847445896
9744955896, 9400525896


Branch:
Raj building, Near KSRTC,
Mavoor Road, Calicut
Ph: (0495) 2725896, Resi: 2381190
Mob: 9847 44 58 96, 9744 95 58 96
KOZHIKODE- 5. Ph: 2385369

PORTFOLIO - MODELLING - INDUSTRIAL-

# M.R BAKERY & SWEETS

സ്വാദിഷ്ടമായ മധുരപലഹാരങ്ങൾ, മിക്ചർ, ബനാനചിപ്സ്, സ്നാക്സ് മിതമായ നിരക്കിൽ

PUTHIYAPALAM ROAD CALICUT - 2
Ph: 2304036



*Fresh Snacks & Sweets*

# കെ.വി. കർട്ടൺസ്

കുതിരവട്ടം ഗവ: ആശുപത്രിക്കു സമീപം,
കുതിരവട്ടം.
കോഴിക്കോട് - 673016
ഫോൺ : 9387421203
9747531203

കർട്ടൺ, സോഫ, കുഷ്യൻ, etc വർക്കുകളും കർട്ടൺ വാഷിങ്ങും ചെയ്തുകൊടുക്കുന്നു.


Poem

# Rain Drops




**Anamigha Anil**
Presentation Higher Secondary School
Vth Std


*I love rain*
*I love the drops of rain*
*It give hearty pleasure*
*The rain drops falls on the*
*Petals of flowers and*
*they shake face with smile*
*I love the rainy season*
*It will cool my mind*
*I welcome rain drops*
*With all my hearty pleasure*

വാങ്ങികൊടുക്കില്ല. ഒരു നാൾ വള ക്കാരന് വിഷമം തോന്നി രണ്ട് പേർക്കും ഒരോ ജോഡി വള കയ്യി ലിട്ടു കൊടുത്തു. അതു പാർവ്വതി പിടിച്ചു പൊട്ടിച്ചു. കരഞ്ഞാലും യാതൊരു പ്രയോജനവും ഇല്ല.

പാർവ്വതിയുടെ അമ്മ നല്ല സ്വഭാവക്കാരിയാണ്. ആങ്ങളയുടെ കുട്ടികളോട് സ്നേഹവും ഉണ്ട്. പക്ഷെ അവളുടെ അച്ഛൻ അസൂയാ ലുവും മകളുടെ ഏഷണി കേട്ട് പെരുമാറുന്ന ആളും ആണ്. കുട്ടി കളെ കണ്ണുരുട്ടി പേടിപ്പിയ്ക്കും. ഒരു പ്രാവശ്യം വയനാട്ടിൽ നിന്ന് വേണിയ്ക്കും, റാണിയ്ക്കും രണ്ട് ഉടുപ്പുകൾ തുന്നിച്ചു കൊണ്ടുവന്നു. മെലിഞ്ഞ പ്രകൃതിക്കാരിയായ വേണിയുടെ ശരീരത്തിൽ ഒട്ടിപ്പിടി ച്ചു നിൽക്കുന്ന രീതിയിലാണ് ആ ഉടുപ്പ്. റാണിയ്ക്ക് സാധാരണ ഉടുപ്പും. മാത്രമല്ല വേണിയുടെ ഉടു പ്പിന്റെ രണ്ട് കയ്യുകളും, അരഭാഗവു ം എല്ലാം പ്രസ്സ് ബട്ടൺ കൊണ്ടാണ് തുന്നലിന്നു പകരം ബന്ധിച്ചത്. എന്നും വൈകുന്നേരം മത്സ്യം വാങ്ങുവാനും മസാല സാധനങ്ങൾ വാങ്ങുവാനും പോകേണ്ട വേണി യോട് അയാൾ നിർബന്ധ പ്രകാരം ആ ഉടുപ്പ് ഇട്ട് പോകണമെന്ന് സ്നേഹ സ്വരത്തിൽ പറഞ്ഞു. അവളും പ്രത്യേകതരം ഉടുപ്പല്ലേ എന്നു കരുതി ആ ഉടുപ്പ് ഇട്ട് തന്നെ പീടികയിൽ പോയി. സാധനങ്ങ ളെല്ലാം വാങ്ങി തിരകെ വരുമ്പോൾ അടുത്തുള്ള സ്റ്റേഷനറി കടയിൽ നിന്ന് വേണീ എന്നൊരു വിളി. അത് പാർവ്വതിയുടെ അച്ഛനായിരു ന്നു. അടുത്തേക്ക് ചെന്നപ്പോൾ വാസു! നിനക്ക് ഒരുമാജിക്ക് കാണണോ എന്ന് ചോദിച്ച് ഉടു പ്പിന്റെ ഒരു കയ്യ് പിടിച്ചു വലിച്ചു. കക്ഷത്തെ ബട്ടനൊഴിച്ച് എല്ലാം വിട്ട് കയ്യ് തൂങ്ങിക്കിടന്നു. അതു പോലെ മറ്റേ കയ്യും. കയ്യിൽ സാധ നങ്ങളാണ് അരക്കെട്ടിലെ പകുതി യോളം ബട്ടണും വലിച്ചഴിച്ചു. മദ്യ ലഹരിയിൽ അയാൾ പൊട്ടിച്ചിരി ച്ചു. വാസു ചിരിച്ചില്ലെന്നുമാത്രമല്ല ദയനീയമായി വേണിയെ നോക്കി. അവൾ കരഞ്ഞു കൊണ്ട് സാധന ങ്ങൾ താങ്ങി എങ്ങനെയോ വീട്ടി ലെത്തി കാര്യങ്ങൾ പറഞ്ഞു.

നിന്റെ അച്ഛനോടൊന്നും പറയല്ലേ. അടി പിടി ഉണ്ടാകും. സാരമില്ല. നന്നായി കുടിച്ചിട്ടു ണ്ടാകും. വേണിയുടെ അമ്മ സ്വന്തം മോളോട് ഇങ്ങനെചെയ്യോ എന്നു മാത്രം സങ്കടത്തോടെ എല്ലാവരോ ടുമാ യി ചോദിച്ചു. ആ ഉടുപ്പ് ഇനി മോളിടേണ്ട എന്ന് പറഞ്ഞ് എല്ലാവ രും വേണിയെ സമാധാനിപ്പിച്ചു. പാർവ്വതി അപ്പോൾ ഒളിഞ്ഞു നിന്ന് വേണിയെ നോക്കി ചിരിക്കുന്നു ണ്ടായിരുന്നു. ആ ഉടുപ്പ് പിന്നെ വീട്ടിൽ കണ്ടിട്ടില്ല. എല്ലാവർക്കും കാര്യം മനസ്സിലായെങ്കിലും തുറന്നു പറയുവാൻ ധൈര്യമില്ല.

കുടുംബത്തിലെ എല്ലാ കുട്ടികൾക്കും സ്വർണ്ണാഭരണങ്ങൾ ഉണ്ടെങ്കിലും ദിവസേനഅണിയാൻ കൊടുക്കാറില്ല. ജന്മദിനങ്ങളിലും കാവിലെ ഉത്സവത്തിനും ഓണം, വിഷു, തിരുവാതിര, കല്യാണം എന്നീ ദിവസങ്ങളിലും കുളിച്ചു വന്നാൽ ആഭരണ പെട്ടിയിൽ നിന്ന് എടുത്തുതരും. അച്ഛന്റെ മൂത്ത പെങ്ങളാണ് കൈകാര്യം ചെയ്യു ന്നത്. ആ ദിനങ്ങൾ കഴിഞ്ഞാൽ ഊരി വെയ്ക്കുകയും വേണം.

പാർവ്വതിയുടെ ജന്മദിന ത്തിന് അമ്പലത്തിൽ പോകുവാൻ പതിവുപോലെ പെട്ടി തുറന്ന് ആഭര ണമെടുക്കുമ്പോൾ അവൾ പറഞ്ഞു. ഇന്ന് എനിയ്ക്ക് വേണി യുടെ സ്വർണ്ണമാല വേണം. അടു ത്തുതന്നെ നിന്നിരുന്ന വേണിക്ക് പന്തികേടു തോന്നിയെങ്കിലും പറ യാൻ പാടില്ലല്ലോ. പാർവ്വതി ഇടംക ണ്ണിട്ട് അവളെ പരിഹാസച്ചിരി യോടെ നോക്കുന്നുണ്ടായിരുന്നു.

അവളും അച്ഛനും കൂടി അമ്പ ലത്തിൽ പോയെങ്കിലും വേണി യുടെ മനസ്സിൽ പാർവ്വതി തന്റെ ചെയിൻ നഷ്ടപ്പെടുത്തുമോ എന്നൊരു ഭയം. വേണി ആരും അറിയാതെ അവളുടെ തിരിച്ചു വരവ് ശ്രദ്ധിയ്ക്കുന്നുണ്ടായിരുന്നു. പാർവ്വതി വന്നപ്പോൾ മാല അഴിച്ചു കൊടുക്കുമോ എന്ന് നോക്കാനായി വേണി ചെന്നപ്പോൾ ഒരു കൂസലും ഇല്ലാതെ അവൾ പറയുന്നു "വേണി യുടെ മാല വീണു പോയി . തിര ഞ്ഞിട്ട് കിട്ടിയില്ല. വേണിയ്ക്ക് ശരിയ്ക്കും അറിയാമായിരുന്നു അവൾ അത് അച്ഛനെഏൽപ്പിച്ചതാ ണെന്ന്. പക്ഷെ ഒരു വാക്കും സംസാരിക്കാതെ വേണി കണ്ണീർ വാർത്തു. ഏക മകൾക്ക് എന്തും ചെയ്യുവാനും പറയുവാനും സ്വാത ന്ത്ര്യമുണ്ട്. അപ്പോഴും പാർവ്വതി ഒളികണ്ണിട്ട് വേണിയെ നോക്കി പരി ഹാസച്ചിരി ചിരിയ്ക്കുന്നുണ്ടായിരു ന്നു.

കാലങ്ങൾ കടന്നു പോയി. കുടുബത്തിൽ പലമാറ്റ ങ്ങളും നടന്നു. പാർവ്വതിയ്ക്ക് വിവാഹ ആഭരണങ്ങൾ ഉണ്ടാക്കി ലോക്കറിൽ വെച്ചിട്ടുണ്ട്. കുറച്ചാഭര ണങ്ങൾ കച്ചവടാവശ്യത്തിലേക്ക് പണയം വെച്ചിരുന്നു. വിവാഹ ത്തിന് ഒരാഴ്ച്ച മുമ്പേ എല്ലാ സാധ നങ്ങളും, പണവുമായി അവളുടെ അച്ഛൻ വയനാട്ടിൽ നിന്നുവന്നു. വലിയ പന്തലും, വലിയ സദ്യയും, വിരുന്നുകാരുടെ വരവും എല്ലാം കൂടിയുള്ള തിരക്കിൽ ആഭരണ ങ്ങൾ തലേന്ന് രാവിലെ എടുത്തുവ രാമെന്ന് അയാൾ നിശ്ചയിച്ചു.

വിവാഹത്തലേന്ന് ബാങ്കി ലേയ്ക്ക് പുറപ്പെട്ടു. എത്തിയപ്പോ ഴാണ് അറിയുന്നത് ബാങ്ക് പൂട്ടിക്കി ടക്കുന്നു. അന്ന് രണ്ടാം ശനിയാഴ്ച യാണ്. എത്രയും ആശിച്ചു നിർമ്മിച്ച ആഭരണങ്ങളും, വള കളും അണിയാൻ കഴിയാതെ പാർവ്വതിയ്ക്ക് ലോലമായ രണ്ടു ചെയിനും മൂന്നാലു വളകളുമായി പന്തലിൽ നില്ക്കേണ്ടി വന്നു.

പാർവ്വതിയുടെ അച്ഛൻ പൊങ്ങച്ചം കാണിയ്ക്കുന്നതിൽ ദേഷ്യമുള്ള അയാളുടെ സ്നേഹിതർ സദ്യയും വേണ്ടവിധം നടത്താതെ അലങ്കോ ലമാക്കി. ഏതൊരു കാര്യങ്ങൾക്കും തിരിച്ചടി ഉണ്ടാകുമെന്ന് അവൾ

വൈകിയെങ്കിലും മനസ്സിലാക്കിയോ എന്തോ?..വളരെ പ്രയാസപ്പെട്ട് ഉദ്യോഗസ്ഥയായെങ്കിലും പാർവ്വതിയുടെ വിവാഹജീവിതം പരാജയമായിരുന്നു.

വേണിയ്ക്കാകട്ടെ വിവാഹജീവിതം സന്തുഷ്ടമായും തരക്കേടില്ലാത്ത വിധവും നടന്നു. അവൾ ഒരു നല്ല ഉദ്യോഗസ്ഥയുമായി.

പാർവ്വതിയുടെ അച്ഛൻ പിന്നീട് പാപ്പരായി. രോഗം പിടിപ്പെട്ട് കഷ്ടപ്പെടുന്ന ആ അച്ഛനെ പാർവ്വതി പോലും വേണ്ടും വിധം ശ്രദ്ധിക്കാതായി. നിസ്സഹായവസ്ഥയിലായി അവളുടെ അമ്മ.

വേണിയുടെ അടുക്കൽ അയാൾ ആരും അറിയാതെ നടക്കാൻപോലും വിഷമിച്ച് സഹായാഭ്യർത്ഥനയുമായി വന്നു. ആവശ്യപ്പെട്ട സഹായങ്ങളും, ഭക്ഷണവും ഉൾപ്പെടെ എല്ലാം വേണി നല്കി. രണ്ടു കയ്യും നീട്ടി അയാൾ വേണിയിൽ നിന്ന് ഭക്ഷണവും സഹായങ്ങളും സ്വീകരിയ്ക്കുമ്പോൾ കഴിഞ്ഞ കാലങ്ങൾ ഓർത്തുള്ള പശ്ചാത്താപമാകാം അയാളുടെ കണ്ണിൽ നിന്ന് കണ്ണീർ ഉറ്റു വീഴുന്നുണ്ടായിരുന്നു. ■




## നക്ഷത്രരാജ്യം സ്പോട്സ് ഇൻസ്റ്റിറ്റ്യൂഷൻ അത്‌ലിറ്റിക്സ് ഡവലപ്മെന്റ് അക്കാദമി [N.S.I.A.D.A]

**NAKSHATHRARAJYAM SPORTS INSTITUTION ATHLITIC DEVELOPMENT ACADEMI**

GOV: REG-NO: 222/2014, OFFICE OF THE NSIADA & NAKSHATHRA RAJYAM MONTHLY
POST BOX NO: 1205, BUIL: NO:26/1854, MANKAVE(P.O),
KOZHIKODE 673007, KERALA STATE, INDIA, Mob:9847649567, 9744233997

**SPORTS,CINEMA,ARTS&LITERATURE DEVELOPMENT ACADEMI [N.S.I.A.D.A]**

### അപേക്ഷ ക്ഷണിക്കുന്നു

നക്ഷത്രരാജ്യം സ്പോട്സ് ഇൻസ്റ്റിറ്റൂഷൻ അത്‌ലിറ്റിക്സ് ഡവലപ്പ്മെന്റ് അക്കാദമി (എൻ. എസ്. ഐ. എ. ഡി. എ) 2015 ജനവരി 1 മുതൽ ദിനവും രാവിലെ 6 മണി മുതൽ 7.30 വരെ മെഡിക്കൽ കോളേജ് ഓപ്പൺ ഗ്രൗണ്ടിൽ വെച്ചു നടത്തുന്ന അത്ത്‌ലിറ്റിക്സ് ട്രേക്ക് ഈവന്റ് "ട്രെയിനിംഗ് ക്യാമ്പിലേക്ക് കായിക ക്ഷമതയും, ഓട്ടമത്സരവിജയ ഇഛാശക്തിയും, ആരോഗ്യവും ഉള്ള 12നും 14നും ഇടയിൽ പ്രായത്തിലുള്ള 20 ആൺക്കുട്ടികളെ തെരഞ്ഞെടുക്കുന്നു. ഡിസംബർ രണ്ടാം വാരത്തിൽ കോഴിക്കോട് മെഡിക്കൽകോളേജ് ഓപ്പൺ ഗ്രൗണ്ടിൽ വെച്ച് നടത്തുന്ന സെലക്ഷൻ ട്രയൽസിൽ പങ്കെടുക്കാനും ഒരു ട്രെയിൻഡ് അത്‌ലിറ്റായി മത്സരങ്ങളിൽ പങ്കെടുത്തു വിജയിക്കാനും ആത്മാത്ഥമായി ആഗ്രഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

ടൈപ്പ് ചെയ്ത അപേക്ഷയിൽ കുട്ടിയുടെ ഫോട്ടോയും, സ്ഥിരം അഡ്രസ്സും, വിദ്യാർത്ഥിയാണെങ്കിൽ സ്ക്കൂളിന്റെ പേരും അഡ്രസ്സും, രക്ഷിതാവിന്റ തൊഴിലും അഡ്രസ്സും കുട്ടിയുടെ ഒപ്പോടുകൂടി രക്ഷിതാവാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടതൽ വിവരങ്ങൾക്ക് 9847649567, 9744233997

ചെയർമാൻ (ഒപ്പ്) N. S. I. A. D. A
മാനേജിംഗ് എഡിറ്റർ (ഒപ്പ്) നക്ഷത്രരാജ്യം മാസിക

NB: അപ്ലിക്കേഷൻ പ്രൊഫഷണൽ കൊറിയറിൽ ബുക്ക് ചെയ്ത ശേഷം ഫോണിൽ ബന്ധപ്പെടുക

**Nakshathrarajyam Sports Institution Athlitic Development Academi (NSIADA)**
gov:reg no: 222/2014, office of the nsiada & nakshathra rajyam monthly , post box no: 1205, mankave(p.o), Kozhikode 673007, Kerala state, India, Mob 9847649567, 9744233997
Email: nakshathrarajyam@gmail.com, (Personal Email) : radhakrishnannsiada@gmail.com

ലേഖനം

# സിംഹത്തിന്റെ തണ്ടേടമുള്ള ഗീർ വനിതാ സംരക്ഷകർ



വിനോദ്കുമാർദാമോദർ



മൃഗരാജാവിന്റെ ഒരേയൊരു പ്രകൃതിദത്ത വനമായ ഗുജറാത്തിലേ ഗീർ വനത്തിൽ വിഷമം പിടിച്ച വന്യജീവി സംരക്ഷണ ജോലികൾ ചെയ്യുവാൻ ഇന്ന് മുന്നോട്ടു വരുന്നത് ചെറുപ്പകാരികളായ സ്ത്രീകളാണ്. ഇതൊരു വൻ മാറ്റമായിട്ടാണ് അവിടത്തേ ഡെപ്യൂട്ടി കൺസർവേറ്ററായ ശ്രീ. സൻന്ദീപ്കുമാർ പറയുന്നത്.

പൊതുവെ പിന്നോക്കം നിൻക്കുന്ന ഈ മേഖലകളിലെ ഗ്രാമങ്ങളിൽ നിന്നും നല്ല തോതിൽ വനിതകൾ ഈ ജോലി ഏറ്റടുക്കാൻ മുന്നോട്ടു വരുന്നത് ഒരു പുതിയ പ്രതിഭാസമാണെന്ന് ഗുജറാത്ത് വനം വകുപ്പുകാർ പറയുന്നു.

സാസൻഗീർ നാഷണൽ പാർക്ക് എന്നറിയപ്പെടുന്ന ഈ പ്രദേശത്തെ ഒരു വനിതാ ഫോറസ്റ്റർ ശ്രീമതി വാദ്ദേർ ഇവിടെ ജോലി നോക്കുവാൻ തുടങ്ങിയിട്ട് ആറു വർഷമായി.

ഈ ആറുവർഷത്തിനിടെ എണ്ണൂറോളം വന്യജീവികളേ രക്ഷപ്പെടുത്തിയിട്ടുണ്ട്. അതിൽ കുളത്തിലും കിണറിലും വീഴുന്ന സിംഹങ്ങളും പുലികളും മലമ്പാമ്പുകളും പെടുമെന്ന് അഭിമാനത്തോടെയാണവർ പറയുന്നത്. ആദ്യം ഈ ജോലി വളരെ വിഷമമായി തോന്നിയിരുന്നെങ്കിലും ഇന്ന് ഇതൊരു അഭിമാനകരമായ ജോലിയായി അവർക്ക്. മാത്രവുമല്ല വൻതുക പാരിതോഷികമായും ലഭിച്ചിട്ടുമുണ്ട്. 2007 ൽ 33 ശതമാനം ജോലി സ്ത്രീകൾക്കായി നീക്കിവെച്ചു അന്നത്തേ മുഖ്യമന്ത്രി ശ്രീ നരേന്ദ്രമോഡി. ഒരു വനിതാ ഫോറസ്റ്ററായ എനിക്ക് അദ്ദേഹത്തിൽ നിന്നും റിവാർഡുകളു അവാർഡുകളും വാങ്ങിയ നിമിഷം വളരെ അഭിമാനകരമായി തോന്നുന്നതായി വാദ്ദേർ പറയുന്നു.
2007ൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച സ്ത്രീ ഫോറസ്റ്റുകാരിൽ ഒരാളാണ് ശ്രീമതി വാദ്ദേർ.

നാൽപ്പത് അടിയുള്ള കിണറ്റിലേയ്ക്കിറങ്ങി അടുത്തയിടെ ഒരു ഗീർ പുലിയേ രക്ഷിച്ച കഥ പറയുമ്പോൾ അവർക്ക് പേടിയും അഭിമാനവുമുണ്ട്. അന്ന് കിണറ്റിലിറങ്ങി പുലിയെ ഇവർ മയക്കു വെടിവെച്ചു രക്ഷിച്ചില്ലായിരുന്നെങ്കിൽ ഇതിന്റെ മരണമുറപ്പായിരുന്നു.

ജ്യൂനഗഡ് ജില്ലയിലെ പിന്നോക്ക ഗ്രാമമായ ബൺഡോരി ഗ്രാമത്തിൽ വളർന്ന ഈ വനിതാ ഫോറസ്റ്ററുടെ പ്രവർത്തി വന്യജീവി വിദഗ്ദരെപ്പോലും അതിശയപ്പെടുത്തി.

ഇന്ന് സ്ഥിരമായി വന്യജീവിയും മനുഷ്യനും ഏറ്റുമുട്ടുന്ന ഗീർവനമേഖലയിൽ ഇവർക്ക് നല്ലൊരു സ്ഥാനം ജനങ്ങൾ നൽകുന്നുണ്ട്.

ഇക്കാലത്ത് മുന്നോക്ക സംസ്ഥാനങ്ങളിൽ പോലും സ്ത്രീകൾ ഇറങ്ങി തിരിയ്ക്കുവാൻ മടിച്ചു നിൽക്കുമ്പോൾ സാസൻഗീർ നാഷണൽ പാർക്കിലെ ഈ പ്രതിഭാസം അതിശയകരമായിരിയ്ക്കുകയാണ്.

അവിടെ ഫോറസ്റ്ററായി ജോലി ചെയ്യുകയായിരുന്ന തൃപ്തി ജോഷി തന്റെ വിവാഹം കഴിഞ്ഞതിന് ശേഷവും ഫോറസ്റ്ററായി ജോലി തുടരുന്നത് പലരും എതിർത്തപ്പോൾ തന്റെ അച്ഛനാണ് ഈ ജോലിയിൽ നിൽക്കുവാൻ ശക്തമായി ആവശ്യപ്പെട്ടത്. ഇത് ഒരു അഭിമാനചിഹ്നം പോലെയായിരുന്നു പിന്നോക്ക ഗ്രാമത്തിന്. ഇന്ന് വനിതാ ഫോറസ്റ്റർ ജോലിയ്ക്ക് ഗീർ നാഷണൽ പാർക്ക് അധികൃതർക്ക് ആയിരകണക്കിന് അപേ

## GLAMOUR GENTS WEAR

Naluparambil Complex, Mankave, Calicut - 7
9847756569

**Pants, Jeans, Shirt, T-Shirts etc....**

India's No - 1
## AKSHAYA WATER PROOFING

29/851, Kottoli, Mavoor Road,Kozhikode - 673016
*Mob : P.P. Pradeep - 9447312616, 9037940457*
*Email: aakshayawaterproof@gmail.com*

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

ഓം നമഃശിവായ
ദിനേശ് - Mob : 9946309061
## നീലഗിരി പൂജാസ്റ്റോർ

തളിറോഡ് കോഴിക്കോട് - 2
ഫോൺ : 0495 2702176

എല്ലാ പൂജാസാധനങ്ങളും ഇവിടെ കിട്ടും

## വിനായക

വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ

ശ്രീ വളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്
ഫോൺ : പപ്പൻ - 9400741434

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്
## ടി.പി. ടീ സ്റ്റാൾ

കുറ്റിയിൽതാഴം,
കോഴിക്കോട്
മനോജ് 9847915793

## ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്

കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

## MANAMKULAM ENTERPRISES

Chalappuram P.O., Calicut-673 002, Kerala
Ph: Off: 2302884, Res: 2301916 Mohammed Ashraf:
9847755130

**WHOLE SALE DEALER OF ANCHOR PLYWOOD**

Dealers: Plywoods, Laminated Sheets, Black Boards,
Aluminium Items, Hardware, Timbers etc.

## MANAMKULAM TIMBERS

Chalappuram P.O., Calicut-673 002, Kerala

Whole sale and Retail dealer of All types of Timber
logs & sizes, Nilotika sizes available

Ph: Abdul Nazer - 9847010745
Mohemed Faizel - 9847133878

## *Sree Lakshmi Enterprises*

24/1410-D, Thalikulangara, Mankave,
Calicut - 673 007
Ph: Off: 9847140046
Mob: Ramesh : 9847005566

Dealers in
Johnson & Johnson, PEDI GREE (Dog & Cat Food)

## AIWA TAILORING
(GENTS)

*Sreevalayanad,*
*Kozhikode - 673007*
*Ph: Baiju : 9037164023*


## P.V. ENTERPRISES

DEALERS IN ELECTRICAL &
PLUMBING MATERIALS

17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
Ph:0495 4025101, 3042762 Mob: 9387338100

## Highness Cool Refrigeration & Air Conditions

NEAR POST OFFICE, MANKAVE, CALICUT - 7
*(Service for Airconditioner, Refrigerator,*
*Washing*
*washing Machine, Spray Painting, etc.)*
*Mob: 9349810003*



ക്ഷകളാണ് ലഭിയ്ക്കുന്നത്.

ഇവർക്ക് ജോലികിട്ടിയാൽ ആറുമാസം ഇവരെ സാധാരണയായി ഓഫിസ് ജോലികളിൽ ഇടപെടിയിയ്ക്കും. പിന്നീടാണ് ഫോറസ്റ്ററായി വനം-വന്യജീവി സംരക്ഷണപ്രവർത്തനത്തിനു വിടുന്നത്. എന്നാൽ ഇന്നിവർക്ക് ഓഫിസ് ജോലികളേക്കാൾ ഇഷ്ടം വനത്തിലെ ജോലിയാണ്. ഒരു വനിതാ ഫോറസ്റ്റർ തന്റെ കൈയ്യിലെ ഒരു വലിയ മുറിവ് കാണിച്ചു കൊണ്ട് പറഞ്ഞത് തനിയ്ക്ക് നേരെ ഒരു പുലി അക്രമിച്ചപ്പോൾ സംഭവിച്ച ഒരു മുറിയുടെ പാടാണിതെന്നാണ്. അന്നു പതിനഞ്ചു തുന്നുകളിട്ടാണ് തൽക്കാലം രക്ഷപ്പെട്ടതത്രെ. ഒരു പുലിയുടെ കഴുത്തിൽ ചിപ്പു പിടിപ്പിയ്ക്കുന്നതിനിടെ മയക്കം തെളിഞ്ഞ പുലിയുടെ അക്രമം മൂലമാണിത് സംഭവിച്ചതെന്ന് അവർ ധീരതയോടെ വിവരിച്ചു. തന്റെ വീട്ടുകാർ ഈ മുറിവ്. കണ്ടപ്പോഴാണ ത്രെ തന്റെ ജോലിയിലെ അപകടസാധ്യയെപ്പറ്റി ബോധവാന്മാരായത്! ഗീർ വനത്തിലെ പുലികൾ പൊതുവെ കുറച്ചു ശൂരത ജാസ്തിയുള്ളവരാണ്. വനിത ഫോറസ്റ്ററുമാർ സ്വസിദ്ധമായ തങ്ങളുടെ മിടുക്കിൽ അഭിമാനത്തോടെ പറഞ്ഞു.

മറ്റു വനങ്ങളിൽ നിന്നും വ്യത്യസ്ഥമായ ഗീർവനം പൊതുവേ വരണ്ട പുൽ പ്രദേശം നിറഞ്ഞതാണ്. ഗീർ വനത്തിനകത്ത് വനവാസികൾ അധികരിച്ചു വരുന്നതും ചുറ്റുമുള്ള ഗ്രാമീണർ വർദ്ധിച്ചു വരുന്നതും കാരണം സ്ഥിരമായി ജനങ്ങളും വന്യജീവികളും തമ്മിൽ ഏറ്റുമുട്ടേണ്ടി വരുന്നത് ഒരു പ്രധാനപ്രസ്നമാണ്. ഇത്തരത്തിൽ വരുന്ന ഏറ്റുമുട്ടൽ സമയത്ത് കൂടുതൽ സൗമ്യമായി കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ സ്ത്രീ ഫോറസ്റ്റുകാർക്ക് കഴിയുന്നുവെന്ന് അവിടത്തെ കൺസർവേറ്റർ പറയുന്നു.

ഫോറസ്റ്റർ ശ്രീമതി വദ്ദേറിന് ഏറ്റവും അഭിമാനകരമായനിമിഷം ഒരുമുള്ളൻ പന്നിയിൽ നിന്നും മുറിവേറ്റ ഒരു സിംഹത്തെ താൻ രക്ഷിച്ച ദിവസമാണ്. നേരം വെളുക്കുവോളം കൂടുവെച്ച് സിംഹം കൂടിനകത്ത് കയറുവാൻ കാത്തു നിൽക്കേണ്ടിവന്നു തനിയ്ക്ക് ആ മൃഗരാജാവിനെപിടികൂടാൻ. അഭാമാനത്തോടെ ശ്രീമതി വദ്ദേർ പറഞ്ഞു.

ഗീർവനപ്രദേശത്ത് പ്രസ്നങ്ങൾ ഇന്ന് പലതരത്തിലും വർദ്ധിക്കുന്നതും ഇവർക്ക് നേരിടേണ്ടി വരുന്നു. ഒരു ഭാഗത്ത് വനത്തിലെ സിംഹങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. നാഷണൽ പാർക്ക് വിട്ട് ഗ്രാമ പ്രദേശങ്ങളിലേക്ക് സിംഹങ്ങൾ ഇറങ്ങും. ഈ തരത്തിൽ ഗ്രാമങ്ങളിലേയ്ക്ക് സിംഹങ്ങൾ ഇറങ്ങുന്ന കാടുകളാണ് "മിതിയാല"വനങ്ങൾ. തീരപ്രദേശവനങ്ങളാണിവ. കുറച്ചു സിംഹങ്ങൾ സ്ഥിരമായി ഇവിടെ വിലസിയിരുന്നു. ഗീറിൽ നിന്നും ഇറങ്ങിവന്നതായിരുന്നു ഇവർ. ഗീർ വനത്തിൽ നിന്നും ഇറങ്ങി വരുന്ന സിംഹങ്ങളെ തിരിച്ച് ഗീർ നാഷണൽ പാർക്കിൽ എത്തിച്ചുവെങ്കിലും ഇവ വീണ്ടും കടൽതീരവനപ്രദേശങ്ങളിൽ തിരിച്ചെത്തി. ഈ അവസരങ്ങളിൽ വനിത ഫോറസ്റ്റർമാർക്ക് കഠിനാദ്ധ്വാനം തന്നെ. എന്നാലും ഞങ്ങൾ പിന്നോട്ടില്ലയെന്ന്തന്നെയുള്ള ഇവരുടെ ചിന്തയുടെ കരുത്ത്, ഇത് പുരുഷ വനം-വന്യജീവി ഉദ്യോഗസ്ഥർക്ക് പ്രജോദനം നൽകുന്നു. തങ്ങൾ ഒരടിയെങ്കിലും മുന്നിലേയ്ക്ക് നിൽക്കമണമെന്ന വാശി ഇവർക്കിടയിലും വർദ്ധിച്ചതായി കാണുന്നു. അതുകൊണ്ട് തന്നെ "സാസൻഗീർ നാഷണൽ പാർക്ക് "പ്രസ്നങ്ങൾക്കിടയിലും ഇന്ന് രാജ്യത്തെ നല്ല ഒരു വന്യജീവി സങ്കേതമായി നിലകൊള്ളുന്നു. വർദ്ധിച്ച സിംഹമരണങ്ങൾ ചൂണ്ടിക്കാണിച്ചു വന്യജീവിസ്നേഹികൾ ഗീറിനെതിരെ വിരൽ ചൂണ്ടുമ്പോഴും മറ്റു വന്യജീവി സങ്കേതത്തിനേക്കാളും ആത്മാർത്ഥത കാണിക്കുവാൻ ഇവിടത്തെ വനിത ഫോറസ്റ്റർമാരിലൂടെ കഴിയുന്നുണ്ട്. മുമ്പ് ഒരു വനത്തിനകത്ത് തന്നെ ഇതുവരെ പ്രവേശിക്കാത്ത ഈ ഫോറസ്റ്ററുമാർ ഇന്ന് ഗുജറാത്തിന്റെ അഭിമാനമായ സിംഹങ്ങളെപ്പോലെത്തന്നെ സംസ്ഥാനത്തിന്റെ അഭിമാനമായി മാറിയിരിയ്ക്കുകയാണ്. ■



കഥ

# അവൾ ആത്മകഥ എഴുതുകയാണ്



ബി.കെ. ഇബ്രാഹിം
മൂർക്കനാട്



മുതൽ മുടക്കില്ലാത്ത ഒരു ബിസ്സിനസ്സിനെപ്പറ്റി അവൾ ചിന്തിക്കുകയായരുന്നു. ഇപ്പോൾ ബിസിനസ്സ് നടത്താൻ കോടികൾ കയ്യിൽ വേണം. റിയൽ എസ്റ്റേറ്റ് ബിസിനസ്സാണ് ഇപ്പോൾ കാര്യമായി നടക്കുന്നത്. ഭൂമിവാങ്ങുക, കൂട്ടത്തിൽ സർക്കാർ ഭൂമി കയ്യേറി രേഖയുണ്ടാക്കുക, വമ്പൻ റിസോർട്ടുകൾ പണിയുക, മസാല പാർലർ സ്ഥാപിക്കുക എന്നിട്ട് അതെല്ലാം വമ്പൻ ലാഭത്തിന് മറിച്ച് വിൽക്കുക, കോടികൾ സമ്പാദിക്കുക ഇതൊക്കെയാണ് ഇപ്പോൾ നടക്കുന്നത്.

ഇവിടെ പണമില്ലാത്തവർ എന്ത് ചെയ്യും? അവർക്കും ബിസിനസ്സ് നടത്തേണ്ടേ....... പണമുള്ളവന്റെ കയ്യിൽ നിന്നും പണമിറങ്ങണം. പണമുള്ളവർ വെറുതെയങ്ങ് പണം തരില്ല. അതിന് ചില സൂത്ര പണികളൊക്കെ ഒപ്പിക്കണം. പണമുണ്ടാക്കാനുള്ള ചില വിദ്യകൾ ആലോചിക്കുകയായിരുന്നു അവൾ.

"റസിയസുൽത്താന" അവൾ സിനിമാ നടിയെപ്പോലെ സുന്ദരിയായിരുന്നു. പണമുണ്ടാക്കനുള്ള പുതിയ പേക്കേജിന് അവൾ രൂപം നൽകി. തന്റെ കാമുകൻ റോഷനുമായി അവൾ സംസാരിച്ചു. ഒറ്റക്ക് ഒരു പെണ്ണിന് ഒന്നും ചെയ്യാൻ കഴിയില്ലല്ലോ.... എപ്പോഴും ഒരാൺതുണ ആവശ്യമാണ്. അതിന് എന്തും ചെയ്യാൻ മടിക്കാത്തവനെവേണം. കൈവിറക്കാത്തവനെവേണം. പലതും ചെയ്യേണ്ടി വരും. ചിലപ്പോൾ കൊലപാതകംവരെ.

അങ്ങിനെയാണ് കാമുകി കാമുകന്മാർ ഒരു മേശയ്ക്കു ചുറ്റുമിരുന്നത്. അവർ തിരകഥ തെയ്യാറാക്കി. ഇതിൽ നായികക്കാണ് കൂടുതൽ റിസ്ക്കുളള ജോലി. നായകൻ വെറും സംവിധായകൻ മാത്രം.

ആദ്യം അവൾ തന്റെ പക്കലുള്ള മൂലധനത്തിന്റെ മൂല്യം കണക്കാക്കുകയായിരുന്നു. അതെങ്ങിനെകണക്കാക്കും?... മൂലധനമെന്നു പറഞ്ഞാൽ പണവും സ്വർണ്ണവും ഭൂമിയും, കെട്ടിടവുമൊന്നുമല്ല വൾ ഉദ്ദേശിച്ചത്. അവൾ തന്നെത്തന്നെ മൂലധനമായി കണക്കാക്കുകയായിരുന്നു.

അവൾ പൗഡറിട്ട് മുഖം വെളുപ്പിച്ചു. ചായം തേച്ച് അധരങ്ങൾ ചുവപ്പിച്ചു. മഷിയെഴുതി പുരികങ്ങൾ കറുപ്പിച്ചു. എന്നിട്ടവൾ നില അലമാരക്ക് മുന്നിൽ സ്ഥാപിച്ച കണ്ണാടി നോക്കി രസിച്ചു. മുക്കുപ്പണ്ടങ്ങളണിഞ്ഞ കൈവളകൾ കൊട്ടി ശബ്ദമുണ്ടാക്കി. കണ്ണാടിയിൽ നോക്കി എല്ലാപല്ലുകളും വെളിയിൽ കാണത്തക്കവിധത്തിൽ ചിരിച്ചു. നല്ല നിരനിരയായി നിൽക്കുന്ന ഭംഗിയുള്ള പല്ലുകൾ. പിന്നെ ചിരിക്കുന്ന മുഖത്തിന്റെ ക്ലോസപ് ചിത്രം മനസ്സിൽ കുറിച്ചിട്ടു. എത്ര ഭംഗിയുള്ള മുഖം അവൾ സ്വയം പറഞ്ഞു. ചുണ്ടുകൾ, നീണ്ടമുടി, നീണ്ട് വളഞ്ഞ മൂക്ക്, മാൻപേട കണ്ണുകൾ എല്ലാം ഒന്നിനൊന്ന് മനോഹരം. പിന്നീടവൾ സിരകളിൽ നുരഞ്ഞു പൊങ്ങിയ ആത്മ വിശ്വാസത്തിൽ തന്റെ വസ്ത്രങ്ങൾ അഴിച്ചു മാറ്റുകയായിരുന്നു. പുഷ്ടമായ മാറിടം, തുറിച്ചു നോക്കുന്ന കുചകുംഭങ്ങൾ, ആഴമുള്ള പൊക്കിൾ, അഴകാർന്ന മാർദ്ദവമേറിയ നിതംബം, വെണ്ണക്കല്ലിൽ വാർത്തെടുത്ത കാലുകൾ, സ്വകാര്യ ഭാഗങ്ങൾ അവൾ തന്റെ ശരീരത്തിന്റെ മൂല്യം കണക്കാക്കുകയായിരുന്നു. മൂല്യം അക്കങ്ങൾക്കപ്പുറമുയർന്ന് കണക്കുകൂട്ടാൻ കഴിയാതെ അനന്തതയിലേക്ക് മുങ്ങിത്താഴുകയായിരുന്നു. പെണ്ണുടലുകൾക്ക് മാർക്കറ്റിൽ ഇത്രമാത്രം വില കിട്ടുമെന്ന് അവൾക്ക് മലസ്സിലായി.

അവൾ ഫെയിസ് ബുക്കിലും ബ്ലോഗിലും ട്വിറ്ററിലും മറ്റു സോഷ്യൽ മീഡിയകളിലും നിറഞ്ഞുനിന്നു. അവളുടെ ഇടനിലക്കാരൻ അവളുടെ പ്രിയപ്പെട്ട മൊബൈലായിരുന്നു.

കാലത്തിന്റെ അതിശീഘ്രമായ കുത്തിയൊഴുക്കിൽ അവളുടെ സമ്പാദ്യമെല്ലാം തീർന്നപ്പോൾ അവൾ ആത്മകഥയെഴുതാൻ തീരുമാനമെടുത്തു.

റസിയസുൽത്താന ആത്മകഥ എഴുതാൻ ആഗ്രഹിക്കുന്നു! അവൾ പരസ്യം ഫെയിസ് ബുക്കിൽ പോസ്റ്റ് ചെയ്തു. പത്രങ്ങളിൽ തുടരെത്തുടരെ പരസ്യം വന്നു. അനന്തരം അവളുടെ മൊബൈൽഫോണിന് വിശ്രമമില്ലാതെയായി. ഒന്മറിയാതെ അവളുടെ അക്കൗണ്ടിൽ പണം കുന്നുകൂടുകയായിരുന്നു. അതെ അവൾ ആത്മകഥ എഴുതുകയാണ്.

കവിത

# എത്രനേരം



മിനി - കുന്ദമംഗലം

ഒരു മുകുളത്തിന്നെത്രനേരം
വിടരാതിരിക്കാൻ കഴിയും
വിരിഞ്ഞാലെത്രനേരം
കൊഴിയാതിരിക്കാൻ കഴിയും
ഒരു കുഞ്ഞിളം തെന്നലിനെത്രനേരം
വീശാൻകഴിയും
മേഘത്തിന്നെത്ര നേരം
ആകാശഗംഗയിൽ നീന്താൻ കഴിയും
ഒരു തുഷാരത്തിനെത്രനേരം
പുൽക്കൊടിയിൽ നിൽക്കാൻ കഴിയും
ഗാനത്തിനെത്രനേരം
കാതിൽ തങ്ങിനിൽക്കാൻ കഴിയും
ഒരു ദൃശ്യത്തിനെത്രനേരം
കണ്ണിനെ കുളിരണിയിക്കാൻ കഴിയും
കടലിനെത്രനേരം
ശാന്തമായൊഴുകാൻ കഴിയും
സ്നേഹിച്ചു പോയാലെത്രനേരം
അടുക്കാതിരിക്കാൻ കഴിയും
അടുത്തുപോയാലെത്രനേരം
അകന്നിരിക്കാൻ കഴിയും

കവിത

# ചിങ്ങനിലാവ്



ശിവദാസ് ചെമ്മണ്ട

ഓണനിലാവിന്റെ ചേലൊത്ത കാഴ്ചകൾ
പൂമുഖത്തിണ്ണയിലിരുന്നു കണ്ടു
തങ്കത്തിളക്കത്തിൽ തെങ്ങിന്റെയോലകൾ
തുള്ളിക്കളിച്ചുയുലഞ്ഞീടുന്നു
തെന്നലിൻ ശൃംഗാരഭാവത്തിലൊക്കെയും
പിന്നേയും ചാറ്റൽ പിറന്നീടുന്നു
പേര പഴത്തിനായി ചുറ്റും പറക്കുന്നു
വവ്വാൽ പറക്കുന്നു ചുറ്റും പറക്കുന്നു
തിന്നവർ പിന്നേയും ചുറ്റിപറക്കുന്നു
അമ്പിളി പൂങ്കുലയമ്മാനമാടുന്നു
കാർമേഘകൂട്ടത്തിനുള്ളിലൊളിക്കുന്നു
ഓണകളികളും ആർപ്പുവിളികളും
ഓർമ്മയിലൊക്കെയും തെളിഞ്ഞീടുന്നു
പുള്ളികുയിലിന്റെ നാദമേറി
കേട്ടുസുഖിക്കും കാതുതോറും
ആയിരമായിരം നക്ഷത്രകണ്ണുകൾ
ആകാശഗംഗയിൽ കൺതുറന്നു
കണ്ണിനും കരളിനും ലഹരി പകരുന്ന
ബാല്യത്തിൻ ചിന്തകൾ പൂത്തീടുന്നു
വെള്ളി മേഘത്തിൻതങ്കത്തളികയിൽ
മിന്നുന്ന മങ്ങുന്ന പൂനിലാവ്
പൊന്നോണനാളിൽ പൂക്കളം മുറ്റത്ത്
കോപ്പുകൂട്ടുന്നു അമ്മമാർ പൈതങ്ങൾ
ഓടുന്നു ചാടുന്നു ചങ്ങാതി കുട്ടങ്ങൾ
പട്ടയടിച്ചവർ വട്ടം കറങ്ങിയും
തട്ടിയും മുട്ടിയും ചലിച്ചീടുന്നു.
പായുന്ന വണ്ടികൾ ഉത്രാടപാച്ചലിൽ
മൂളി മുരളിയകന്നീടുന്നു
മവേലി മന്നനെകാണുവാനായിട്ട്
മലയാളി മന്നർ കാത്തിരുന്നു
പൊന്നോണ നാളിലെ ഓർമ്മകൾ പിന്നേയും
മലതാരിൽ മിന്നി മറഞ്ഞീടുന്നു
ഓർമ്മതൻ തീരത്ത് ഓടിക്കളിക്കുവാൻ
ബാല്യമാം സ്വപ്നത്തിൻ തീരത്തേയ്ക്ക്.

കവിത

# വേർപാടിൽ തേങ്ങൽ



ഗിരിജ ലക്ഷ്മണൻ എ.പി

വള്ളിക്കുന്ന് നോർത്ത്
എങ്ങുപോയ് മറഞ്ഞു കണ്ണേ നീ
എന്തിനു ഞങ്ങളെ വിട്ടു പോയി!
അച്ഛനും മുത്തച്ഛന്മാർക്കും ഒരു
കൈതാങ്ങിനുവേണ്ടി പോയതാണോ
അതോ, ഞങ്ങളെ എതിരേൽക്കാനായ്
നീ മുമ്പേ പോയതാണോ
ഭൂമിയിൽ പൂവണിയാത്ത നിൻ മംഗല്യമോഹം
സ്വർഗത്തിൽ വെച്ചു സഫലമായോ!
നീ സ്വർഗത്തിലെ സ്വർണഊഞ്ഞാലാടി
ഉല്ലസിക്കുന്നതെൻ മനക്കണ്ണിൽ തെളിയുന്നു
കോരിച്ചൊരിയന്ന പേമാരിയിൽ
നിൻ വിളി ഞാൻ കേൾക്കുന്നു
മന്ദം വീശുന്ന കുളുർതെന്നലിൽ
നിൻ ഗന്ധം ഞാനറിയുന്നു
മാനത്ത് മിന്നിത്തിളങ്ങും നക്ഷത്രങ്ങളിൽ
നിൻ വദനം ഞാൻ തേടുന്നു
എൻ മനക്കോണിൽ വിളങ്ങുന്ന മുത്തേ
നീ സ്വപ്നത്തിലെങ്കിലും എൻചാരെ, വരുമോ!
മരിക്കാത്ത നിൻ ഓർമ്മകളുമായി കാത്തിരിപ്പൂ
ഞാൻ
നിൻ ആത്മശാന്തിക്കായ് നിത്യവും ഞാനിതാ
കൈതൊഴുന്നേൻ
ഇനിയൊരു ജന്മമുണ്ടെങ്കിൽ കുഞ്ഞനുജാ
നിൻ ചേച്ചിയായ് ഒരമ്മതൻ വയറ്റിൽ പിറക്കേണമേ!





# ഒരിറ്റ്



ഗിരീഷ്മൂഴിപ്പാടം




## മംഗൾയാൻ ചൊവ്വയിൽ

Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Yashodha Printers, Manari for Geethanjali Offset Prints, Kundayithode, Kozhikode

Reg.No:2008/11/2718/D/
RNI EN No: 40980 Date : 10-10-2007
NAKSHATHRARAJYAM MONTHLY
2014 ഒക്ടോബർ 22 മുതൽ നവംബർ 21 വരെ



ക്ഷണക്കത്തുകൾ
കുടുംബസമേതം വീട്ടിലിരുന്നു
തിരഞ്ഞെടുക്കാം...!

WEB SITE:
www.cardsexpo.net

user name cardsexpo
password emporium

Above 4000 varieties
SELECTION & PRINTING


Only one Shop at Mavoor Road

PRINTERS' EMPORIUM
Mofussil Bus Stand Building, Room:11,1st Floor,Mavoor Road, Calicut-4. Kerala
9447 229 615 Ph: 0495-2723590 9656 999 238

M/S KRISHNA
METER SERVICE




13/585 - B4 Near Apsara Theatre,
Calicut - 673002
Ph: 2702760, Mob: 9447337908



We are undertaking Repair & Servicing
of all kinds of Speed Meter
and Electronic fare Meters

Dealers in
Smart Electronic fare meter
for Auto & Call Taxi